# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം - 8 | ലക്കം - 11 | തുലാം - 1191 | നവംബർ 2015



ലോകവീരം മഹാപൂജ്യം സർവ്വരക്ഷാകരം വിഭും
പാർവ്വതീഹൃദയാനന്ദം ശാസ്താരം പ്രണമാമ്യഹം



ന്യൂഡൽഹിയിൽ നടന്ന ഗ്ലോബൽ നായർ സമ്മേളനത്തിൽ വച്ച് എറണാകുളം കരയോഗം നവതി ആഘോഷത്തോടനുബന്ധിച്ചുള്ള ബ്രോഷർ ഇന്ത്യയുടെ മുൻ ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനിജി നവതി ആഘോഷ കമ്മിറ്റി ചെയർമാൻ ജസ്റ്റീസ് ഡോ. കെ. എസ്. രാധാകൃഷ്ണന് നൽകി പ്രകാശനം ചെയ്യുന്നു. കരയോഗം അധ്യക്ഷൻ കെ. പി. കെ. മേനോൻ, പ്രമുഖ സിനിമാതാരം ഭരത് സുരേഷ്ഗോപി, കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) എന്നിവർ വേദിയിൽ.



പൊതുജനസേവനത്തിൽ അമ്പതുവർഷം പൂർത്തിയാക്കി ജീവിതത്തിൽ 75 സംവത്സരങ്ങൾ പിന്നിട്ട കെ.വി. രാമചന്ദ്രന് സുഹൃദ് സംഘം എറണാകുളം രാജ് ടൂറിസ്റ്റ് ഹോമിൽ വെച്ച് നൽകിയ സ്വീകരണം പി.എസ്.സി. ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. വി. ദേവകി രാമചന്ദ്രൻ, ഡോ. വി.എ. അബ്ദുൾ സലാം, കെ.എ. മുരളീധരൻ, കെ.ആർ. വിശ്വംഭരൻ, കെ.വി. രാമചന്ദ്രൻ, എൻ.എ. മുഹമ്മദ് കുട്ടി, എൻ വേണുഗോപാൽ, കെ.എം. ജോർജ്ജ്, ഡോ. സെബാസ്റ്റ്യൻ പോൾ, പ്രൊഫ. കെ. അരവിന്ദാക്ഷൻ, എറണാകുളം കരയോഗം ജനറൽസെക്രട്ടറി പി. രാമചന്ദ്രൻ (വേണു) എന്നിവർ സമീപം.





വയോജനദിനത്തോടനുബന്ധിച്ച് പ്രശാന്തി ഹോം ഫോർ ദ ഏജ്ഡ് സന്ദർശിച്ച ഹൈബി ഈഡൻ എം.എൽ.എ., എൻ. വേണുഗോപാൽ (ജിസിഡിഎ ചെയർമാൻ), എന്നിവരോടൊപ്പം അന്തേവാസികൾ



എറണാകുളം കരയോഗം സാമൂഹ്യസേവന വിഭാഗമായ ചൈത്രത്തിന്റെ എട്ടാമത് വാർഷികം കുസാറ്റ് വൈസ് ചാൻസലർ ഡോ. ജെ.ലത ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. ഡോ.പി.വിജയലക്ഷ്മി മേനോൻ, വിപിൻ റോൾഡന്റ്, കെ.ജി. പ്രകാശൻ, കെ.പി.കെ. മേനോൻ, പി.രാമചന്ദ്രൻ (വേണു), കമൽ ഷെവിമോൻ, കെ.ഭവാനി എന്നിവർ വേദിയിൽ



എറണാകുളം കരയോഗം ഉപനിഷത്ത് വിചാരയജ്ഞം ബഹു: ഹൈക്കോടതി ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. കെ.പി.കെ. മേനോൻ, ആചാര്യൻ സംപൂജ്യസ്വാമി ചിദാനന്ദപുരി, എസ്. രാജൻ നായർ, പി. രാമചന്ദ്രൻ(വേണു) എന്നിവർ സമീപം

വാല്യം 8 ലക്കം 11 നവംബർ 2015

ഉള്ളടക്കം നം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 06 |
| എറണാകുളം കരയോഗം ചാരിറ്റി | 07 |
| വീട്ടമ്മ | 08 |
| എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറം | 09 |
| വാസ്തു | 10 |
| രാഗപരിചയം | 11 |
| അവർണനീയം | 12 |
| ഭാരതീയ പൈതൃക സന്ദേശം | 15 |
| ഡോ. വി. പി. നായർ | 18 |
| വിശേഷ ദിവസങ്ങൾ | 19 |
| ചർച്ചിലിന്റെ അറിയാത്ത മുഖം | 19 |
| ദീപാവലി | 21 |
| യാത്രയ്ക്കൊടുവിൽ | 23 |
| സംവരണവും ജാതി രാഷ്ട്രീയവും | 27 |
| ക്ഷേത്രങ്ങളിലൂടെ | 30 |
| അൽസ്ഹൈമേഴ്സ് ഡിമൻഷ്യ പിക്സ് രോഗം | 31 |
| ദുര്യോധനപർവ്വം | 33 |
| വേറിട്ടൊരാത്മനാദം | 37 |
| പക്ഷാഘാതം | 40 |
| നായവിധിച്ച ശിക്ഷ | 41 |
| World Heart Day | 43 |
| പ്രണയം | 44 |
| നിഴലുകൾ | 45 |
| വദതുസംസ്കൃതം | 48 |
| കാർബൺ | 49 |
| റൂൾ 58 (18) KVAT - 53 | 53 |
| ആദരാജ്ഞലികൾ | 54 |
| മാസഫലം | 55 |
| Mangalyam Matrimonial | 56 |



പത്രാധിപസമിതി

കെ. പി. കൃഷ്ണമേനോൻ

(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ. ടി. മോഹനൻ

എ. മുരളീധരൻ

കെ. പ്രസന്നകുമാർ


# എഡിറ്റോറിയൽ

## അയ്യപ്പൻമാരോടുള്ള അവഗണന അവസാനിപ്പിക്കണം





വൃശ്ചികമാസം ഇങ്ങടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ശരണം വിളികളാൽ നാടു മുഴുവൻ മുഖരിതമാവാൻ ഇനി ദിവസങ്ങൾ മാത്രം ബാക്കി. കഴിഞ്ഞ മകരവിളക്ക് കഴിഞ്ഞ് നട അടച്ചപ്പോൾ മുതലുള്ള ഭക്തജനങ്ങളുടെ കാത്തിരിപ്പ് പൂവണിയുകയാണ് വൃശ്ചികപ്പുലരിയുടെ ആഗമനത്തോടുകൂടി. അയ്യപ്പഭക്തിയാൽ നിറഞ്ഞു കവിയുന്ന മനസ്സും വ്രതശുദ്ധിയാൽ പരിപക്വമാക്കപ്പെട്ട ശരീരവുമായി, പുണ്യപാപങ്ങളുടെ ഇരുമുടിക്കെട്ടും തലയിലേന്തി "സ്വാമിശരണം അയ്യപ്പശരണം" എന്ന ദിവ്യമന്ത്രങ്ങളുരക്കഴിച്ച് മല ചവിട്ടുന്ന ലക്ഷോപലക്ഷം ഭക്തൻമാർ. കേരളത്തിലും, ഭാരതത്തിലും മാത്രമല്ല ഈ വൃതാനുഷ്ഠാനങ്ങൾ നടക്കുന്നതും, ശരണം വിളികളാൽ നാടിനെ ഭക്തിസാന്ദ്രമാക്കുന്നതും. ഇന്ന് ലോകത്തിന്റെ നാനാ ഭാഗങ്ങളിലും അയ്യപ്പഭക്തരുണ്ട്. അവരെല്ലാം വ്രതാനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കാറുണ്ട്. അവിടെ നിന്നെല്ലാം ഭക്തന്മാർ ഭക്തവത്സലനായ ശ്രീധർമ്മ ശാസ്താവിന്റെ ദർശന സൗഭാഗ്യത്തിനായി, അതുവഴി മോക്ഷപ്രാപ്തിക്കായി ശബരീശ സന്നിധിയിലേയ്ക്കെത്തുന്നുമുണ്ട്.

തപസ്സുപോലെ കഠിനമാണ് ഈ വ്രതം. മനസാ, വാചാ, കർമ്മണാ അഹങ്കരിക്കാതെ, ക്ഷമ, ധർമ്മം, ദയ, സ്നേഹം എന്നീ സത് ഗുണങ്ങളാൽ പരിപോഷിപ്പിച്ച്, മനസ്സിനെ ശാന്തമാക്കി, കാഷായ വസ്ത്ര ധാരിയായി, ഭൗതിക ചിന്ത വെടിഞ്ഞ് കാനന വാസനായ അയ്യപ്പന്റെ ദിവ്യരൂപം മാത്രം മനസ്സിൽ നിറച്ചുകൊണ്ട് മൈലുകൾ താണ്ടി യെത്തുന്ന ഭക്തലക്ഷങ്ങളോട് സർക്കാരും, ദേവസ്വം ബോർഡും നീതി പുലർത്തുന്നു ണ്ടോ? ഭക്തസഹസ്രങ്ങളുടെ പരിദേവന ങ്ങൾക്ക് ചെവി കൊടുക്കാറുണ്ടോ? വ്യത നിഷ്ഠയാൽ ക്ഷീണിതമായ ശരീരവു മായെത്തുന്ന ഭക്തർക്ക് വേണ്ട വിധത്തിൽ യാത്രാസൗകര്യമൊരുക്കുവാൻ പോലും തുനിയാത്ത സർക്കാർ നിലപാടിനെ അവഗണന എന്നല്ല ക്രൂരമായ പക്ഷപാത മെന്നല്ലാതെ മറ്റെന്താണ് പറയേണ്ടത്. ശബരിമലക്ഷേത്രത്തിൽ നിന്ന് ഓരോ വർഷവും കോടികളാണ് സർക്കാർ ഖജനാവിലേക്ക് വരുമാനമായി എത്തി ച്ചേരുന്നത്. അതിന്റെ ഒരു ഭാഗം അതു ണ്ടാക്കിത്തരുന്ന അയ്യപ്പൻമാർക്ക് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്നെ ങ്കിൽ എത്ര നന്നായേനേ? സാധാരണയുള്ള യാത്രാക്കൂലിയേക്കാൾ എത്രയോ ഇരട്ടിയാണ് ഈ സാധുക്കളിൽ നിന്നും ഊടാക്കുന്നത്. K S R T C യ്ക്ക് ഓരോ വർഷവും ഉണ്ടാവുന്ന നഷ്ടം നികത്തുന്നത് ഇങ്ങനെ അയ്യപ്പൻമാരെ പിഴിഞ്ഞല്ലേ? സർക്കാർ സമ്പത്തും, സർക്കാർ സംവിധാന ങ്ങളുമെല്ലാം എല്ലാ മതവിഭാഗങ്ങളിൽ പെട്ട വർക്കും തുല്യമായി, അല്ലെങ്കിൽ ജനസംഖ്യാ നുപാതികമായി വീതിക്കുകയല്ലേ ഒരു മതേതര സർക്കാർ ചെയ്യേണ്ടത്? എന്തേ കേരളത്തിലെ മാറി മാറി വരുന്ന സർക്കാരു കളിൽ നിന്നും ഒരു വിഭാഗത്തിന് അത് നിഷേധിക്കപ്പെടുന്നത്?.

കേരള സർക്കാരിന്റെയും, തിരിവതാം കൂർ ദേവസ്വം ബോർഡിന്റെയും പ്രതിനിധി കൾ ഒന്ന് തിരുമല - തിരുപ്പതി ക്ഷേത്രത്തിൽ പോയി അവിടെ ഭക്തജനങ്ങൾക്ക് ചെയ്തു കൊടുക്കുന്ന സേവനങ്ങൾ കണ്ട് പഠിക്കണം. തിരുപ്പതിയിൽ ചെന്നിറങ്ങിയാൽ പിന്നെ ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുന്നതു വരെയുള്ള യാത്രയും ഭക്ഷണവും എല്ലാം അവിടുത്തെ ദേവസ്വം സൗജന്യമായി നല്കുന്നു. ഇവിടെയോ? അന്യനാടുകളിൽ നിന്നും സ്വാമിദർശനത്തിനായി എത്തുന്ന അപരിചിതരായ ഭക്തൻമാരുടെ നിസ്സഹായ തയെ മുതലെടുത്ത് ഏതെല്ലാം തരത്തിൽ അവരിൽ നിന്ന് പണം പിടുങ്ങാമെന്ന ദുഷ്ടലാക്കോടെയല്ലേ നമ്മുടെ കാത്തിരിപ്പ്.

മറ്റുള്ളവർക്ക് നല്കി വരുന്ന സൗജന്യങ്ങൾ ഈ വിഭാഗത്തിന് ലഭിക്കില്ല എന്നറിയാം. എന്നാലും ദയവു ചെയ്ത് സാധാരണയുള്ള നിരക്കനുസരിച്ചുള്ള യാത്രാക്കൂലി മാത്രം വാങ്ങുക, സന്നിധി യിലെത്താനുള്ള നടപ്പുവഴികളും, നടപ്പാത കളും യാത്രക്കനുയോജ്യമാക്കുക, ആവശ്യ ത്തിന് ശൗചാലയങ്ങൾ ഒരുക്കുക, നല്ല ഭക്ഷണപദാർത്ഥങ്ങൾ മിതമായ വിലയ്ക്ക് ലഭിക്കുവാൻ തക്കവണ്ണമുള്ള ഏർപ്പാടുകൾ ചെയ്യുക, വിരി വെയ്ക്കാൻ വേണ്ടും വിധം സൗകര്യം ഒരുക്കുക. പോയ വർഷങ്ങളി ലെപ്പോലെ അപ്പത്തിനും അരവണയ്ക്കും റേഷൻ ഏർപ്പെടുത്താതെ അവ ഭക്തജന ങ്ങൾക്ക് ആവശ്യത്തിന് ലഭ്യമാക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ-ഒരുക്കുക. ഗുണനിലവാര ത്തിൽ വിട്ടുവീഴ്ച ചെയ്യാതെ തുടങ്ങിയ അത്യന്താപേക്ഷിതമായ കാര്യങ്ങളെങ്കിലും നടത്തിക്കൊടുക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡും, കേരളസർക്കാരും തയ്യാറാകണം. അസംഘടിതരെങ്കിലും അവരുടെ കാര്യത്തിലും ശ്രദ്ധ ചെലുത്തേ ണ്ടതും ഒരു ജനാധിപത്യ സർക്കാരിന്റെ കടമയല്ലെ? ഇപ്രാവശ്യമെങ്കിലും അതു ണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

## അറിയിപ്പ്

**എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് മൂന്നുമണിക്ക് ഗീതാ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്**

**Contact No. : 9895986343**

# ജനറൽ സെക്രട്ടറിയുടെ പംക്തി



ഒക്ടോബർ മാസം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ ചൂടിലും പ്രവർത്തനത്തിലും കേരളം സജീവമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഏറ്റവും കൂടുതൽ വർഗ്ഗീയവും വിഭാഗീയവും ആയ ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പ് എന്നു വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. എല്ലാ രാഷ്ട്രീയ പാർട്ടികളും ഭരണപ്രതിപക്ഷ വേർതിരിവില്ലാതെ മതത്തിൻെറയും ജാതിയുടെയും പേരിൽ സ്ഥാനാർത്ഥികൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനങ്ങളെ വിവിധ തട്ടുകളിലേക്കും നിലപാടിലേക്കും മാറ്റി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു. എന്നാൽ ഈ തിരഞ്ഞെടുപ്പ് കൂടുതൽ ആഴത്തിൽ മതത്തിൻെറയും ജാതിയുടെയും പേരിൽ എന്നല്ല ഉപജാതിയുടെ പേരിലും ജനങ്ങളെ വേർതിരിക്കുന്നു. സാധാരണക്കാരൻ ജീവിക്കുവാൻ ബുദ്ധിമുട്ടുന്നു. പയറിൻെറയും, പരിപ്പിൻെറയും അരിയുടെയും പേരിൽ ബുദ്ധിമുട്ടുമ്പോൾ അതിന് പരിഹാരം കാണുവാനോ നിർദ്ദേശം നൽകുവാനോ കഴിയാത്ത രാഷ്ട്രീയം. മനുഷ്യൻ എന്തു ഭക്ഷണം കഴിക്കണം ? എന്തു ഭക്ഷണം കഴിക്കുവാൻ പാടില്ല? കഴിച്ചവനെ എന്തു ചെയ്യണം? കഴിക്കാത്തവനെ എന്തു ചെയ്യണം? ഇത്തരം അനാവശ്യമായ ചർച്ചകളും വിവാദങ്ങളും നമ്മെ അസ്വസ്ഥരാക്കുന്നു.

കേരളത്തിൻെറ മണ്ണിൽ ജാതി രാഷ്ട്രീയം ഉണ്ടായിട്ടുണ്ടെങ്കിൽ അതിൻെറ പൂർണ്ണ ഉത്തരവാദിത്വം ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും തുല്യമാണ്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ പ്രാദേശികമായി ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ചർച്ച ചെയ്യാതെ സാധാരണക്കാരൻെറ അടിസ്ഥാന സൗകര്യമായ റോഡ്, ശുചിത്വം, കാന, കൊതുക്, കുടിവെള്ളം, പ്രാദേശികമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾ, വിശക്കുന്നവന് ഭക്ഷണം, പൊതുജനാരോഗ്യം, എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ എന്നത് സംശയമാണ്. എന്തായാലും ഈ പംക്തി കയ്യിലെത്തുമ്പോൾ തിരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്ത മെമ്പർമാരുടെ ചിത്രം വ്യക്തമായിട്ടുണ്ടാവും എങ്കിലും ഒന്ന് ഓർമ്മപ്പെടുത്തുകയാണ്. നിരന്തരമായ ജാഗ്രതയും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ മേൽസൂചിപ്പിച്ച പ്രശ്നങ്ങളിൽ ഇടപെടുവാനുള്ള സമ്മർദ്ദവും ഓരോ പൗരനിൽ നിന്നും ഉണ്ടാവേണ്ടതാണ്. അടുത്ത മൂന്നു മാസങ്ങൾക്കുള്ളിൽ തന്നെ മറ്റൊരു നിയമസഭ തിരഞ്ഞെടുപ്പ് നമ്മൾ അഭിമുഖീകരിക്കേണ്ടി വരും. അതിനുള്ള ചൂണ്ടുപലക എന്ന നിലയിൽ ഈ വിഷയങ്ങൾ നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കാൻ വേണ്ടിയാണ് ഈ വരികൾ ഇവിടെ കുറിച്ചിരിക്കുന്നത്.

എറണാകുളം കരയോഗത്തിൻെറ ജീവകാരുണ്യ പ്രവർത്തനങ്ങളോടൊപ്പം തന്നെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതുകൊണ്ടാണ് മേൽപറഞ്ഞ ആശയങ്ങൾ ഒരു ചർച്ചയ്ക്ക്, പുനർചിന്തനത്തിന് വച്ചത്. 2015 ഡിസംബർ 21 ന് ആരംഭിക്കുന്ന നവതി ആഘോഷങ്ങളുടെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്ന ഈ സമയത്ത് അംഗങ്ങളുടെ കൂടുതൽ സഹായങ്ങളും നിർദ്ദേശങ്ങളും ഉണ്ടാവണം എന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ബീം നടത്തുന്ന പ്രതിമാസപരിപാടി കെ.പി.എ.സി അവതരിപ്പിക്കുന്ന നാടകം ബഷീറിൻെറ "ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു" നവംബർ20ന് വൈകുന്നേരം 6.15ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗത്തിന്റെ കലാ സാംസ്ക്കാരിക വിഭാഗമായ എറണാകുളം കഥകളി ക്ലബിന്റെ നവംബർ മാസ കഥകളി : കർണ്ണശപഥം, 24–ാം തീയതി വൈകുന്നേരം 6.15 ന് ടിഡിഎം ഹാളിൽ അവതരിപ്പിക്കുന്നു.

കരയോഗത്തിൻെറ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ജനറൽ സെക്രട്ടറി**



# ബാലലോകം



ലക്ഷ്മിദേവി നായർ

*പ്രിയപ്പെട്ട കൂട്ടുകാരെ,*

*എല്ലാവരും സന്തോഷമായി ഇരിക്കുന്നില്ലേ? ആ സന്തോഷത്തിനു കാരണമുണ്ട്. ദൈവസ്നേഹം, ഗുരു സ്നേഹം, മാതൃപിതൃസ്നേഹം, സഹജീവി സ്നേഹം ഇവയൊക്കെ വളർത്തി എടുത്താൽ നിങ്ങൾക്ക് ഒരിക്കലും നിരാശ ഉണ്ടാവില്ല. ദയ, സ്നേഹം, കരുണ തുടങ്ങി എല്ലാ നന്മകളും കൂട്ടുകാരുടെ മനസ്സിൽ എപ്പോഴും ഉണ്ടാവട്ടെ. സന്തോഷത്തിനു നിദാനവും അതു തന്നെയാണ്.*

*ഈശ്വരസ്നേഹത്തിലൂടെ ഇതെല്ലാം കൂട്ടുകാർക്ക് തിരിച്ചറിയാനാവും. ദൈവത്താട് എപ്പോഴും നന്ദിയുള്ള വരായിരിക്കുക. നിങ്ങൾക്കറിയാമോ? എത്രയെത്ര കുട്ടികളാണ് സ്കൂളിന്റെ പടി കാണാനാവാതെ ജീവിക്കുന്നത്. കാണാറില്ലേ അനാഥരായ തെരുവു കുഞ്ഞുങ്ങളെ, ഭക്ഷണത്തിനു വകയില്ലാതെ കഷ്ടപ്പെടുന്നവരെ ഒരു നിമിഷം ചിന്തിക്കൂ. കൂട്ടുകാർ എത്ര ഭാഗ്യവാൻമാരാണ്. നല്ല ആഹാരം കഴിക്കുമ്പോൾ ഇവരെയൊക്കെ ഓർക്കുക. ഒരിക്കലും ഭക്ഷണം പാഴാക്കി കളയരുത് കേട്ടോ. ഭക്ഷണം കഴിക്കുന്നതിനു മുൻപ് ഭഗവദ്ഗീതയിലെ താഴെ കൊടുത്ത നാലുവരി ചൊല്ലാൻ പഠിക്കണം കേട്ടോ.*

**ബ്രഹ്മാർപ്പണം ബ്രഹ്മഹവിർ**
**ബ്രഹ്മാഗ്നൗ ബ്രഹ്മണാഹുതം**
**ബ്രഹ്മൈവതേന ഗന്തവ്യം**
**ബ്രഹ്മകർമ്മ സമാധിനാ.**

*ഇനി നമ്മുടെയെല്ലാം ദേവനായ ശ്രീകൃഷ്ണഭഗവാന്റെ ലീലാ വിലാസങ്ങൾ അടങ്ങിയ ഒരു സ്തുതി പറഞ്ഞു തരട്ടെ. കൂട്ടുകാരെല്ലാം ഇത് സ്വായത്തമാക്കണം. ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ മനോഹരമായ ഭാഗമാണ്.*

**ഗോപബാലന്റെ ശരീരമപ്പോൾ**
**ആപാദചൂഡം നയനാഭിരാമം**
**ആപൂർണ്ണമോദം ബത കണ്ടു കണ്ടു**
**ഗോപാലരാനന്ദ രസേന വാണാർ**
**ചാടായി വന്നു ശകടാസുരൻ താൻ**
**ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ**
**വാടാതെ പാദേന ഹനിച്ചു ബാലൻ**
**ചാടായിരം ഖണ്ഡമതായി വീണു**
**കാൽകൊണ്ടുടൻ ചാടു തകർത്തു മേവും**
**കാർവർണനെ ചെന്നു കരേ ഗൃഹീത്വാ**
**ആശുന്നവണ്ണം തിരുനാമമോതി**
**ശോകം വിനാ വാണു യശോദതാനും.**

*ഇതിന്റെ അർത്ഥം അറിയാമോ കൂട്ടുകാർക്ക്. കേട്ടോളൂ.*

*ശ്രീകൃഷ്ണ ഭഗവാന്റെ മനോഹര മായ ശരിരത്തെ അടിമുടിയോളം കണ്ട് തികഞ്ഞ ആനന്ദത്തോടെ ഗോപാല ബാലൻ മാർ വസിക്കുന്ന കാലത്ത് ശകടൻ എന്ന അസുരൻ ഒരു കളിവണ്ടിയായി വന്ന് ഭഗവാന്റെ മേനിയെ കാലുകൊണ്ട് ഇടിച്ചു. ശ്രീകൃഷ്ണനാകട്ടെ ഏറെ ലാഘവത്തോടെ തന്റെ കുഞ്ഞിക്കാലുകൊണ്ട് ഒന്നു പ്രഹരിച്ചു . നിമിഷം കൊണ്ട് തന്നെ ആ കളിവണ്ടി ആയിരം കഷ്ണങ്ങളായി ചിതറി വീണു. ഇത് കണ്ട് അമ്മ യശോദ ഉണ്ണിയുടെ അടുത്തെത്തി ഭഗവാനെ വാരിയെടുത്ത് തിരുനാമം ജപിച്ചു.*



# കാലചക്രം

സ്വർണ്ണലത നന്ദകുമാർ

പച്ചപ്പട്ടു വിരിച്ച പാടങ്ങൾ ഇന്നു
കട്ടകൾ നീറ്റിടുംകട്ടക്കളങ്ങളായ്
വിത്തുംകൈക്കോട്ടുമായ് പാടത്തുപോകുന്ന
കർഷകനോയിന്നു നിശ്ചല ദൃശ്യമായ്
മണ്ണിന്റെ  മക്കൾക്കു മണ്ണുവേണ്ട
മണ്ണിന്റെ ഗന്ധം മറക്കാൻ ശ്രമിച്ചവർ
വിണ്ണിന്നുയരോളംകെട്ടുന്നു ഫ്ളാറ്റുകൾ
ശീതികരിച്ച ശയനമുറികളിൽ

ദൂരദർശൻ കണ്ടു ഉണ്ടും കുടിച്ചും
സുഖമായുറങ്ങുന്നു മരപ്പാവകളെന്നപോൽ
മക്കളുണ്ട് രണ്ട്, രണ്ടും മറുനാട്ടി
ലെത്തിടും വർഷത്തിൽ രണ്ടു തവണയായ്
അന്ത്യസമയമടുക്കുന്നനേരത്തൊരിത്തിരി
യാശ്വാസമേകാനായാളില്ലരികത്ത്
പണത്തിന്ന് പിന്നാലെ ഓടുന്നമാനവർ
പിണത്തിന്നുതുല്യരായിത്തീരുന്നവസാനം

## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 ഒക്ടോബർ മാസത്തിൽ സംഭാവനനൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. സുജാത നായർ, മുല്ലോത്ത് 3 സി, സ്കൈലൈൻ ലഗൻസി അപ്പാർട്ടമെന്റ്സ് ഇ.എസ്. ഐ. റോഡ്, എറണാകുളം | 23,000 |
| 2. | സിസ്റ്റേഴ്സ് ഓഫ് ഗീതാഭവൻ, ഗിതാഭവൻ, നോർത്ത് പറൂർ | 12,000 |
| 3. | ശ്രീമതി . രേഖ, 9 എ, ഒലിവ്ഹൈറ്റ്സ്, കെ.പി. വള്ളോൻ റോഡ്, കടവന്ത്ര, കൊച്ചി | 10,000 |
| 4. | ശ്രീമതി. ശ്രീലതചന്ദ്രൻ, അഞ്ജലി, കാരിക്കാമുറി ക്രോസ് റോഡ് ,കൊച്ചി | 10,000 |
| 5. | ശ്രീ. ടി. വേണുഗോപാൽ, ഫ്ളാറ്റ് നമ്പർ 9 ഡി, ഓട്ടം ഡെയ്ൽ,വിദ്യാനഗർ കടവന്ത്ര, കൊച്ചി 682020 | 10,000 |
| 6. | റെയ്ഡോ ടെക്നോളജീസ് | 5,000 |
| 7. | ശ്രീ. സുരേഷ് ബാബു. ആർ, ഗൗരി, 4 /502, മരട് പി.ഒ, എറണാകുളം | 5,000 |

### നവരാത്രി എൻഡോവ്മെന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. മാലതി. ജി. മേനോൻ, പാർവണേന്ദു സ്കൂൾ ഓഫ് തിരുവാതിര | 25,000 |

### സ്കോളർഷിപ്പ് എൻഡോവ്മെന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. സുഭദ്ര പണിക്കർ, കളത്തിൽ പറമ്പിൽ ഹൗസ്, ലായം റോഡ്,കൊച്ചി | 5,000 |

(കവിത)

# വീട്ടമ്മ

പി.ബാലഗോപാലൻ

ജോലിക്കാണേൽ കൂലിയുമില്ല പാലിക്കാനായ് നിയമവുമില്ല
സൂര്യനുമുമ്പേ ജോലി തുടങ്ങും, സ്ഥാനപ്പേരോ വീട്ടമ്മ
അവധികളെന്നത് കേട്ടിട്ടില്ല, വിശ്രമമെന്നോരനുഭവമില്ല
ഉല്ലാസത്തിന് സമയവുമില്ല, കൂടെ പണിയാനാരും ഇല്ല.

ബ്രേക്കില്ലാത്തൊരുചക്രം പോലെ ഒന്നു കഴിഞ്ഞാൽ മറ്റൊന്ന്
എന്ന കണക്കെ പണിയിൽ മുഴുകാൻ ഭാഗ്യം ചെയ്തൊരു സ്ത്രീജന്മം
ഏന്തി വലിഞ്ഞു കയറ്റം കയറും ഓടിക്കൊണ്ട് ഇറക്കമിറങ്ങും
ഇങ്ങിനെയുള്ളോരീയമ്മക്ക് ദിനരാത്രങ്ങൾ നിമിഷം പോലെ

കാലിയായ ഇന്ധനമായിട്ടാരംഭിക്കുന്നീയോട്ടം
തെല്ലു ശമിക്കാൻ പിള്ളേരൊന്ന് ക്ലാസ്സിൽ പോയി കിട്ടേണം
വീട്ടച്ഛന്റെ നിർബന്ധങ്ങൾ ഓരോന്നായി തീർക്കേണം
അദ്ദേഹത്തെ ഓഫീസ് സമയം ആവും മുമ്പെ അയക്കേണം

മുറികൾ മുഴുവൻ അടിച്ചു വാരി തുടച്ചിടാനും സമയായി
തുണികളലക്കി വെയ്‌ലുള്ളപ്പോൾ തോരിയിടാനും നേരായി
കുളിമുറി കഴുകി കുളിച്ചു വരുമ്പോൾ വൈകുന്നേരമടുക്കാറായ്
ഫ്രിഡ്ജിനകത്തെ പഴയവയെല്ലാം ചൂടാക്കീട്ടകത്താക്കാറായ്

പിള്ളേരങ്ങ് വിശന്നു വരുമ്പോൾ പലഹാരങ്ങളൊരുക്കാറായ്
ഓഫീസ് ജോലി കഴിഞ്ഞെത്തുമ്പോൾ ചായേം കൂട്ടിചെല്ലാറായ്
അത്താഴത്തിൻ വിഭവമൊരുക്കാൻ ശ്വാസമടക്കിപണിയാറായ്
ഒറ്റക്കാളവലിക്കും പോലെ ഓരോന്നായി ചെയ്യുകയായ്

ആഴ്ചയിലേഴും മാസം മുപ്പതും ഇങ്ങിനെ പണിയും വർഗ്ഗത്തെ
ജോലില്ലാത്തവരായിട്ടാണ് ലോകം മുഴുവൻ കാണുന്നേ
ഇവരെപോലെ പണിചെയ്യുന്ന ജീവികളില്ല ലോകത്ത്
അദ്ധ്വാനിക്കുന്നിവരില്ലെങ്കിൽ ഓരോ വീടും നരകസമം



(കവിത)



# കനൽത്തരികൾ



പറവൂർ രാജഗോപാൽ

ഉലയൂതി തെളി -
ച്ചുമി പാറ്റി വേണം
കനൽ ചുവക്കെ
കത്തിച്ചാളിക്കാൻ കനൽ.

സ്വപ്നം മിന്നുന്ന മോഹക്കല്ലുകൾ
പെറുക്കി വെച്ചുണ്ടാക്കിയ
കൂടാരക്കെട്ടിനുള്ളിൽ പുകയുന്നു
തീയണയാത്തൊരു തരി.

കാൻവാസിൽ
ചായം തേച്ചു മിനുക്കിയ
ചിത്രക്കൂട്ടിൽ ചിതയെരിഞ്ഞു തീർന്ന-
തൊരിത്തിരി മാത്രയാലേ.
കടൽ കരയിലെഴുതിയ
കവിതയെന്റെ
കദനമുരുകും കാവ്യമല്ലൊ,

തിരയെടുത്തു തുടച്ചുമായ്ച്ച-
വരികളെൻ പ്രിയവിരഹമല്ലൊ.
ചിതലരിച്ചു പുഴുത്തപുണ്ണിൽ
കൊള്ളിവെയ്ക്കുവതാരോ-
തിരിവിളക്കു തെളിച്ചു തനിയെ
വഴി നടത്തുവതാരോ?


നീ വിതച്ചവയോരോന്നും
മുളപൊട്ടും സുനിശ്ചിതം
നാളെയാവിനോദമോരോന്നും
തണൽ വേനലുകൾ തീർത്തിടും.

വെയിൽ മുറ്റത്തുണക്കാനിട്ടൊ-
രെൻ വയൽപ്പൂവിൻ കുഞ്ഞുടുപ്പിൽ
കനൽ നാളം വെന്തെരിഞ്ഞൊ-
രോർമ്മയായ്, ഇന്നേഴുവർഷം!

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം

### നവംബർ – ഡിസംബർ മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 19.11.15 | ലക്ഷ്മിദേവി. പി. നായർ | ആർ. പി. നായർ | ശങ്കരാചാര്യരുടെ ഐതികാസികമായ യാത്രകളുംഹിന്ദു മതത്തിന്റെ പുനരുദ്ധാരണവും | ശ്രീ. ടി. എസ്. പിള്ള | 849 |
| 26.11.15 | | കെ.ജി.പത്മനാഭപിള്ള | ജനറൽ ക്വിസ് | കെ.ജി. പത്മനാഭ പിള്ള | 850 |
| 03.12.15 | ഡോ. സുന്ദരി.ജി. മേനോൻ | പി.ജയരാമൻ | പുസ്തക പരിചയം | പി.ജയരാമൻ | 851 |
| 10.12. 15 | കെ. വിജയൻ | എ. ആർ. പണിക്കർ | സ്ത്രീ ശാസ്തീകരണവും കുടുംബ ഭദ്രതയും | ശ്രീ. ടി.കെ.ശ്രീകുമാരൻ നായർ | 852 |




വാസ്തുവിന്റെ വാസ്തവം

# പുതിയ ബിസിനസ്സ് സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ



**ശ്രീ പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനിയർ, വാസ്തു വിദഗ്ദ്ധൻ

അടുത്ത കാലത്തായി ഒരു കട പരിശോധിക്കാൻ ഇട വന്നു. ആ സ്ഥലത്ത് അതിനു മുൻപ് നല്ല രിതിയിൽ പ്രവർത്തിച്ചിരുന്ന ഒരു കട പൂട്ടിയശേഷം ഏറ്റെടുത്തതാണ്. ഇപ്പോൾ ഏറ്റെടുത്ത ആൾ ഈ കട വാങ്ങിയതിൽ നാലാമത്തെ ആളാണ്. ആദ്യമായി കട വാങ്ങിയ ആൾ കട നടത്താൻ പറ്റാതെ വിറ്റു. രണ്ടാമതു വാങ്ങിയ ആൾ ഒരു കൊല്ലം കട നടത്തിയെങ്കിലും നഷ്ടത്തിലായതുകൊണ്ട് മറ്റൊരാൾക്കു വിറ്റു. അദ്ദേഹം ഒരു കൊല്ലം നടത്തി നഷ്ടം വന്നതിനാൽ വില്ക്കുകയായിരുന്നു. പുതിയ ആൾ വാങ്ങിയ ശേഷമാണ് എന്നെ വിളിച്ച് പരിശോധിച്ചശേഷം കട തുടങ്ങുവാൻ തിരുമാനിച്ചത്.

പരിശോധിച്ചപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

പടിഞ്ഞാറു വശത്ത് റോഡുള്ള കട പടിഞ്ഞാട്ടു ദർശനമായിട്ടാണ് പണിഞ്ഞിരിക്കുന്നത്. കടയുടെ തെക്കു വശത്ത് വളരെ പേരുള്ള ദേവിക്ഷേത്രമാണ്. ദേവി വടക്കോട്ടു ദർശനമായിട്ടാണ് ഇരിയ്ക്കുന്നത്. കടയിൽ കാശു വാങ്ങിക്കുന്ന ആൾ കടയുടെ പടിഞ്ഞാറു വടക്കു വശത്ത് തെക്കോട്ടു തിരിഞ്ഞ് ദേവിക്ഷേത്രം കാണത്തക്കവിധമാണ് ഇരുന്നിരുന്നത്.

കടയിലേക്ക് കയറുന്ന പ്രധാന വാതിൽ കടയുടെ പടിഞ്ഞാറ് തെക്കു വശത്തുകൂടിയാണ്.

കട സാമാന്യം വലിയ മൂന്നു നിലയുള്ള കെട്ടിടമാണ്. കട പരിശോധിച്ചതിൽ കടയിലേക്ക് രണ്ടു സ്റ്റെയർ കേസുകളുണ്ട്. ഒന്ന് തെക്ക് പടിഞ്ഞാറെ മൂലയിലും, മറ്റൊന്ന് വടക്കു കിഴക്കു മൂലയിലുമാണ്. വടക്കു കിഴക്കെ മൂലയിലെ സ്റ്റെയർകേസ് പൊളിച്ചു കളഞ്ഞു. തെക്കു പടിഞ്ഞാറെ മൂലയിലെ സ്റ്റെയർ കേസ് കിഴക്കോട്ടു മാറ്റി മദ്ധ്യത്തിലാക്കി. ക്യാഷ്യറുടെ സ്ഥാനം തെക്കു പടിഞ്ഞാറ് ഭാഗത്ത് വടക്കോട്ടു തിരിച്ചിരുത്തി. പ്രധാന വാതിൽ പടിഞ്ഞാറ് വടക്കോട്ടു മാറ്റി. ഇപ്പോൾ കട ഒരു വിധം നന്നായിട്ടു പോകുന്നു. ഇപ്പോൾ ഒരു ദിവസം നാലു മുതൽ അഞ്ചു ലക്ഷം രൂപ വരെ കച്ചവടം നടക്കുന്നു.

പുതിയ കട തുടങ്ങുമ്പോൾ കടയുടെ മുഖം, പ്രധാന വാതിൽ , ക്യാഷ്യർ ഇരിക്കുന്ന സ്ഥലം, കടയുടെ ഫ്ളോർലവൽ എന്നിവ വളരെ പ്രധാനപ്പെട്ടതാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയ ങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

(രാഗപരിചയം)

# നാട്ട



ഡോ. ജയലക്ഷ്മി നന്ദകുമാർ

36 ാമത്തെ മേളകർത്താ രാഗമായ ചലനാട്ടയുടെ ജന്യരാഗമാണ് നാട്ട. ഒരു മംഗള രാഗമായിട്ടാണ് നാട്ട രാഗത്തെ സംഗീതലോകത്ത് കണക്കാക്കുന്നത്. കച്ചേരിയും മറ്റു സംഗീത രൂപങ്ങളും ആരംഭിക്കുവാൻ ഏറ്റവും ശോഭിക്കുന്ന രാഗമാണിത്. വിനായകനെ സ്തുതിച്ചു കൊണ്ടുള്ള അനേകം കൃതികളാണ് നാട്ട രാഗത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഘന പഞ്ചകരാഗങ്ങൾ എന്ന രാഗസമൂഹത്തിലെ ഏറ്റവും ആദ്യത്തെ രാഗമാണ് നാട്ട. (നാട്ട, ഗൗള, ആരഭി, വരാളി, ശ്രീ) ത്യാഗരാജസ്വാമികളുടെ ഘനരാഗത്തിലുള്ള പഞ്ചരത്ന കൃതികളിൽ ആദ്യത്തെ കൃതിയായ 'ജഗദാനന്ദകാരക' നാട്ട രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി പ മ രി സ

ആരോഹണത്തിൽ ഏഴും അവരോഹണത്തിൽ അഞ്ചും സ്വരങ്ങൾ വരുന്നതിനാൽ നാട്ട ഒരു സമ്പൂർണ്ണ ഔഡവ രാഗമാണ്. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഒരു ഉപാംഗ രാഗവും ആകുന്നു.

സ്വരസ്ഥാനങ്ങൾ: ഷഡ്ജം, ഷഡ്ശ്രുതി രിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ഷഡ്ശ്രുതി ധൈവതം, കാകളി നിഷാദം. ഷഡ്ശ്രുതി രിഷഭം, സാധാരണഗാന്ധാരത്തിനു തുല്യമായതും ഷഡ്ശ്രുതി ധൈവതം, കൈശികി നിഷാദത്തിനു തുല്യമായതും ആകുന്നു. അതിനാൽ ഫലത്തിൽ സാധാരണ ഗാന്ധാരം അന്തരഗാന്ധാരം, കൈശികി നിഷാദം കാകളി നിഷാദം എന്നീ സ്വരങ്ങൾ അടുത്തടുത്തു വരികയാൽ നാട്ട രാഗത്തെ വിവാദി രാഗം എന്നും ചലനാട്ടയെ വിവാദി മേളം എന്നും വിളിക്കുന്നു.

ധൈവതം സാധാരണയായി നാട്ട രാഗത്തിലുള്ള കൃതികളിൽ പ്രയോഗിക്കുന്ന പതിവ് ഇല്ല. മദ്ധ്യമ കാലത്തിലും ജണ്ഡധാട്ട് പ്രയോഗങ്ങളിലും ശോഭിക്കുന്നു. സർവ്വകാലിക രാഗമാണെങ്കിലും സന്ധ്യാസമയം കൂടുതൽ അനുയോജ്യം. വീരരസപ്രധാനമായ രാഗമാണിത്. നായകന്റെ വീരകൃത്യങ്ങൾ, ധീരത എന്നിവ പ്രകടമാക്കുവാൻ ഉത്തമം. ഭക്തി, വാത്സല്യം എന്നീ ഭാവങ്ങൾ കൂടി പ്രതിഫലിപ്പിക്കുവാൻ നാട്ട രാഗത്തിനു സാധിക്കും. മൂന്നു സ്ഥായികളിലും സഞ്ചാര സ്വാതന്ത്ര്യം ഉള്ള രാഗമാണിത്. ശ്രോതാക്കളിൽ ഒരു ഉണർവ്വ് പ്രദാനം ചെയ്യുന്ന രാഗമാണ്.

വളരെ പുരാതന രാഗമായതിനാൽ സംഗീത രത്നാകരം, സംഗീതമകരന്ദം, സംഗീത സമയസാരം തുടങ്ങിയ ലക്ഷണഗ്രന്ഥങ്ങളിൽ നാട്ട രാഗത്തിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. തമിഴ് സംഗീതത്തിലെ നാട്ടപ്പാടി എന്ന പൺ നാട്ട രാഗവുമായി സാമ്യത പുലർത്തുന്നു. നാട്ട രാഗത്തിലെ രിഷഭവും ധൈവതവും ഒഴിവാക്കിയാൽ ഗംഭീരനാട്ട രാഗമാവും ലഭിക്കുക. (സഗമപനിസ സനിപമഗസ)

നാട്ടയോടു സാമ്യതയുള്ള ഗംഭീരനാട്ടയിലാണ് ക്ഷേത്രങ്ങളിൽ ഭഗവാനെ പുറത്തേക്കു എഴുന്നെള്ളിക്കുന്ന സമയത്ത് നാഗസ്വരത്തിൽ 'മല്ലാരി' എന്ന പ്രത്യേക ചിട്ടയിലുള്ള ഈണം വായിക്കാറുള്ളത്. ഹിന്ദുസ്ഥാനി സംഗീതത്തിലെ ജോഗ് എന്ന രാഗവുമായി നാട്ട രാഗത്തിനു ഏകദേശ സാമ്യം ഉള്ളതായി കാണാം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | സരസീജനാഭ (വർണ്ണം) | ആദി | പരമേശ്വര ഭാഗവതർ |
| 2. | മഹാഗണപതിം | ആദി | മുത്തുസ്വമി ദീക്ഷിതർ |
| 3. | സ്വാമിനാഥ പരിപാലയാശുമാം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 4. | ജഗദാനന്ദ കാരക | ആദി | ത്യാഗരാജസ്വാമി |
| 5. | സൂര്യകോടി സമപ്രഭാ മകുടേ | ചാപ് | കുട്ടിക്കുഞ്ഞു തങ്കച്ചി |

## ചലച്ചിത്ര ഗാനങ്ങൾ

| | | |
|---|---|---|
| 1. | ശ്രീരാമനാമം | നാരായം |
| 2. | ഗോപാംഗനേ | ഭരതം |
| 3. | പൊൻപുലരൊളി | ഇത്തിരിപൂവേ ചുവന്ന പൂവേ |
| 4. | മനസ്സിൽ മിഥുനമഴ | നന്ദനം |
| 5. | തിരുവരങ്ങിൽ | ഉടയോൻ |
| 6. | എന്തെടീ എന്തെടീ | ശിക്കാർ |
| 7. | നറുമുഗയേ | ഇരുവർ (തമിഴ്) |
| 8. | അയ്യങ്കാർ വീട്ട് അഴഗേ | അന്യൻ (തമിഴ്) |
| 9. | ചലേ ചലേ | ലഗാൻ (ഹിന്ദി) |
| 10. | ശ്രീവാഴും പഴവങ്ങാടിയിലെ (ഭക്തിഗാനം) | ഹരിശ്രീ പ്രസാദം |
| 11. | വിഘ്നേശ്വരാ ജന്മനാളികേരം (ഭക്തിഗാനം) | പുഷ്പാഞ്ജലി |



തുടർച്ച...

പത്മജ മേനോൻ

# അവർണ്ണനീയം

കുറച്ചു നാളുകൾക്കുശേഷം ശബ്ദം കേട്ടുതിരിഞ്ഞു നോക്കിയപ്പോൾ രണ്ടു അപരിചിതർ ഞങ്ങൾ നെൻമാറ, വല്ലങ്ങിവേലയുടെ സംഘാടകരാണ്. ആകാര ഭംഗി കൊണ്ടും, ലക്ഷണം കൊണ്ടും കരിവീട്ടിപോലിരിക്കുന്ന ഗജകേസരിയായ തന്റെ കുട്ടിശങ്കരൻ എന്ന ഗജരാജനെ വേലക്ക് എഴുന്നെള്ളിക്കുവാൻ വേണ്ടി ഉറപ്പിക്കുവാൻ വന്നവരാണ് അവർ.

ആധുനിക ലോകത്തിന്റെ ജീവശ്വാസമായ പണം എന്ന കൈമാറ്റവസ്തു എനിക്കിപ്പോൾ ആവശ്യത്തെക്കാൾ അത്യാവശ്യമായി മാറിയിരിക്കുന്നു. അതുകൊണ്ട് തന്നെ അച്ഛന്റെ ആദർശങ്ങളെയെല്ലാം കാറ്റിൽ പറത്തി കൊണ്ട് ഏറ്റവും വലിയ തുക ആരു തരുന്നുവോ അവർക്ക് കുട്ടിശങ്കരൻ എഴുന്നള്ളത്തിന് വരും എന്ന് താൻ ഉറപ്പ് കൊടുത്തു. ലേലത്തിൽ ആരാണ് കൂടുതൽ തുക എഴുതുക എന്നറിയാതെ അവർ മടങ്ങി. അച്ഛനായിരുന്നു കുട്ടിശങ്കരന്റെ പാപ്പാൻ പകൽ സമയത്തു ഉത്സവപറമ്പിലും രാത്രിയുടെ യാമങ്ങളിൽ കഥകളി അരങ്ങത്തുമായി അച്ഛൻ അഹോരാത്രം ഓടിനടന്നിരുന്നു. പിന്നീട് കുട്ടിശങ്കരന് ഒരു പാപ്പാനെ കണ്ടെത്താനുള്ള ശ്രമമായിരുന്നു. ദിവസങ്ങൾക്കുള്ളിൽ തന്നെ ഒരാളെ തരപ്പെടുത്തി. പാപ്പാൻ പറയുന്നത് ഒന്നും അവൻ അനുസരിക്കുന്നില്ല. അവൻ ചിന്നം വിളിച്ച് വരുന്നവരെയെല്ലാം ഓടിക്കുവാൻ തുടങ്ങി. ഞാൻ പറഞ്ഞാൽ ഒരു അസുരണയുള്ള കുട്ടിയെപ്പോലെ അവൻ അനുസരിക്കും. ഞാനും കുട്ടിശങ്കരനും ഒന്നിച്ചാണ് വളർന്നത്. ആന സ്നേഹിയായ അച്ഛന് വിദേശിയായ ഒരു ശിഷ്യൻ വാങ്ങി കൊടുത്തതാണ് കുട്ടിശങ്കരനെ. കുളിപ്പിക്കുവാൻ കൊണ്ടുപോയ പാപ്പാനെ അവൻ കുത്തി മുറിവേൽപ്പിച്ചു ഭാഗ്യത്തിനാണ് ജീവൻ തിരിച്ചു കിട്ടിയത്. ചികിത്സ ചെലവിനുള്ള പണം കൊടുത്ത് പാപ്പാനെ തിരിച്ചയച്ചു.

അമ്മയുടെ നിർബന്ധപ്രകാരം വേദനയോടെയെങ്കിലും, കുട്ടിശങ്കരനെ വിൽക്കുവാൻ തീരുമാനിച്ചു. അവനെ വാങ്ങുവാൻ ആളുകൾ മത്സരിക്കുകയായിരുന്നു. ഒരാൾക്ക് കച്ചവടം ഉറപ്പിച്ചു ആനയെ കൊണ്ടു പോകുവാൻ വന്ന ആളെ അവൻ തുമ്പി കൈകൊണ്ട് എടുത്ത് എറിഞ്ഞു. വാങ്ങാൻ വന്ന ആളുകൾ ഭയന്ന് പണം തിരികെ വാങ്ങി തിരിച്ചു പോയി. ഒരു കാര്യം അവൾക്ക് മനസ്സിലായി കുട്ടിശങ്കരൻ ആരു പറഞ്ഞാലും അനുസരിക്കില്ലെന്നും, അവൻ ഒരിക്കലും ഞങ്ങളെ വിട്ട് പോകില്ലെന്നും പിന്നീട് അവൾ ഒരു ആനക്കാരിയായി മാറുവാൻ സർവ്വത്മനാ തയ്യാറാകുകയായിരുന്നു. അമ്മ പൂജാമുറിയിൽ സദാ സമയവും

ഇരുപ്പുറപ്പിച്ചു. ദാരിദ്ര്യവും, വൈധവ്യവും പരസ്പര പൂരകങ്ങളാണെന്ന് അവൾക്ക് തോന്നി മരണത്തെക്കാളും ഭക്തിയെക്കാളും വലുതായ വിശപ്പെന്ന പ്രപഞ്ചസത്യത്തെ അവൾ തിരിച്ചറിഞ്ഞു. താമസിയാതെ അവൾ കുട്ടിശങ്കരനുമായി എഴുന്നള്ളത്തിന് പോകുവാൻ തുടങ്ങി. അവന് അവൾ എന്നും താമര മൊട്ടുമാല വാങ്ങി ഇട്ടുകൊടുക്കുമായിരിന്നു. അപ്പോൾ അവന്റെ പ്രൗഢി ഒന്നുകൂടി കൂടും. ആനക്കാരിയായ തന്നെ നാട്ടുകാരെല്ലാം അത്ഭുത ജീവിയായി നോക്കി നിന്നു. ജീവിതം നിരാശകൾ നമ്മൾക്ക് സമ്മാനിക്കുന്നത് പലർക്കും അത്ഭുത കഥകളായി തോന്നി രസിക്കുന്നുണ്ടാവും പക്ഷേ അതു അനുഭവിക്കുന്നവരുടെ മാനസികവ്യഥ ആരും ഓർക്കാറില്ല. അമ്മ തന്റെ ഭാവിയോർത്ത് ഉൽകണ്ഠപ്പെട്ടുകൊണ്ടിരുന്നു.

ആകാശം മുട്ടെ ഉയരത്തിൽ അരോഗ ദൃഢഗാത്രനായി നെറ്റിപ്പട്ടം കെട്ടി, തിടമ്പും വെച്ച് കുടമണിയും, താമരമൊട്ടു മാലയും ഇട്ട് കുട്ടിശങ്കരൻ ചെവികൾ ആട്ടി ഒരു ജേതാവിനെ പോലെ തലയുർത്തി നില്ക്കുമ്പോഴും അവന്റെ കൊമ്പിൽ പിടിച്ചു നിന്ന താനാണ് താരമായത്. ആ നിമിഷത്തിൽ അവൾ അഭിമാനം കൊള്ളുകയായിരുന്നു. ജീവിത യാഥാർത്ഥ്യങ്ങളുമായി അവൾ പൊരുത്തപ്പെട്ടു തുടങ്ങി. അപ്പോഴാണ് ഇടിവെട്ടെറ്റ പോലെ ആ ദുരന്തം അവളെ കാത്തിരുന്നത്. അമ്മയുടെ ആകസ്മികമായ മരണം. കാലങ്ങളെറെയായി വേദനകൾ തനിക്കു ചുറ്റും പത്തിവിടർത്തി ആടുകയാണ്. വിധിയുടെ ക്രൂരവിനോദത്തിൽ ജീവിതം തകർന്നു തരിപ്പണമായി മാറുമ്പോൾ ലോകത്തോട് തന്നെ അവൾക്ക് തീരാത്ത പക തോന്നി. ഊർജ്ജം വറ്റിപോയ പകൽകാലവും ഇരുളിൽ രൂപങ്ങളില്ലാത്ത നിശബ്ദശബ്ദങ്ങളും അവളെ അലോസരപ്പെടുത്തി. ഒരു മാറ്റം അനിവാര്യമാണെന്ന് അവൾക്ക് ഒരു ഉൾ പ്രേരണയുണ്ടായി. ദുരിത മോഹങ്ങൾക്കു മുകളിൽ അവൾ കണ്ട സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി അവൾ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പഠിക്കുവാൻ തുടങ്ങി.

എല്ലാം ഉത്തരവാദിത്വങ്ങളും കുട്ടിശങ്കരൻ ഏറ്റെടുത്തതുപോലെ തോന്നി. പൂരപ്പറമ്പുകൾ തോറും ഞങ്ങൾ ഓടിനടന്നു. ഗജവീരൻമാരുടെ അകമ്പടിയിലും വാദ്യഘോഷങ്ങളുടെ ദ്രുത താളത്തിലും ഉത്സവ പറമ്പുകൾ മുഖരിതമായപ്പോഴും അവൾ അവന്റെ കാലിൽ ചാരിയിരുന്ന് പരീക്ഷക്ക് തയ്യാറാകുവാൻ പഠിച്ചുകൊണ്ടിരുന്നു. കുട്ടിശങ്കരന് തന്നെ വല്യ ശ്രദ്ധയായിരുന്നു. തന്റെ അരികിലൂടെ ആരെയും പോകുവാൻ അനുവദിക്കില്ല. വന്നവർ അവന്റെ തുമ്പി കൈയിന്റെ ചൂട് അറിഞ്ഞു. രാത്രി കാലങ്ങളിൽ പൂരപ്പറമ്പിൽ കുട്ടിശങ്കരന്റെ നാലു കാലുകൾക്കിടയിൽ താൻ പായവിരിച്ച് കിടക്കുമ്പോൾ അടച്ചു പൂട്ടിയ വീട്ടിനുള്ളിൽ കിടക്കുന്നതിനെക്കാൾ അവൾക്ക് സുരക്ഷിതത്വം തോന്നി. അതിരാവിലെ തന്നെ അവൻ തുമ്പിക്കൈകൊണ്ട് തന്നെ തൊട്ട് വിളിച്ചുണർത്തു മായിരുന്നു. പുഴയിൽ കുളിക്കുമ്പോൾ അങ്ങോട്ട് ആരും വരാതെയിരിക്കുവാൻ അവൻ തനിക്ക് കാവൽ നില്ക്കും. തന്റെ നീണ്ട ഇടതൂർന്ന മുടി കുട്ടിശങ്കരൻ തുമ്പികൈയിൽ തോർത്ത് ഇട്ട് തോർത്തി തരുമായിരുന്നു. നാട്ടുകാർക്ക് അതൊരു ആനന്ദക്കാഴ്ചയായി മാറി.

ഉത്സവം കഴിഞ്ഞ് മടങ്ങുന്ന വഴി കുറച്ചു നടന്നാൽ അവൻ തുമ്പിക്കൈയ്യിനെ വളച്ചു പിടിക്കും. അതിൽ താൻ കയറി ഇരിക്കും. ആദ്യമൊക്കെ ഒരാളെ തൂക്കി ആന നടന്നു വരുന്നതു കണ്ട് ജനങ്ങൾ പരി ഭ്രാന്തരായി ഓടി മറയുമായിരുന്നു. പിന്നീട് അത് നാട്ടുകാർക്ക് ശീലമായി. കുട്ടികൾ തന്നെ ആന പാപ്പാത്തി എന്ന ഓമന പേരിൽ വിളിക്കുവാൻ തുടങ്ങി. സത്യത്തിൽ കുട്ടിശങ്കരൻ തനിക്ക് ആരെക്കെയോ ആയി മാറി. ഞങ്ങൾ തമ്മിൽ അഭേദ്യമായ ഒരു ആത്മബന്ധം ഉടലെടുക്കുകയായിരുന്നു. ബാല്യത്തിൽ അച്ഛനും, കൗമാരത്തിൽ സഹോദരനും, യൗവ്വനത്തിൽ ഭർത്താവും, വാർദ്ധക്യത്തിൽ പുത്രനുമാണ് സംരക്ഷിക്കേണ്ടത്. കുട്ടിശങ്കരൻ തനിക്ക് അതെല്ലാം ആയി മാറിയിരിക്കുകയാണ്.

കാലമുരുണ്ടു പോയത്. മാന്ത്രിക കുതിരയുടെതിനേക്കാൾ വേഗതയിലായിരുന്നു. താൻ സിവിൽ സർവ്വീസ് പരീക്ഷ പാസ്സായി. അവൾ സന്തോഷം കൊണ്ട് കുട്ടിശങ്കരന്റെ അടുത്തു പോയി ആ തുമ്പിക്കൈയ്യിൽ കെട്ടിപിടിച്ചു പറഞ്ഞു ഞാൻ പാസ്സായിരിക്കുന്നു. എന്നെ ഇവിടെ എത്തിച്ചത് നീ മാത്രമാണ്. നീ ഇല്ലായിരുന്നെങ്കിൽ ഞാനും ഇല്ലാതെയാവുമായിരുന്നു. നിന്നോട് ഞാൻ എങ്ങനെയാണ് നന്ദി പറയേണ്ടത്. എനിക്ക് നിന്നെ ഒരുപാട്

ഇഷ്ടമാവുകയാണ് അപ്പോൾ അവൻ തുമ്പി കൈ ഉയർത്തി ചിന്നം വിളിച്ചു. അവൾ അച്ഛന്റെയും അമ്മയുടെയും അസ്ഥിതറയിൽ പോയി നിന്നു പ്രാർത്ഥിച്ചു. ഓർമ്മപ്പെടുത്തു വാൻ എപ്പോഴും ദുഃഖങ്ങൾ കൂട്ടുനിന്നപ്പോഴും മനസ്സിന്റെ തന്ത്രികളിൽ അമ്മയും അച്ഛനും പ്രചോദനത്തിന്റെ ഊർജ്ജപ്രഭാപൂരമായി പരിലസിച്ചിരുന്നു. സത്യത്തിൽ നഷ്ടങ്ങൾ അറിയാതെ നിങ്ങൾ എനിക്കു നഷ്ടപ്പെടുകയാ യിരുന്നു.

നാട്ടുകാർ തന്റെ വിജയം ആഘോഷിക്കു വാൻ സ്വീകരണം നൽകി. കുട്ടിശങ്കരനാണ് തനിക്ക് പൂമാല ഇട്ടു തന്നത്. ആ ധന്യ മുഹൂർത്തത്തിൽ തന്റെ കണ്ണുകൾ വർഷങ്ങൾ ക്കു ശേഷം ഈറനണിഞ്ഞു. താമസിയാതെ തന്നെ സബ്കലക്ടറായ തനിക്ക് സ്വന്തം നാട്ടിൽ കലക്ടറായി നിയമനം ലഭിച്ചു. കലക്ടറും, ഉന്നതപോലീസ് ഉദ്യോഗസ്ഥരും ചേർന്ന ഒരു അടിയന്തിര യോഗത്തിൽ ഐ.പി.എസ് പദവിയിലുള്ള വിനീതിനെ കണ്ട് അവൾ ആഹ്ലാദിച്ചു. പക്ഷേ അവന് അപ്പോഴും ഒരു നിസ്സംഗഭാവമായിരുന്നു. പ്രോട്ടോകോൾ പ്രകാരം ഉയർന്ന റാങ്കുള്ള തന്റെ അരികിലേക്ക് വരുവാൻ അവന്റെ അപകർഷതബോധം അനുവദിച്ചില്ല. അവനെ പറ്റി നല്ല അവ ബോധമുള്ള താൻ അവന്റെ അരികിൽ ചെന്നു വിശേഷങ്ങൾ തിരക്കി. എന്നും അവൻ തന്റെ നല്ല കളികൂട്ടുകാരനായിരുന്നു. അപ്പോഴാണ് അറിയുന്നത് ബീനമാത്യു അവരുടെ മതത്തി ലുള്ള ഒരാളെ വിവാഹം ചെയ്ത് അമേരിക്ക യിലാണെന്ന് . അവളുടെ ഇഷ്ടം പ്രായത്തിന്റെ ഒരു തമാശ മാത്രമായിരുന്നുവത്രെ. അവൾക്ക് വേണ്ടിയാണ് ഞാൻ ദുർഗ്ഗയിൽ നിന്ന് അകന്നു നിന്നത് എന്നു പറഞ്ഞു ശബ്ദം ഇടറിയപ്പോൾ ഒരു ഐ.പി.എസ് ഓഫീസർ വികാരത്തിനു അടിമപ്പെടരുത് ` എന്നു പറഞ്ഞുകൊണ്ട് താൻ പുറത്ത് തട്ടി. എന്തായാലും അവൻ തന്നോട് മനസ്സു തുറന്നതിൽ അവൾക്ക് സന്തോഷമായി. അവൾ അവളുടെ സംഭവബഹുലമായ ജീവിതവും അവനോട് പറഞ്ഞു. അങ്ങനെ അവരുടെ സൗഹൃദം പൂർവ്വാധികം ശക്തി പ്രാപിച്ചു. ഒരു ദിവസം അവൻ തന്നോട് ചോദിച്ചു എല്ലാം അറിയുന്ന സ്ഥിതിക്ക് നമ്മൾക്ക് ഒന്നിച്ചു കൂടെ എന്ന്. ഉത്തരം പറയാൻ ഒട്ടും തനിക്ക് ആലോചി ക്കേണ്ടി വന്നില്ല. വിനീത് അന്നും ഇന്നും എന്നും എന്റെ നല്ല കൂട്ടുകാരൻ മാത്രമാണ്. നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം നഷ്ടപ്പെടുത്തു വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മാത്രമല്ല എന്റെ ജീവിതത്തിൽ കുട്ടിശങ്കരനും ഞാനും മാത്രം മതി. മറ്റാരും അവിടെക്ക് കടന്നു വരുന്നത് എനിക്ക് ഇഷ്ടമല്ല. അവൾ ഓർക്കുക യായിരുന്നു. യഥാർത്ഥത്തിൽ കുട്ടിശങ്കരൻ തനിക്ക് ആരാണ്? രൂപവും, വികാരങ്ങളും എന്തായാലും തനിക്ക് അവനില്ലാതെ ഒരു ജീവിതമില്ല.

അവന്റെ നിർലോഭമായ സ്നേഹത്തിനു മുന്നിൽ പകരം വെയ്ക്കുവാൻ ഒന്നും തന്നെയില്ല എന്നവൾക്ക് അറിയാം. അവന് തന്നോട് ഇഷ്ടം കൂടുമ്പോഴും, വികൃതി കൂടുമ്പോഴും തുമ്പിക്കൈകൊണ്ട് തന്നെ ചുറ്റിവരിയുമായിരുന്നു. കുട്ടിശങ്കരാ............ എനിക്കു വേദനിക്കുന്നു എന്നു പറയുമ്പോൾ അവൻ തന്നെ മോചിതയാക്കും. അപ്പോൾ പ്രണയമാധുര്യവും, പ്രണയകദനവും, പ്രണയോൻമാദവും എല്ലാം ഒന്നിച്ച് ഒരു നവ്യാനുഭൂതി തനിക്ക് അനുഭവപ്പെടു മായിരുന്നു. മൗനത്തിന്റെ മൂർദ്ധന്യഭാവമാണ് പ്രാർത്ഥന. പ്രാർത്ഥനയുടെ മൂർദ്ധന്യഭാവമോ പ്രണയവുമാണ്. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം മാത്രമല്ലല്ലോ പ്രണയം. അതിനുമതീതമായി ഏതൊന്നിനോടും തോന്നുന്ന അദമ്യമായ ഇഷ്ടവും പ്രണയമാണ്. കുട്ടിശങ്കരനോട് തനിക്കുള്ള വികാരവും അതു തന്നെയാണ്. Platonic love എന്നു പറയുന്നത് സത്യത്തിൽ ഇതായിരിക്കാം. അവർണ്ണ നീയമായ ഞങ്ങളുടെ ഈ ബന്ധത്തിന്റെ ജൈത്രയാത്ര സെക്കന്റുകളും, മിനിറ്റുകളും, മണിക്കൂറുകളും, ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും, വർഷങ്ങളും കടന്ന് സുഖ ശീതളമായ ഒരു തെന്നൽ തഴുകി തലോടി പോകുന്നതുപോലെ ഞങ്ങളുടെ ജീവിതവും ഇപ്പോഴും അങ്ങനെ അങ്ങനെ നീങ്ങി ക്കൊണ്ടിരിക്കുകയാണ്.

**(അവസാനിച്ചു)**

## എറണാകുളം നായർ സ്ത്രീ സമാജം നവംബർ മാസത്തെ പരിപാടികൾ

**2015 നവംബർ 17 വൈകീട്ട് 4.00 ന്**

**അംഗങ്ങളുടെ ഒത്തുചേരൽ**




### 6. ആറാം സ്കന്ദം (14 അദ്ധ്യായങ്ങൾ)

കന്യാകുബ്ജ ദേശത്തിലെ അജാമിളന്റെ ചരിതവും നാമജപ മാഹാത്മ്യവും, നാരദന് സ്ഥിരമായി വസിക്കാൻ ഒരിടവും കിട്ടാതെ പോകട്ടെ എന്ന ദക്ഷന്റെ ശാപം, ദക്ഷ പുത്രിമാരുടെ ചരിതം, മൂന്നു ശിരസ്സുള്ള വിശ്വരൂപന്റെ അധാർമ്മിക പ്രവർത്തനം മൂലം ശിരസ്സറുത്ത് വധിക്കുന്നത്, വൃത്രാസുര വധം, ദധീചി മഹർഷിയുടെ അസ്ഥി കൊണ്ടുണ്ടാക്കിയ വജ്രായുധം ഉപയോഗിച്ച് ഇന്ദ്രൻ വൃത്രാസുരനെ വധിക്കുന്നു. വിഷ്ണു ഭക്തനായിരുന്ന വൃത്രാസുരൻ പാർവ്വതി ശാപത്താൽ അസുരസ്വഭാവിയായി മാറിയ പൂർവജൻമ ചരിതം, ഗർഭിണികൾക്കായി മൂന്നാം മാസം നടത്തുന്ന 'പുംസവനം' എന്ന സംസ്കാരത്തെപ്പറ്റി വിവരിക്കുന്നു.

### 7. ഏഴാം സ്കന്ദം (14 അദ്ധ്യായങ്ങൾ)

ജയവിജയൻമാർ ശാപം മൂലം ഹിരണ്യാക്ഷനും ഹിരണ്യ കശിപുവുമായി ജനിച്ചതും അവരുടെ പൂർവജൻമ ചരിതവും, തപസ്സ് ചെയ്ത് വരം ലഭിച്ച അഹങ്കാരിയായ ഹിരണ്യകശിപുവിന്റെ അധാർമിക രാജ്യഭരണം, സർവ്വഗുണസമ്പന്നനും വിഷ്ണു ഭക്തനുമായ പ്രഹ്ലാദൻ എന്ന പുത്രന്റെ ജനനം, വിഷ്ണു ഭക്തിയുടേയും ആരാധനയുടേയും പേരിൽ കോപിഷ്ഠനായ ഹിരണ്യ കശിപു പ്രഹ്ലാദനെ വധിക്കാൻ ശ്രമിക്കുന്നത്, മഹാവിഷ്ണു നരസിംഹാവതാരം എടുത്ത് ഹിരണ്യ കശിപുവിനെ വധിക്കുന്നത് (മരണം എളുപ്പത്തിൽ നടക്കാതിരിക്കാൻ ഹിരണ്യ കശിപു നേടിയ വരം ശ്രദ്ധേയമാണ്), പ്രഹ്ലാദന്റെ രാജ്യ ഭരണം.

സനാതനധർമങ്ങളായ വർണധർമം, സ്ത്രീ ധർമം, ബ്രഹ്മചര്യ- വാനപ്രസ്ഥാശ്രമികളുടെധർമം, സന്ന്യാസി ധർമം എന്നീ വിഷയങ്ങൾ കൽപ്പശാസ്ത്രത്തിലെ ഗ്രഹ്യ സൂത്രം+ധർമശാസ്ത്രം എന്നിവയുടെ പ്രായോഗിക വിവരണം.

ഭാര്യ- ഭർത്തൃ , മാതൃ - പിതൃ , പുത്ര- പുത്രി ധർമങ്ങളും ധർമാനുശാസനത്തിൽ കാലഭേദമനുസരിച്ച് വരുത്തിയ മാറ്റങ്ങളും വിവരിക്കുന്നു. ഗൃഹസ്ഥൻമാർക്കുള്ള (ഗൃഹ്യ സൂത്രം) മോക്ഷമാർഗം വിവരിക്കുന്നു.

### 8. എട്ടാം സ്കന്ദം (24 അദ്ധ്യായങ്ങൾ)

മന്വന്തര വിവരണം, പാണ്ഡ്യരാജനായ ഇന്ദ്രധ്യുമ്നൻ അഗസ്ത്യ ശാപത്താൽ ഗജേന്ദ്രൻ എന്ന ആനയാകുന്നത്, മുതല പിടിക്കുന്നതു മൂലം വിഷ്ണുവിനെ പ്രാർത്ഥിച്ച് മോക്ഷം (ഗജേന്ദ്ര മോക്ഷം) നേടുന്നതും വിവരിക്കുന്നു.

പാലാഴി മഥനവും, ശിവൻ കാളകൂട വിഷം പാനം ചെയ്യുന്നതും, ലഭിച്ച അമൃതം പാനം ചെയ്ത ദേവൻമാർ അസുരൻമാരുമായി യുദ്ധം നടത്തുന്നതും വിശദമാക്കുന്നു. അസുര ചക്രവർത്തിയായ മഹാബലി ശുക്രാചാര്യരുടെ ഉപദേശം മൂലം യുദ്ധത്തിൽ വിജയിക്കുന്നു. വാമനാവതാരം ദാനശീല

നായ ബലിയെ തോൽപ്പിച്ച് പാതാളത്തിലേയ്ക്ക് അനുഗ്രഹിച്ച് അയ്ക്കുന്നു. (ചവിട്ടി താഴ്ത്തി എന്ന വിവരം തെറ്റായ ചിത്രീകരണമാണ്)

## 9. ഒമ്പതാം സ്കന്ദം(24 അദ്ധ്യായങ്ങൾ )

ച്യവനമഹർഷിയുടെ പത്നിയായ സുകന്യയുടെ ചരിതം, അംബരീഷചരിതം, അംബരീഷനെ ദുർവാസാവ് ശപിക്കുന്ന കഥ, യാഗം നടത്തി തീർത്ഥജലം അറിയാതെ കുടിച്ച് മാന്ധാതാവിന് ജന്മം നൽകിയ കഥ, ത്രിശങ്കു ചരിതം, ഹരിശ്ചന്ദ്ര ചരിതം, സൂര്യ വംശത്തിലെ പ്രതാപശാലിയായ സഗരന്റെ ചരിതം, സഗര പുത്രൻമാർക്ക് മോക്ഷം ലഭിക്കാനായി ഭഗീരഥൻ ഗംഗാ നദിയെ ഭൂമിയിലേക്ക് കൊണ്ടു വന്നത്, ഭഗീരഥന്റെ പിൻമുറക്കാരായ ദിലീപ് ചക്രവർത്തിയുടേയും ദശരഥന്റേയും, ശ്രീരാമന്റെയും ചരിതം (രാമായണം).

ചന്ദ്രവംശ രാജാക്കൻമാരുടെ ചരിതം, പ്രസിദ്ധരായ പുരുരുവസ്സിന്റെ ചരിതം, ജമദഗ്നി-പരശുരാമന്റെ ചരിതം, കാർത്ത്യവീര്യാർജുനവധം, വിശ്വാമിത്ര ചരിതം, യയാതി ചരിതം, പുരുവംശ വിവരണം, കാശി ഭരിച്ച പ്രസിദ്ധനായ കാശന്റെ ചരിതം, യാദവകുലത്തിന്റെ ഉത്ഭവത്തെക്കുറിച്ചും ശ്രീകൃഷ്ണന്റെ ജനനത്തെക്കുറിച്ചും സൂചന നൽകുന്നു.

## 10. പത്താം സ്കന്ദം (90 അദ്ധ്യായങ്ങൾ)

പൂർണ്ണമായും ശ്രീകൃഷ്ണ ചരിതമാണ് വർണ്ണിക്കുന്നത്. കംസന്റെ ദുർഭരണം, ശ്രീകൃഷ്ണന്റെ ജനനം, യശോദാനന്ദനനായി ഗോകുലത്തിൽ എത്തുന്നത്. കംസന്റെ വധശ്രമങ്ങൾ, പൂതനാമോക്ഷം, ശകടാസുര വധം, തൃണാവർത്തവധം, വിശ്വരൂപ ദർശനം, ഗാർഗ്യ മഹർഷിയുടെ പ്രവചനം, ഗോകുലത്തിൽ നിന്നും വൃന്ദാവനത്തിലേക്ക് പോകുന്നത്, വത്സാസുരൻ, ബകാസുരൻ, അഘാസുരൻ, എന്നിവരെ വധിക്കുന്നത്, കാളിന്ദിയിലെ കാളിയൻ എന്ന ഉഗ്രസർപ്പത്തെ ശിക്ഷിക്കുന്നത്, ധേനുകാവധം.

സ്നാനവിധി ലംഘിച്ച് പൊതുസ്ഥലങ്ങളിലെ നദികളിൽ നഗ്നരായി കുളിക്കുന്ന ഗോപികമാരെ ശിക്ഷിക്കുന്നതിനായി വസ്ത്രാപഹരണം നടത്തുന്നതും, വസ്ത്രം മടക്കി ക്കൊടുക്കുന്നതും, ഇന്ദ്രൻ വർഷിച്ച മഴയെ ചെറുക്കാൻ ഗോവർധനപർവതത്തിനെ കുടയാക്കിയത്. രാസലീല (രാസക്രീഡ), ബാലനായ ശ്രീകൃഷ്ണനോടുള്ള വാത്സല്യവും ഭക്തിയും മൂലം ഗോപികമാർ ശ്രീകൃഷ്ണന്റെ സഹവാസം ഇച്ഛിക്കുന്നു. അവരോടൊപ്പമുള്ള നൃത്തമാണ് രാസലീല. പങ്കെടുത്ത ഓരോ ഗോപികമാരും ഭഗവാൻ തന്നോടൊപ്പമാണ് എന്ന പ്രതീതിയിൽ നൃത്തം ചെയ്ത് സായൂജ്യമടയുന്നു. ഭക്തിയുടെ പാരമ്യതയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കംസന്റെ സേവകനായ അക്രൂരൻ വന്ന് കൃഷ്ണനേയും ബലരാമനേയും മഥുരയിലേക്ക് കൊണ്ടു പോകുന്നു. അവിടെ കംസവധത്തിന് ശേഷം തടവിൽ കിടന്ന വസുദേവർ, ദേവകി, ഉഗ്രസേനൻ എന്നിവരെ മോചിപ്പിക്കുന്നു.

ഉപനയനത്തിന് ശേഷം രാമകൃഷ്ണൻമാർ സാന്ദീപനിയുടെ ആശ്രമത്തിൽ ഗുരുകുലവാസത്തിനു പോകുന്നു. കംസബന്ധുവായ ജരാസന്ധനുമായി നിരന്തരം യുദ്ധം ചെയ്യേണ്ടിവന്ന ബലരാമനും കൃഷ്ണനും ഗുജറാത്തിൽ അറബിക്കടലിനോട് ചേർന്ന് ദ്വാരകാ നഗരം പടുത്തുയർത്തുന്നു. രുഗ്മിണി സ്വയംവരം,

പ്രദ്യുമ്നജനനം,ശംബരാസുരവധം, എന്നിവ നടക്കുന്നത്, സ്യമന്തകം എന്ന രത്നം മോഷണം പോയതും, കൃഷ്ണൻ അതിലൂടെ അപവാദത്തിന് പാത്രമാകുന്നതും, ജാംബവതിയേയും, സത്യഭാമയേയും ശ്രീകൃഷ്ണൻ ധർമപത്നിമാരാക്കുന്നതും, നരകാസുരനെ വധിച്ച് 16000 കന്യകമാരെ മോചിപ്പിക്കുകയും സമൂഹത്തിൽ അപമാനിതരായ അവർക്ക് രാജപത്നി സ്ഥാനം നൽകി ബഹുമാന്യരാക്കുന്നത്, തീർഥാടനവേളയിൽ ബലരാമൻ ഹസ്തിനപുരത്ത് പാണ്ഡവരെ കണ്ടു മുട്ടുന്നത്, ഇന്ദ്രപ്രസ്ഥത്തിൽ എത്തിയ കൃഷ്ണൻ രാജസൂയ യാഗത്തിൽ പങ്കെടുക്കുന്നു. ജരാസന്ധവധം, ശിശുപാലവധം എന്നിവ നടക്കുന്നു.

സുദാമാവ് എന്ന കുചേലൻ കൃഷ്ണ ദർശനത്താൽ ദാരിദ്ര്യദുഃഖത്തിൽ നിന്നും മോചനം നേടുന്നു. അർജുനന്റെ സുഭദ്രാപഹരണം വിവാഹവും, മിഥിലാ ചരിത്ര വിവരണം, ശ്രീശുകൻ വേദമഹത്വം വിവരിക്കുന്നു, സൃഷ്ടിസ്ഥിതി സംഹാരത്തിന്റെ തത്ത്വങ്ങളും ത്രിമൂർത്തി സങ്കൽപ്പവും, ശ്രീകൃഷ്ണനും അർജ്ജുനനും കാലപുരിയിൽ

എത്തി മരണപ്പെട്ട ബ്രാഹ്മണ പുത്രൻമാരെ വീണ്ടെടുക്കുന്നു. സംക്ഷിപ്തമായി ശ്രീകൃഷ്ണ വൃത്താന്തം.

**11.പതിനൊന്നാം സ്കന്ദം (31 അദ്ധ്യായങ്ങൾ)**

യാദവ കുലത്തിൽ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചതിനാൽ സമൂഹത്തിൽ പലവിധ പ്രശ്നങ്ങളും ഉണ്ടാകുന്നു. ഋഷിശാപത്തിന്റെ ഫലമായി പ്രസവിച്ച ഇരുമ്പുലക്ക യാദവവംശത്തിന്റെ സർവനാശത്തിന് കാരണമായിത്തീരുന്നു. ബ്രഹ്മതത്ത്വം എന്താണ് എന്നറിഞ്ഞ് ബ്രഹ്മസാക്ഷാത്കാരം നേടി ജീവിതദുഃഖത്തിൽ നിന്നും മോചനം നേടാമെന്ന് വിവരിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ ജീവിതാന്ത്യം അടുത്തു എന്നറിഞ്ഞ് ഉദ്ധവർക്ക് ജ്ഞാനോപദേശം നൽകുന്നു (ഉദ്ധവഗീത).

പരമപദമായ (പരമഹംസൻ) ഹംസയോഗിയുടെ അവസ്ഥയിലാണ് ശ്രീകൃഷ്ണൻ ഉദ്ധവരെ ഉപദേശിക്കുന്നത്. വർണ്ണാശ്രമധർമ്മങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ ശൂദ്രനും ബ്രാഹ്മണനാവാമെന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. ജീവിതം ധന്യമാക്കേണ്ട 10 നിർദ്ദേശങ്ങൾ, ജ്ഞാനയോഗ - ഭക്തി യോഗ-കർമ്മയോഗങ്ങളുടെ പ്രായോഗിക വിവരണം. അതിസങ്കീർണ്ണമായ ശാസ്ത്ര തത്വങ്ങളിലൂടെ ദ്രവ്യ-ദേശ-സമയ ഗുണദോഷങ്ങൾ (Space, matter, time) വിവരിക്കുന്നു. പഞ്ചഭൂതം, പഞ്ചപ്രാണ, പഞ്ചകർമേന്ദ്രിയ, പഞ്ചജ്ഞാനേന്ദ്രിയം, മനസ്സ്, പ്രകൃതി, പ്രപഞ്ചപുരുഷൻ ഇവയെല്ലാം വിവരിക്കുന്നു. ഭിക്ഷുഗീത എന്നറിയപ്പടുന്ന അധ്യായത്തിലെ വിവരണങ്ങൾ, സംഖ്യായോഗ വിവരണം, സത്വ - രജസ്സ - തമോഗുണങ്ങൾ, ഐല ഗീതം (ഐള ഗീതം) എന്നറിയപ്പെടുന്ന അധ്യായത്തിൽ ഐളൻ എന്ന രാജാവിന്റെ കഥ ക്രിയായോഗ യും ഷോഡശോപചാര ക്രിയകളും ഉപദേശിക്കുന്നു. ജ്ഞാനോപദേശം ശ്രവിച്ച ഉദ്ധവർ തീർഥയാത്രക്കായി ദാരികാശ്രമ ത്തിലേക്ക് പോകുന്നു. യാദവകുലത്തിന്റെ നാശവും, ശ്രീകൃഷ്ണന്റെ സ്വർഗാ രോഹണവും നടക്കുന്നു. ദ്വാരകാപുരി കടൽകയറിനശിക്കുന്നു.

**12.പന്ത്രണ്ടാം സ്കന്ദം (13 അദ്ധ്യായങ്ങൾ)**

കലിയുഗാരംഭം, കലികാല വർണ്ണന, കലിയുഗത്തിലെ രാജാക്കൻമാരുടെ വിവരണം, നന്ദരാജവംശം, മൗര്യവംശം, കൽക്കിയുടെ അവതാരം,

ഹരിനാമകീർത്തനത്തിന്റെ പ്രാധാന്യം, നാലു വിധത്തിലുള്ള പ്രളയത്തിന്റെ വിവരണം, പരീക്ഷത്ത് മഹാരാജാവിന് തക്ഷകന്റെ ദംശനം മൂലം ദേഹ ത്യാഗം സംഭവിക്കുന്നു. മാർക്കണ്ഡേയ മഹർഷിയുടെ തപസ്സും അദ്ദേഹത്തിന് ലഭിക്കുന്ന ശിവദർശനവും, ഭാഗവതത്തിൽ ചേർത്തിരിക്കുന്ന സ്കന്ധപുരാണത്തിലെ നാല് അദ്ധ്യായങ്ങളുടെ സാരം ഇപ്രകാരമാണ്.

1) പരീക്ഷത്തും വജ്രാഭനും തമ്മിലുള്ള ഭാരത ഭൂമിയുടെ മഹത്വ വിവരണം.
2) ശ്രീകൃഷ്ണ പത്നിയും കാളിന്ദിയും തമ്മിലുള്ള ചർച്ച, കാളിന്ദിയുടെ ഉപദേശത്താൽ ശ്രീകൃഷ്ണ സംഗീതോത്സവാരാധനാരംഭം, അവിടെ ഉദ്ധവരുടെ വരവ്.
3) ഉദ്ധവർ ഭാരതത്തിന്റെ മഹത്വം വിവരിക്കുന്നു. കലികാലത്തിന്റെ വൈപരീത്യങ്ങളില്ലാതാക്കാൻ ഉപദേശിച്ച ഭാഗവത കഥാശ്രവണ കഥനം.
4) ഭാഗവതം വായിക്കുന്നവരും കേൾക്കുന്നവരും ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ, ഭാഗവത ശ്രവണ ഫലവും ഇവിടെ ഉദ്ധവർ വിവരിക്കുന്നു.

(തുടരും)

# ശ്രീമന്നാരായണീയ ദിനം 2015

**2015 ഡിസംബർ 14ാം തീയതി (തിങ്കളാഴ്ച) ശ്രീമന്നാരായണീയ ദിനത്തിൽ എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി.ഡി.എം. ഹാളിൽ രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.**

**ജനറൽ സെക്രട്ടറി**

## വ്യക്തി വിശേഷം

# ഡോ. വി. പി. നായർ

രോഗികളുടെ പ്രിയങ്കരനായ ഡോക്ടർ ആകുവാൻ കഴിയുക എന്നത് ഏതൊരു ഡോക്ടറുടെയും അഭിമാനമാണ്. ആതുര സേവനരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞ ഡോക്ടർ വി.പി നായർ രോഗികളുടെ എല്ലാമിടയിൽ ദൈവ പുരുഷനായി മാറി. സിംഗപ്പൂരിൽ ഹൃദ്രോഗ വിദഗ്ദ്ധരിൽ പ്രമുഖനാണ് വി.പി. നായർ.. അമേരിക്ക, പാരീസ് എന്നിവിടങ്ങളിലും തന്റെ സേവനം നല്കി രോഗികൾക്ക് ആശ്വാസം നൽകി.

തൃപ്പങ്ങോട്ട് കല്ലൂർ ശങ്കുണ്ണിനായരുടേയും, ദേവകിയമ്മയുടെയും പുത്രനായി ജനിച്ച വി.പി. നായർ പാലക്കാട് വിക്ടോറിയ കോളേജിൽ നിന്നും ബിരുദം നേടിയതിനു ശേഷം ലക്നൗവിൽ എം.ബി.ബി.എസ് ബിരുദവും തുടർന്ന് ഇംഗ്ലണ്ട്, അമേരിക്ക, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്ന് ഉന്നതബിരുദങ്ങളുമാർജ്ജിച്ചു. മെഡിക്കൽ സയൻസിൽ നിരവധി ആധികാര ലേഖനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സൗജന്യമെഡിക്കൽ ക്യാമ്പുകൾ നടത്തി അദ്ദേഹം രോഗികളുടെ ആശാ കേന്ദ്രമായി മാറി. ഇപ്പോഴും ഹൃദ്രോഗചികിത്സാ രംഗത്ത് നൂതനമായ പ്രവണതകൾ കണ്ടെത്തുന്നതിൽ സജീവമായ പ്രയത്നിച്ചു കൊണ്ടിരിക്കുന്നു.

വിദേശത്ത് വിദ്യാഭ്യാസവും, ഔദ്യോഗിക ജീവിതവും നയിക്കുന്നുവെങ്കിലും ജന്മ നാടിനോട് അദ്ദേഹത്തിന് അതിരറ്റ ഗൃഹാതുരത്വം ഉണ്ടായിരുന്നു. ജനപ്രിയങ്കരനായ ഈ കഥാപുരുഷൻ വായനയിലും, പഠനത്തിലും അതീവജിജ്ഞാസ പുലർത്തുന്നു. തന്റെ നാടായ തൃപ്രങ്ങോട്ട് ആധ്യാത്മിക വിശുദ്ധി നിറഞ്ഞു തുളുമ്പി നിൽക്കുന്ന മഹാദേവക്ഷേത്രത്തെ പുനരുദ്ധരിക്കുക എന്ന ജീവിതാഭിലാഷം സാക്ഷാത്കരിക്കുന്നതിനുള്ള യത്നത്തിലാണ് ഡോ. നായർ. തന്റെ ആരാധ്യ ദേവനായ മഹാദേവൻ മാർക്കണ്ഡേയന് ദർശനം നല്കിയ പരിപാവനമായ ഈ സ്ഥലത്ത് ജനിക്കുവാൻ ഇടയായത് ഒരു പുണ്യമായി കരുതുകയാണ് ഡോ.വി.പി. നായർ.

## വിശേഷ ദിവസങ്ങൾ

### നവംബർ 15 മുതൽ ഡിസംബർ 15 വരെ

**നവംബർ**

| | |
|---|---|
| 17 | മണ്ഡലകാലാരംഭം |
| 22 | ഗുരുവായൂർ ഏകാദശി, |
| | രവിപുരം ക്ഷേത്രത്തിൽ ഏകാദശി ഉത്സവം |
| 23 | സത്യസായി ജയന്തി |
| 25 | ചക്കുളത്തുകാവ് പൊങ്കാല. |
| | തൃക്കാർത്തിക |

**ഡിസംബർ**

| | |
|---|---|
| 3 | വൈക്കത്തഷ്ടമി |
| 7 | തൃപ്രയാർ ഏകാദശി |
| 8 | തൃപ്പൂണിത്തുറ കൊടിയേറ്റ്, |
| | പരശുരാമ ജയന്തി |
| 14 | നാരായണീയ ദിനം |
| 15 | തൃപ്പൂണിത്തുറ ആറാട്ട് |

(തുടർച്ച)



**പി. ജയരാമൻ**
മാനേജ്മെന്റ്, കൺസൾട്ടന്റ്, കൊച്ചി



# ചർച്ചിലിന്റെ അറിയാത്ത മുഖം .....

ഇന്ത്യയേയും ഇന്ത്യക്കാരേയും പറ്റി ചർച്ചിൽ നടത്തിയ ചില പ്രസ്താവനകൾ അദ്ദേഹത്തിന്റെ അവരോടുള്ള മുൻവിധിയോടെയുള്ള കാഴ്ചപ്പാടിന്റേയും, അധിക്ഷേപിക്കുന്ന ഭാഷാരീതിയുടേയും ദൃഷ്ടാന്തമാണ്. താഴെ കൊടുത്തിരിക്കുന്ന രണ്ടു മൂന്ന് ഉദാഹരണങ്ങൾ ഇത് കൂടുതൽ വ്യക്തമാക്കും.

ഞാൻ ഇന്ത്യക്കാരെ വെറുക്കുന്നു. അവർ ഒരു മൃഗീയമായ മതം പിൻതുടരുന്ന മൃഗീയമായ ജനതയാണ്. ഇന്ത്യയുടെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ആമറിയോട് ചർച്ചിൽ പറഞ്ഞതാണിത്. ഞാൻ രാജാവിന്റെ പ്രധാനമന്ത്രിയായത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നാശത്തിന് വഴിയൊരുക്കാനല്ല (11 നവംബർ 1942 ൽ ചർച്ചിൽ ബ്രിട്ടീഷ് പാർലമെന്റിൽ നടത്തിയ പ്രസ്താവന).

പ്രധാനമന്ത്രി ഇന്ത്യയേയും, ഇന്ത്യയെ സംബന്ധിച്ചുള്ള എല്ലാത്തിനെയും വെറുക്കുന്നു. (ഫ്രീൽഡ് മാർഷൽ വേവൽ (പിന്നീട് വൈസ് റോയ്) ചർച്ചിലിന്റെ യുദ്ധകാല മന്ത്രി സഭയിലെ പെട്ടിത്തെറികളെ കുറിച്ച് 27 ജൂലൈ 43 ന് തന്റെ ഡയറിയിൽ കുറിച്ചത്) ഗാന്ധിജി മരിക്കുകയാണെങ്കിൽ നമുക്ക് കൊള്ളരുതാത്ത ഒരു മനുഷ്യനേയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ശത്രുവിനേയും ഇല്ലാതാക്കാം. (ഗാന്ധിജി ബ്രിട്ടീഷ്കാർ ഇന്ത്യ വിടുക എന്ന പ്രസ്ഥാനത്തിന്റെ യുക്തിയുക്തതയെ കുറിച്ച് വൈസ്റോയിയെ അറിയിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം കൂടിക്കാഴ്ച നിരസിച്ചു. ഇതിൽ പ്രതിഷേധിച്ച് ഗാന്ധിജി മൂന്നാഴ്ചക്കാലം ഉപവസിക്കാൻ തീരുമാനിച്ച സമയത്ത് ചർച്ചിൽ നടത്തിയ പ്രസ്താവന)

ബംഗാളിലെ ചുഴലികാറ്റും, കൃമികീടങ്ങളുടെ ഉപദ്രവവും, മദ്രാസിലെ മഴയുടെ അഭാവവും, ഇന്ത്യയുടെ ഭക്ഷ്യനിലയിൽ ഗുരുതരമായ താഴ്ച്ചക്ക് കാരണമാകുമെന്ന് വൈസ്റോയ് ലിൻലിത്ത് ഗന 1942 ൽ തന്നെ ആമറിക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. നെൽവിളയ്ക്കായിരുന്നു ഏറ്റവും രൂക്ഷമായ ആഘാതം താങ്ങേണ്ടി വന്നത്. കൂടാതെ നടന്നു കൊണ്ടിരിക്കുന്ന അരിയുടെ കയറ്റുമതി കൂടിയായപ്പോൾ 20 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളുടെ കുറവ് ബംഗാളിലും ഏതാണ്ട് 35 ലക്ഷം കമ്മി ഇന്ത്യ മുഴുവനും അനുഭവപ്പെടുമെന്ന് കണക്കാക്കിയിരുന്നു. വരൾച്ച, യുദ്ധകാല വിലക്കയറ്റം, സൈന്യത്തിന് വേണ്ടിയുള്ള ഭക്ഷ്യധാന്യങ്ങളുടെ കടത്തൽ ഇന്ത്യൻ വ്യാപാരികളുടെ പൂഴ്ത്തിവെയ്പ്, കപ്പലുകളുടെ ദൗർലഭ്യം മൂലമുള്ള ഭക്ഷ്യ ഇറക്കുമതിയുടെ ഇല്ലായ്മ, തുടങ്ങി പല കാരണങ്ങൾ ചരിത്രകാരൻമാർ 1943-ലെ ബംഗാൾക്ഷാമത്തിന് നിരത്തിയിട്ടുണ്ട്.

ചുഴലിക്കാറ്റ് ബംഗാളിലെ ശീതകാല നെൽവിള നശിപ്പിച്ചിട്ടും അരിയുടെ കയറ്റുമതി തുടർന്നുകൊണ്ടിരുന്നു. 1943 ജനുവരിക്കും ജൂണിനുമിടക്ക് ഇന്ത്യയിൽ നിന്ന് 71000 ടൺ അരി കൽക്കട്ട തുറമുഖം വഴിയടക്കം കയറ്റുമതി

ചെയ്തിരുന്നു. ഭക്ഷ്യ ധാന്യങ്ങൾ യുദ്ധാവശ്യത്തിന് കയറ്റുമതി ചെയ്യാൻ കഴിയുന്നിടത്തോളം കാലം, തദ്ദേശ ഭരണകൂടം കയറ്റുമതി നടത്തിയിരുന്നു. അതേ സമയം ജനങ്ങൾ ക്ഷാമത്തിന്റെ കെടുതികൾ അനുഭവിച്ച് തുടങ്ങിയിരുന്നു. സ്വന്തം വിദേശനാണ്യ ശേഖരം മുടക്കി ഭക്ഷ്യ ധാന്യങ്ങൾ ഇറക്കുമതി ചെയ്യാനോ, സ്വന്തം കപ്പലുകൾ ഈ ആവശ്യ ത്തിന് ഉപയോഗിക്കുവാനോ ഇന്ത്യയെ അനുവിച്ചില്ല. ബംഗാളിന് അരി നൽകാമെന്നുള്ള ചില വാഗ്ദാനങ്ങളും ബ്രിട്ടീഷ് അധികാരികൾ തള്ളിക്കളഞ്ഞു. ബ്രിട്ടൻ സഹിച്ചിരുന്ന പോലെയോ, ഒരു പക്ഷെ അതിൽ കൂടുതലോ, ബ്രിട്ടന്റെ കോളനികൾ ഈ കാര്യത്തിൽ സഹിക്കാൻ ബാദ്ധ്യസ്ഥരാണെന്നായിരുന്നു ചർച്ചലിന്റെ അഭിപ്രായം.

1945 ജൂലൈ മാസത്തിൽ ബ്രിട്ടനിലെ തിരെഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തു വന്നപ്പോൾ ക്ലെമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിലുള്ള ലേബർപാർട്ടി വലിയ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തലപ്പത്തിരുന്ന ചർച്ചിലിന്റെ ക്ഷുബ്ധമായ അധികാര കാലാവധി തൽക്കാലം അവസാനിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും വിഭജനത്തിനും രണ്ടാം ലോകമഹായുദ്ധം വഴിയൊരുക്കി. 1945 ൽ ചർച്ചിൽ വീണ്ടും തിരെഞ്ഞെടുക്കപ്പെട്ടിരുന്നെങ്കിൽ 1947ൽ നമുക്ക് സ്വാതന്ത്ര്യം ലഭിക്കുമായിരുന്നില്ല.

ബംഗാൾ ക്ഷാമത്തെ കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മീഷൻ ക്ഷാമത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ഏതാണ്ട് 50% കുറച്ച് 15 ലക്ഷമായി പ്രസിദ്ധീകരിച്ചു. പല ആധികാരിക കണക്കുകളും മരണ സംഖ്യ 30 ലക്ഷമായി കണക്കാക്കിയിരുന്നു.

അധികാരം വിട്ടൊഴിഞ്ഞ ശേഷം ചർച്ചിൽ മുഹമ്മദ് അലി ജിന്നയുമായി രഹസ്യമായി കത്തിടപാടുകൾ നടത്തുകയുണ്ടായി. 1946 ആഗസ്റ്റ് 3 ലെ ഒരു സന്ദേശത്തിൽ പാക്കിസ്ഥാൻ ഭാവിയിൽ പ്രതിരോധമില്ലാത്ത ഇന്ത്യയെ ആക്രമിച്ച് കീഴടക്കണമെന്ന് നിർദ്ദേശിച്ചിരുന്നതായി പറയപ്പെടുന്നു.

ചർച്ചിലിന്റെ യുദ്ധകാല ഓർമ്മക്കുറിപ്പുകൾ അദ്ദേഹത്തെ വീണ്ടും ബ്രിട്ടീഷുകാരുടെ വീരപുരുഷനാക്കി മാറ്റുകയും 1951 ൽ അദ്ദേഹം രണ്ടാമത്തെ തവണ പ്രധാനമന്ത്രിയായി തീരുകയും ചെയ്തു. 1953 ജൂണിൽ എലിസബത്ത് രാജ്ഞിയുടെ കിരീടധാരണ ചടങ്ങിൽ സംബന്ധിച്ച ശേഷം ചർച്ചിലും ഇന്ദിരാ ഗാന്ധിയും തങ്ങളുടെ കാറുകൾക്ക് അടുത്തടുത്തായി നിൽക്കുകയായിരുന്നു.

"താങ്കളുടെ അച്ഛന് ബ്രിട്ടീഷ്കാരുടെ പക്കൽ നിന്നും ലഭിച്ച പെരുമാറ്റത്തിന് താങ്കൾ ബ്രിട്ടീഷുകാരെ വെറുക്കുന്നുണ്ടാകും," ചർച്ചിൽ ഇന്ദിരാഗാന്ധിയോട് പറഞ്ഞു. "നിങ്ങൾ ബ്രിട്ടീഷുകാരോടുള്ള പകയും വെറുപ്പും അതിജീവിച്ചത് തികച്ചും പ്രശംസാർഹമാണ്".

"ഞങ്ങൾ നിങ്ങളെ ഒരിക്കലും വെറുത്തിട്ടില്ല". അവർ പ്രതികരിച്ചു.

"ഞാൻ നിങ്ങളെ വെറുത്തിരുന്നു, പക്ഷെ ഇപ്പോഴില്ല". ചർച്ചിൽ മറുപടി നൽകി.

അധികം താമസിയാതെ ചർച്ചിൽ പക്ഷാഘാതം ബാധിച്ച് അവശനിലയിലായി. താൻ അടുത്ത് തന്നെ മരിക്കുമെന്ന് വിശ്വസിച്ച ചർച്ചിൽ തന്റെ ഡോക്ടറോട്, വളരെ കരുതലോടെയാണെങ്കിലും, മനസ്സ് തുറന്നു.

താൻ ഇന്ത്യയെ പറ്റി തെറ്റായ ധാരണകളാണ് വെച്ചു പുലർത്തിയതെന്ന് അദ്ദേഹം സമ്മതിച്ചു. പക്ഷെ, എന്താണ് അദ്ദേഹത്തിന് തെറ്റെന്ന് തോന്നിയതെന്ന് ചർച്ചിൽ ഡോക്ടറോട് വിശദീകരിച്ചില്ല. നെഹറുവും, ചർച്ചിലും "ഹാരോ"വിൽ പഠിച്ചവരായിരുന്നു. തന്റെ രണ്ടാം ഇന്നിങ്സിൽ നെഹറുവിനോടും, ഇന്ത്യയോടുമുള്ള അദ്ദേഹത്തിന്റെ അഭിപ്രായം കുറച്ചൊക്കെ ഇതുമൂലം മാറിയിരിക്കാൻ സാധ്യതയുണ്ട്.

ചർച്ചിൽ പിന്നെയും ഏഴു വർഷങ്ങൾ ജീവിച്ചു. ഇടക്കിടക്ക് പണ്ട് തന്നെ പീഡിപ്പിച്ചിരുന്ന വിഷാദ രോഗത്തിലേക്ക് അദ്ദേഹം വഴുതി വീണിരുന്നു. അവസാനം,1965 ജനുവരി 24 ന്, ചർച്ചിൽ ലണ്ടനിലെ തന്റെ വസതിയിൽ വെച്ച് നിര്യാതനായി.

ആഴത്തിൽ ഗവേഷണം നടത്തിയതും, ഭംഗിയായി എഴുതിയതുമായ ഈ പുസ്തകം ഇൻഡ്യയുടെ ചരിത്രത്തിന് ഒരു വലിയ മുതൽ കൂട്ടായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.



# ദീപാവലി

**ചിങ്ങമാസം പിറന്നാൽ പിന്നെ ആഘോഷങ്ങളുടെയും വ്രതാനുഷ്ഠാനങ്ങളുടെയും ദിവസങ്ങൾ സമാഗതമാകുകയായി. ചിങ്ങം വന്നാൽ വരുമിന്നോണം, കന്നി വരുമ്പോൾ നവരാത്രിയുമാകും, നല്ല തുലാത്തിൽ ദീപാവലിയും, വൃശ്ചികമാസെ കാർത്തിക ദീപം, ധനുമാസത്തിൽ തിരുവാതിരയും.........അങ്ങനെ പോകുന്നു നമ്മുടെ ആഘോഷങ്ങൾ.**

തിന്മയുടെ മേൽ നൻമ നേടിയ വിജയത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ദീപാവലി. ഇത്തവണ വൃശ്ചികം 24 നാണ് ഈ സുദിനം. തുലാമാസത്തിലെ കൃഷ്ണപക്ഷ ചതുർദശി തിഥിയാണ് ദീപാവലിയായി ആഘോഷിക്കുന്നത്. ഉത്തര കേരളത്തിൽ ഈ ദിവസം ലക്ഷ്മി പൂജക്ക് വിശേഷമാണ്. ബ്രഹ്മമുഹർത്തത്തിൽ എണ്ണ തേച്ചു കുളിച്ച് കോടി വസ്ത്രം ധരിച്ച് യഥാശക്തി 'ഓം നമോ നാരായണായ' എന്ന അഷ്ടാക്ഷര ജപം നടത്തി ശിരസ്സിൽ തുളസി ചൂടി ക്ഷേത്രദർശനം നടത്തുന്നത് അഭികാമ്യം.

മത്സ്യ മാംസാദികൾ ഉപേക്ഷിച്ച് തലേ ദിവസം തന്നെ വ്രതം ആരംഭിക്കേണ്ടതാണ്. വ്യതശബ്ദത്തിന് ശരീരമനസ്സുകളെ പാകപ്പെടുത്തുന്ന നിഷ്ഠ, പുണ്യലാഭാർത്ഥമുള്ള അനുഷ്ഠാനം എന്നെല്ലാം അർത്ഥമാകാം. ദീപാവലി ദിവസം അരി ആഹാരം ഉപേക്ഷിക്കണം. ലഘു ഭക്ഷണം ആകാം. ഉപവാസം ഉത്തമം. പിറ്റേ ദിവസം ക്ഷേത്ര ദർശനം നടത്തി പാരണ വീടുന്നതു വരെയാണ് വ്രതാനുഷ്ഠാനം.

വ്രതം അനുഷ്ഠിക്കൽ മാത്രമല്ല ഈ ദിനത്തിന്റെ പ്രത്യേകത. ക്ഷേത്രങ്ങളും (ദേവാലയം) ഗൃഹങ്ങളുമെല്ലാം ദീപാലംകൃതമാക്കുക, മധുര പലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു കൊണ്ട് രാജ്യം മുഴുവനും അന്നു ദീപാവലി ആഘോഷിക്കും. കേരളത്തിൽ ഈ ആഘോഷത്തെക്കാൾ (പ്രത്യേകിച്ചും മദ്ധ്യകേരളത്തിൽ) പ്രാധാന്യം കാർത്തിക ദീപത്തിനാണ്. കേരളത്തിന് പുറത്തെ ദീപാലങ്കാരത്തോടൊപ്പം സമീപ പ്രദേശങ്ങളിലുള്ള സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും വിവിധ തരത്തിലുള്ള മധുര പലഹാരങ്ങൾ വിതരണം ചെയ്യും. കൂടാതെ നമ്മുടെ വിഷുവിന്റെ പ്രതീതി തോന്നിക്കുന്ന, പടക്കം പൊട്ടിക്കുന്ന രീതിയുമുണ്ട്.

ദീപാവലിക്ക് രണ്ട് ഐതിഹ്യങ്ങൾ പറയുന്നു. ശ്രീരാമൻ, ഹിരണ്യകശിപുവിന്റെ പുനർ ജന്മമായ രാവണന്റെ വധം കഴിഞ്ഞ് സീതയെ വീണ്ടെടുക്കുകയും വനവാസകാലം കഴിഞ്ഞ് അയോദ്ധ്യയിൽ തിരിച്ചെത്തുകയും ചെയ്യുമ്പോൾ അവിടുത്തെ ജനങ്ങൾ ദീപാലങ്കാരത്തോടെ ശ്രീരാമലക്ഷ്മണൻമാരെ സ്വീകരിക്കുകയും ചെയ്യുന്നതിന്റെ ഓർമ്മപുതുക്കലുമാണ് ദീപാവലി എന്നും പറയുന്നു. ശ്രീരാമ പട്ടാഭിഷേകത്തിനും ഇതുപോലെ ദീപങ്ങൾ തെളിയിച്ച് ആഘോഷിച്ചു എന്നും

അതല്ലാ ശ്രീകൃഷ്ണൻ നരകാസുരനെ (ഭൂമിദേവിയുടെ പുത്രനായ ഭൗമാസുരൻ) വധിച്ച് തിരിച്ചെത്തുന്ന ദിവസമാണ് ദീപാവലിയെന്നും മറ്റൊരു ഐതീഹ്യം. ദേവലോകത്ത് ഭൗമാസുരൻ നടത്തുന്ന ഉപദ്രവം സഹിക്കുവാനാകാതെ ദേവൻമാർ ഭഗവാനെ അഭയം പ്രാപിക്കുന്നു. ഈ സമയം കൃഷ്ണസവിധത്തിൽ സത്യഭാമ കരഞ്ഞു കൊണ്ട് നിൽക്കുകയായിരുന്നു. കാരണം സ്വർഗ്ഗം വഴി വന്ന നാരദൻ ഒരു പാരിജാത പുഷ്പം കൃഷ്ണനു കൊടുത്തു. കൃഷ്ണൻ അത് അടുത്തുണ്ടായിരുന്ന രുഗ്മിണിക്ക് നല്കി. ഇതു കണ്ടു വന്ന സത്യഭാമയ്ക്ക് വിഷമമായി. ഇതറിഞ്ഞ ദേവേന്ദ്രൻ , നരകാസുരന്റെ ശല്യം തീർത്തു തന്നാൽ അവിടെ നിന്ന് പാരിജാത മരം കൊണ്ടു വരാമെന്ന് വാക്കു കൊടുത്തു. ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ച് അവൻ തടങ്കലിൽ വച്ചിരുന്ന രാജാക്കൻമാരേയും പതിനാറായിരത്തി ഒരുനൂറ് സ്ത്രീകളെയും മോചിപ്പിച്ചു. ഈ 16100 സ്ത്രീകളുടെ ആഗ്രഹപ്രകാരം ശ്രീകൃഷ്ണൻ 16100 രൂപം പൂണ്ടു അവരെ വിവാഹം കഴിച്ചു എന്നു കഥ. പക്ഷേ ദേവേന്ദ്രൻ പാരിജാതം നല്കിയില്ല. കോപിഷ്ടനായ കൃഷ്ണൻ നിമിഷനേരം കൊണ്ട് ദേവൻമാരെ യുദ്ധത്തിൽ തോല്പിച്ചു. എന്നാൽ ദേവഗുരുവായ ബ്രഹസ്പതിയുടെ ഉപദേശപ്രകാരം ദേവേന്ദ്രൻ പാരിജാതം നല്കേണ്ടി വന്നു. അങ്ങനെ പാരിജാതവുമായി എത്തിയ കൃഷ്ണനെ ജനങ്ങൾ ദീപം കൊളുത്തി സ്വീകരിച്ചു.

# ദീപനാളത്തിന്റെ ഏഴഴക്



**'മഹിമയേറുന്ന ദീപാവലി നാളിൽ**
**മഹനീയത കണികാണുക കാലോചിത കവിതേ'**

എന്ന കവി വാക്യമാണ് സ്മൃതി മണ്ഡപത്തിൽ ഓടിയെത്തുന്നത്. സന്തോഷ ത്തിന്റെയും ഐശ്വര്യത്തിന്റെയും നിറദീപ ത്തിന്റെ ഉത്സവം. പ്രായഭേദമെന്യേ, ദേശഭേദ മെന്യേ എല്ലാവരും ഒരുപോലെ ഇഷ്ടപ്പെടുന്ന ഈ വിളക്കുത്സവത്തിന്റെ പിന്നിൽ പല ഐതീ ഹ്യകഥകളും ഉണ്ടെന്ന വസ്തുത നമ്മളേവർ ക്കും അറിയാവുന്നതാണല്ലോ?

ത്രേതായുഗത്തിലെ ശ്രീരാമൻ രാവണ വധം കഴിഞ്ഞ് സീതയുമായി തിരിച്ചു വന്നപ്പോ ൾ ആഹ്ലാദപൂർവ്വം ആഘോഷിച്ചതാണ് ദീപാവലി എന്നും മറിച്ച് ദ്വാപരയുഗത്തിലെ ശ്രീകൃഷ്ണൻ നരകാസുരം വധം കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ നരകാസുരന്റെ പീഡിപ്പിക്കലിൽ പൊറുതി മുട്ടിയ ജനങ്ങൾ മനഃശാന്തിക്കായി വിളക്കുകൾ കൊളുത്തി ഭഗവാൻ ശ്രീകൃഷ്ണനെ എതിരേറ്റു എന്നുമാ ണ് മറ്റൊരു സങ്കല്പം. സങ്കല്പങ്ങളും ഐതീഹ്യങ്ങളും ഏതുമാവട്ടെ എല്ലാത്തി ന്റെയും ഉദ്ദേശശുദ്ധി ഒന്നു മാത്രമാണ്. തിന്മയുടെ മേൽ നന്മയുടെ വിജയം.

ഇന്ത്യയിലുടനീളം ആഘോഷിക്കുന്ന ഉത്സവമാണ് ദീപാവലി. ദേശങ്ങൾ മാറി വരുംതോറും ആചാരങ്ങളിലും അനുഷ്ഠാനങ്ങ ളിലും വ്യത്യസ്തത പുലർത്തുമെങ്കിലും ദീപ ങ്ങളുടെ ഉത്സവമായ ദീപാവലി നാളിൽ ലോകമെമ്പാടും നൂറായിരം പൊൻചിരാതുകൾ കത്തിച്ച് ഒരു ദീപനാളത്തിൽ നിന്നും മറ്റൊന്നിലേയ്ക്ക് സ്നേഹദീപനാളങ്ങൾ പരക്കുമ്പോൾ മാതൃഭൂമി പ്രകാശപൂരിത മാകുന്നു.

കേരള ജനത ഓണത്തെ അത്യാഹ്ലാദ പൂർവ്വം കൊണ്ടാടുന്നതുപോലെയാണ് നമ്മുടെ തൊട്ടയൽദേശമായ തമിഴ്നാട് മക്കൾ ദീപാവലി ആഘോഷിക്കുന്നത്. തമിഴ്നാട്ടു കാർക്ക് പ്രധാനപ്പെട്ട ഒരുത്സവമാണ് ദീപാവലി. പടക്കങ്ങൾ പൊട്ടിച്ചും പട്ടുചേലയും ദാവണിയും ചുറ്റി അമ്പലത്തിൽ പോയി വീട്ടുകാർക്കും നാട്ടുകാർക്കും മധുരപദാർ ത്ഥങ്ങൾ നല്കുമ്പോൾ പരസ്പരസ്നേഹ വിശ്വാസങ്ങളാണ് അരക്കിട്ടുറപ്പിക്കുന്നത്.

പ്രകൃതി തന്നെയാണ് ദൈവം, ദൈവം തന്നെയാണ് പ്രകൃതിയും. കർണ്ണകഠോരമായ ഇടിവെട്ടും മിന്നലും തുലാവർഷം സംഹാര താണ്ഡവമാടുകയാണ്. പ്രകൃതിയെ ശാന്തയാ ക്കുവാൻ ദീപങ്ങൾ കൊളുത്തിവെച്ച് പ്രണമി ക്കുന്ന ദിവസവും കൂടിയാണ് ദീപാവലി. സുചിന്തയോടെ മനഃ ശുദ്ധിയോടെ നമ്മളേവർ ക്കും ദീപാവലിയെ വരവേൽക്കാം.



# യാത്രയ്ക്കൊടുവിൽ

പ്രശോഭ് മേനോൻ

വളർച്ചയിലേയ്ക്കുള്ള പ്രയാണത്തിന്റെ ഒരു ഘട്ടം മരണമാണ് അല്ലെങ്കിൽ ആരംഭം എന്നു പറയുന്നത് മൃത്യുവിന്റെ മരവിപ്പാണ്. പത്മരാജന്റെ ഈ നിർവചനം എത്ര അന്വർത്ഥമാണ്.

ജനനം കടൽ തിരമാലകൾ കൊണ്ടു വരുന്ന ഊർജമായിട്ടെ എനിക്ക് തോന്നിയിട്ടു ള്ളു. മരണം കടൽ തിരമാലകൾ കൊണ്ടു പോകുന്ന ഊർജവും.

കടൽ, നമ്മുടെ എല്ലാ പാപങ്ങളും കഴുകി കളയുന്ന സ്ഥലം.

പക്ഷേ ഞാൻ ഇവിടെ നിൽക്കുന്നത് എന്റെ പാപങ്ങൾ കഴുകി കളയാൻ അല്ല . എന്റെ പുണ്യങ്ങളുടെ ശക്തി കൂട്ടാനല്ല. ഞാൻ ചെയ്ത പുണ്യം എന്റെ സ്വകാര്യതയല്ലേ.......?

ഞാൻ ചെയ്ത പാപങ്ങൾ എന്റെ സ്വാർത്ഥത യല്ലെ........!

അതുകൊണ്ട് എനിക്ക് ഒന്നും കളയണ്ട. ഈ കടൽ........ അത് എന്നെ കളയാനുള്ള സ്ഥലമാണ്. അല്ലാതെ എന്നിലെ എന്നെ കൊല്ലാനുള്ള സ്ഥലമല്ല..............!

പണ്ടൊക്കെ അമ്മ പറയുമായിരുന്ന നീയൊരു നായകനാണെന്ന് എല്ലാ കഴിവുകളും ഉള്ള ഒരു സകലകലാവല്ലഭൻ . പിന്നീട് കുറെ നാളുകൾക്കുശേഷം അമ്മ എന്നെ ഒന്നിനും കൊള്ളാത്തവനെ എന്നു വിളിച്ചു. സാഹചര്യ ങ്ങൾ അമ്മയെക്കൊണ്ട് അങ്ങനെ വിളിപ്പിച്ച താണ്. അല്ലെങ്കിലും നമ്മൾ പറയുന്നതാണോ നമ്മുടെ മനസ്സ്. മനസ്സിൽ പലതും വെച്ച് പുറമെ വേറൊന്ന് പ്രകടിപ്പിക്കുന്ന ആളുകളെയാണ് ഞാൻ കൂടുതൽ കണ്ടിട്ടുള്ളത്. അല്ല ഞാനും പലപ്പോഴും അങ്ങനയാണ്, നമ്മൾ അങ്ങനെ ആയി പോവുകയാണ്..................!

മുഖം മൂടികൾ നമ്മുടെ നിലനിൽപ്പിനെ ബാധിക്കുമ്പോൾ നമ്മൾ അങ്ങനെ ആയി പോവും.

അമ്മയുടെ മനസ്സ് എപ്പോഴും സ്നേഹമാണ്. ദൈവതുല്യമാണ്. അതുകൊ ണ്ട് അമ്മ എന്നെ എന്തു വിളിച്ചാലും അത് വെറും ശബ്ദങ്ങൾ മാത്രം.

ഈ കടലിന്റെ ഇരമ്പൽ എനിക്ക് പല ഓർമകളും സമ്മാനിക്കുന്നു. നല്ലതും ചീത്തയുമായ പല ഓർമ്മകളും.

പണ്ടൊരിക്കൽ ഞാനൊരു യാത്ര പോയി. ആ യാത്ര, അതൊരു അനുഭൂതിയാ യിരുന്നു. കേരളത്തിലെ ഒരു കാലഘട്ടത്തിനെ അറിയലായിരുന്നു. ആ കാലഘട്ടത്തിന്റെ പ്രതിനിധിയായ രാജേഷിനെ ഞാൻ പരിചയ പ്പെട്ടു. ഞാൻ താമസിക്കുന്നതിന്റെ രണ്ട് വീട് അകലെയായിരുന്നു അയാളുടെ താമസം. അന്ന് ഞാൻ അവിടെ ഒരു ജോലിക്ക് പോയതാ യിരുന്നു. കൂട്ടുകാർ എനിക്കു പണ്ടേ കുറവായി രുന്നു. പക്ഷേ രാജേഷ് അയാൾ എന്നോട് അടുത്ത് ഇടപഴകി. ഞാൻ പലപ്പോഴും ഒഴിഞ്ഞ് മാറി. ഈ ഒഴിഞ്ഞ് മാറൽ എന്റെ ഒരു പ്രത്യേക തയായിരുന്നു. ആരോടെങ്കിലും മനസ്സ് കൊണ്ട് അടുത്താൽ അവരെ പിരിയാൻ എനിക്കാവില്ല. ഭയമാണ്. പലപ്പോഴും അവർ നമ്മളെ വിട്ട്

പോവുമോ എന്ന ഭയം. അഗാധമായ ഒരു അടുപ്പം വരും എനിക്ക് അവരോട്. രാജേഷ് എന്റെ അടുത്ത സുഹൃത്തായി മാറുകയായിരുന്നു. അയാളുടെ നീണ്ട താടിയും, മെലിഞ്ഞ ശരീരവും കൊറ്റി മൂക്കും...... അയാളെ പരുക്കനാക്കി . പക്ഷേ ആള് പാവമായിരുന്നു.

മദ്യം ഒരു മരുന്നാണെന്ന് അയാൾ പലപ്പോഴും പറയും. ഒരു ഈസിചെയറിൽ ചാരി ഇരുന്ന് അയാൾ എപ്പോഴും പറയും Beggers has no choice!

പണം അതൊരു വലിയ പ്രശ്നമാണ്. രാജേഷിന്റെ വാക്കുകൾ ഞാൻ ഇപ്പോഴും ഓർക്കുന്നു. എടോ, കോടീശ്വരനാവണം അല്ലെങ്കിൽ പിച്ചക്കാരൻ അല്ലാതെ ഈ middle class ഉണ്ടല്ലൊ...... അവരുടെ കാര്യം പോക്കാ....! താഴെ തട്ടിലേക്ക് പോകാനും പറ്റില്ല, മുകളിലേക്ക് ഉയരാനും പറ്റില്ല പക്ഷേ ഒരുപാട് ആഗ്രഹങ്ങൾ ......ഒരു പാട് പ്രതീക്ഷകൾ .....!

രാജേഷ് കുടിച്ചാണ് മരിച്ചത്. ഒരുപാട് കടങ്ങൾ ഉണ്ടായിരുന്നു പാവത്തിന്. ഒരിക്കൽ അമ്പതിനായിരം രൂപ ഞാൻ അയാൾക്ക് കൊടുത്തു. തിരിച്ച് കിട്ടില്ല എന്ന് അറിഞ്ഞിട്ടും. അയാളുടെ അമ്മയ്ക്ക് ട്രീറ്റ്മെന്റിന് വേണ്ടിയാണ്. ലോൺ ഒന്നും കിട്ടാനില്ല. എല്ലായിടത്തും അടച്ച് തീർക്കാനെയുള്ളു!പണം മതിയാവാതെ ട്രീറ്റ്മെന്റ് ചെയ്യാതെ അയാളുടെ അമ്മ മരിച്ചു. കുടിച്ചും, പട്ടിണി കിടന്നും അയാളും.

പണ്ട് എന്നെ കേളേജിൽ പഠിപ്പിച്ച സാർ ചോദിക്കുമായിരുന്നു "Can you get a mother's love with the help of money"?

രാജേഷിന്റെ അനുഭവം എന്നെ സാറിനോട് തിരിച്ച് ഒരു ചോദ്യം ചോദിക്കാൻ പ്രേരിപ്പിച്ചു.

"Can you love your mother without money"?

അമ്പതിനായിരം രൂപ അത് എനിക്ക് പുല്ലാണ്! എന്റെ കുടുംബം ഒരു ആക്സിഡന്റിൽ പെട്ട് മരിച്ചപ്പോൾ കുറെ കാശ് കിട്ടി. കടങ്ങളെല്ലാം വീട്ടി ബാക്കി ബാങ്കിൽ ഇട്ടു. എനിക്കെന്തിനാണീ കാശ് . യാതൊരു വിധ ബാധ്യതകളുമില്ലാതെ കഷ്ടപ്പാടുകളില്ലാതെ ജീവിക്കുന്ന എനിക്ക് ഈ കടൽ പോലെ അനന്തമല്ലെ എല്ലാം.......

സമയം 6 മണി കഴിഞ്ഞു. ചുവന്ന വിസ്മയ സൂര്യൻ കടലിലേക്ക് ആഴ്ന്നുകൊണ്ടിരുന്നു. ചുറ്റും നോക്കിയപ്പോൾ രണ്ട്, മൂന്ന് families ഉണ്ട് ; പിന്നെ കുറച്ചപ്പുറത്ത് കുറെ കമിതാക്കൽ ഇരിക്കുന്നുണ്ട് .

Families എല്ലാം മെല്ലെ പോയി തുടങ്ങിയിരുന്നു . പക്ഷേ കമിതാക്കൾ അവിടെ തന്നെ ഇരുന്നു. കടൽ സൂര്യനെ പെട്ടെന്ന് ആകർഷിക്കുന്നതായിട്ട് എനിക്ക് തോന്നുന്നു. ആകർഷണത്തിന്റെ ഊർജമാവാം ആ കമിതാക്കളിലും എന്ന് എനിക്ക് തോന്നി.

അവരെ കാണുമ്പോൾ എനിക്കു വീണ്ടും പുറകോട്ട് പോകാൻ തോന്നുന്നു. എന്റെ ജീവിത്തിലെ മറ്റൊരു സംഭവം ഓർക്കാൻ തോന്നുന്നു. പ്രണയം മനസ്സിലുണ്ട് പക്ഷേ അത് പ്രകടിപ്പിക്കാൻ ആളില്ലാതെ നടന്ന കാലം. എനിക്ക് പ്രണയം ഉണ്ടായിട്ടുണ്ട് പക്ഷേ എന്നോട് ആരും പ്രണയം പ്രകടിപ്പിച്ചിട്ടില്ല. ഒരു പക്ഷേ എന്റെ ചിന്താഗതികളാകാം. എനിക്ക് പ്രണയം തരാൻ ആരും വന്നിട്ടില്ല.

രാജേഷിന്റെ മരണശേഷം ഞാൻ ആ നാട്ടിൽ നിന്നില്ല. അവിടെ നിന്ന് ഞാൻ പോയത് സാന്ദ്രാപുരി എന്ന ആന്ധ്രപ്രദേശിലെ ഒരു ഗ്രാമത്തിലേക്കായിരുന്നു. സാന്ദ്രാപുരിയിലെ മണ്ണിന്റെ മണവും, ഗുഹകളുടെ നിശബ്ദതയും തന്നെ ഒരു പാട് ആകർഷിച്ചു.

സാന്ദ്രാപുരിയിൽ വെജിറ്റേറിയൻ ഹോട്ടൽ നടത്തുന്ന നമ്പ്യാരേട്ടനെ കാണാനാണ് ഞാൻ പോയത്. എന്റെ ഒരു പരിചയക്കാരൻ നമ്പ്യാരേട്ടന്റെ ബന്ധുവാണ്. സാന്ദ്രാപുരിയിലെ ടൗണിലാണ് ഹോട്ടൽ. ഗ്രാമത്തിലേക്ക് പോവണ്ട. പക്ഷേ താമസം ഗ്രാമത്തിലായിരുന്നു. ആ ഹോട്ടലിൽ കാറ്ററിംങ് സൗകര്യം തുടങ്ങിയിരുന്നു. അതിന്റെ മേൽനോട്ടമായിരുന്നു എന്റെ ജോലി.

സാന്ദ്രാപുരുയിൽ വെച്ചാണ് ഞാൻ ദേവിയെ കണ്ട് മുട്ടിയത്. ദേവി അവൾ പേരു പോലെ ദേവിയുടെ രൂപമൊന്നും ആയിരുന്നില്ല. കറുത്ത്, മെലിഞ്ഞ്, പല്ല് കുറച്ചു പൊന്തി.....!

എന്നും അവൾ പണിയെടുക്കുന്നതായി ഞാൻ കണ്ടു. അവൾ വിശ്രമിക്കുന്നത് ഞാൻ കണ്ടിട്ടേയില്ല. നമ്പ്യാരേട്ടന്റെ ഹോട്ടലിൽ അടുക്കള പണിയായിരുന്നു അവൾക്ക്. പരുക്കൻ ശബ്ദമാണെങ്കിലും, രൂപസൗന്ദര്യമില്ലെങ്കിലും അവൾ മനസ്സുകൊണ്ട് സുന്ദരിയായിരുന്നു. ഞാൻ എപ്പോഴും അവളോട് സംസാരിക്കും. അവളെ എനിക്ക് ഇഷ്ടമാണ്, പ്രണയമാണ്.

രൂപം കണ്ട് പ്രണയിക്കാൻ എനിക്കറിയില്ല. അവളുടെ നിഷ്കളങ്കമായ കണ്ണുകൾ എന്നെ ആകർഷിച്ചു. അവളിലും മോശം സ്വഭാവങ്ങൾ ഉണ്ടാവാം പക്ഷേ എനിക്ക് ദേവി എന്ന സ്ത്രീയെ ആണ് ഇഷ്ടപ്പെട്ടത്. അവളിലെ നല്ലതും, ചീത്തയുമായ സ്വഭാവങ്ങൾ അതിൽ ഉൾപ്പെടും.

ദിവസങ്ങൾ കടന്ന് പോകുന്തോറും എന്നിലെ പ്രണയം കൂടി കൂടി വന്നു. പക്ഷേ ഞാനത് അവളോട് പറയില്ല. എന്ന് ഉറപ്പായിരുന്നു. കാരണം എനിക്ക് തന്റെ സ്വകാര്യത നഷ്ടപ്പെടുത്താൻ താല്പര്യമില്ലായിരുന്നു. ബാധ്യതയില്ലാത്ത ഈ ജീവിതം ഞാൻ ആസ്വദിക്കുന്നു. അത് എന്റെ സ്വാർത്ഥത തന്നെ. പക്ഷേ എന്റെ സ്വാർത്ഥതയെ കൊന്നത് അവളുടെ നിസ്സഹായവസ്ഥ തന്നെയായിരുന്നു.

നമ്പ്യാരേട്ടനും അവിടെയുള്ള മറ്റു പണിക്കാരും അവളോട് പെരുമാറിയത് വളരെ ക്രൂരമായിട്ടായിരുന്നു. എനിക്ക് പലപ്പോഴും അത് അസഹ്യമായിട്ട് തോന്നി, ദയനീയമായിട്ട് തോന്നി. രാത്രി വരെ പണി എടുത്ത് എല്ലാ ജോലികളും കഴിഞ്ഞാൽ നമ്പ്യാരേട്ടനൊ അല്ലെങ്കിൽ അയാളുടെ പണിക്കാരോ വരും അവളുടെ അടുത്തേയ്ക്ക്. പിന്നെ നേരം പുലരുമ്പോൾ വീണ്ടും ജോലി അസഹ്യമായിട്ട് എനിക്ക് വീണ്ടും വീണ്ടും തോന്നി.

ഇങ്ങനെ ഒരു സ്ത്രീയോട് എനിക്ക് എങ്ങനെ പ്രണയം വരും. അവർക്ക് മരണമല്ലേ ഇതിനെക്കാളും നല്ലത്. പക്ഷേ അവളുടെ രക്ഷകൻ ആവാൻ ആണ് എന്റെ നിയോഗം. എന്റെ മനസ്സ് വീണ്ടും വീണ്ടും പറഞ്ഞു. അവളോടുള്ള പ്രണയം പ്രണയാതീതമാണ്.. അത് infactuation അല്ല.

എല്ലാ സൗകര്യങ്ങളും, സ്നേഹവും, പ്രൊട്ടക്ഷനും ഒക്കെ കിട്ടുന്ന പെൺകുട്ടികൾ പുതിയ ചെറിയ ചെറിയ കാര്യങ്ങൾ പറഞ്ഞ് വിഷമിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അല്ല, അവരെ പറഞ്ഞിട്ട് കാര്യമില്ല. ഉള്ളവന് ഉള്ളതിന്റെ വിഷമം ഇല്ലാത്തവന് ഇല്ലാത്തതിന്റെയും! നമ്പ്യാരേട്ടനെ തടുക്കാനോ, പണിക്കരെ തടുക്കാനോ ഞാൻ തുനിഞ്ഞില്ല. പക്ഷേ അവളെ അവിടുന്ന് രക്ഷപ്പെടുത്താൻ ഞാൻ ശ്രമിച്ചു. ഉച്ച സമയത്ത് ഹോട്ടലിന്റെ അടുക്കളയിൽ ചെന്ന് അവളോട് കുശലം ചോദിക്കുകയും എന്റെ നാട്ടിലേക്ക് വരുന്നോ എന്നൊക്കെ ഞാൻ സ്ഥിരം ചോദിക്കുമായിരുന്നു.

നമ്പ്യരേട്ടൻ ഇടയ്ക്ക് അത് കാണുമ്പോൾ അയാളുടെയും, പണിക്കാരുടേയും മാനസികാവസ്ഥ തന്നെയാണ് എനിക്കെന്ന് കരുതി ഒരു കള്ളച്ചിരി ചിരിച്ചു.

അവരെ ആരെയും ഞാൻ തിരുത്താൻ പോയില്ല. അല്ലെങ്കിലും ആരെയും തിരുത്തുന്നത് എനിക്കിഷ്ടമല്ല. എല്ലാം സ്വാഭാവികമായി നടക്കട്ടെ. ആളുകളിലെ നല്ല ഗുണങ്ങളും, ചീത്തസ്വഭാവങ്ങളും അങ്ങനെ തന്നെ ഇരിക്കട്ടെ. മാറ്റം പ്രകൃതി തന്നെ കൊണ്ടുവരട്ടെ! മാറ്റം അനിവാര്യമാണ്. അത് നമ്മുടെ ഉള്ളിൽ തന്നെ തോന്നുന്നതാണ്. നമ്മുടെ നിലനിൽപ്പിനെ ബാധിക്കുമ്പോൾ മാത്രമെ എന്റെ ആശയങ്ങൾ പ്രകടിപ്പിക്കാൻ ഞാൻ ശ്രമിക്കാറുള്ളു. ഒരു വേനൽകാലം ഉണ്ടെങ്കിൽ ഒരു മഴക്കാലവുമില്ലേ. നല്ലതും ചീത്തയും അനിവാര്യമാണ്. അത് വേണം ഈ ലോകത്തിനെ നിയന്ത്രിക്കാൻ......... അതുകൊണ്ട് ദേവിയുടെ Protection മാത്രമായിരുന്നു എന്റെ മനസ്സിൽ .

ദിവസങ്ങൾ കടന്നുപോയി. ദേവി ക്ഷീണിച്ച് മെലിഞ്ഞുക്കൊണ്ടിരുന്നു. ദേവിയെ നാട്ടിലേക്ക് കൊണ്ടുപോകാൻ ഞാനൊരുങ്ങി. ഒരു രാത്രി ഞങ്ങൾ പോകാൻ തീരുമാനിച്ചു. ഹോട്ടലിന്റെ അടുക്കളയിൽ തന്നെയാണ് അവളുടെ കിടപ്പ്. അവിടെ ചെന്ന് നോക്കിയപ്പോൾ അവളവിടെയില്ല. ചുറ്റും ഞാൻ നോക്കി. അവളെ എങ്ങും കാണാനില്ല. നേരം വെളുക്കുന്നതു വരെ പരിഭ്രാന്തനായി ഉറക്കമിളച്ചിരുന്നു. കിഴക്കു വെള്ളക്കീറിയപ്പോൾ കുന്നുകൾ, അപ്പുറത്ത് ഗുഹക്കുള്ളിൽ ദേവി കിടപ്പുണ്ടായിരുന്നു ഒന്നും കേൾക്കാതെ, ആരെയും

കാണാതെ. അവൾ മതി മറന്ന് കിടന്നു. ഈ ലോകമെന്ന സ്ഥലമേ അവൾ വിട്ടിട്ടുള്ളു. ചിലപ്പോ വേറെ വല്ല ലോകത്തും അവളുണ്ടാവും.

അവൾ മരിച്ചതിന്റെ കാരണം എന്താവാം. ഒരു രക്ഷകൻ വന്നു കഴിഞ്ഞപ്പോൾ അവൾ എന്തിനു മരിക്കണം. ഇനി നമ്പ്യാരേട്ടനോ പണിക്കാരോ കൊന്നതാണോ, അതോ അവൾക്കിനി വല്ല മഹാരോഗവുമുണ്ടോ, അറിയില്ല. എനിക്കതൊന്നുമറിയണമെന്നു തോന്നിയില്ല.

ദേവിയുടെ മരണം എന്നെ സാന്ദ്രാപുരിയിൽ നിർത്തിയില്ല. സാന്ദ്രാപുരിയിലെ മണ്ണിന്റെ മണവും ഗുഹകളുടെ നിശബ്ദതയും വിട്ട് യാത്രയാകുമ്പോൾ എന്തോ എവിടെയോ നഷ്ടപ്പെട്ടതുപോലെ എനിക്കു തോന്നി.

എന്തോ എവിടെയോ നശിച്ചതുപോലെ എനിക്കു തോന്നി.

പക്ഷേ തിരിച്ചുള്ള ആ യാത്രയിൽ മണ്ണിന്റെ മണത്തിനും ഗുഹകളുടെ നിശബ്ദതയ്ക്കും എന്നെ സ്വാധീനിക്കാനായില്ല. ..........................

സൂര്യനെ കടൽ വിഴുങ്ങിയിരുന്നു. സൂര്യന്റെ ചുവപ്പ് ഒരു മായയായിരുന്നു. അടുത്തുള്ള കമിതാക്കൾ പോയിരുന്നു. എല്ലാം ശൂന്യമായി. ഞാനും കടൽ തിരമാലകളും മാത്രം. കടലെന്ന സത്യത്തെക്കാളും കടൽത്തിരമാലകളെ ഞാൻ ഇഷ്ടപ്പെടുന്നു. അതിന്റെ തണുത്ത ചുംബനത്തെ ഞാൻ ഇഷ്ടപ്പെടുന്നു. കടൽത്തിരമാലകൾ തന്നെയല്ലേ കടൽ....!

അല്ല എനിക്ക് ഞാൻ ഇറങ്ങി അലിഞ്ഞുപോകാൻ പോകുന്ന സ്ഥലമാണ് കടൽ. തിരമാലകൾ ക്ഷണക്കുറിപ്പുകളാണ്. കടൽ അയയ്ക്കുന്ന ക്ഷണക്കുറിപ്പുകൾ.......!

ഈ ഏകാന്തത എന്നെക്കുറിച്ചോർക്കാൻ പ്രേരിപ്പിക്കുന്നു. ഞാൻ ഏകാന്തത ഒരുപാട് ഇഷ്ടപ്പെടുന്നവനാണ്. എന്റെ കൂട്ടുകാർ കാണാത്ത മുഖങ്ങൾ എനിക്കുണ്ട്. ഇല്ല സത്യത്തിൽ ഞാൻ മുഖംമൂടികളെ ഭയക്കുന്നില്ല. അവ എന്റെ ഉള്ളിലെ സവിശേഷതകളാണല്ലോ!.

എല്ലാവരെയും എന്റെ കൂട്ടുകാരെ, കുടുംബത്തിനെ, ദേവിയെ, രാജേഷിനെ എല്ലാവരെയും ഞാൻ ഇഷ്ടപ്പെടുന്നു. പക്ഷേഅവരാരും ഇല്ലാത്ത നിമിഷങ്ങളും ഞാൻ ആഗ്രഹിക്കുന്നു. അത് അവരോടുള്ള ആത്മാർത്ഥത കുറഞ്ഞിട്ടൊന്നുമല്ല.. എല്ലാവർക്കും ഉണ്ടാവില്ലേ മുഖം മൂടികൾ.......

എല്ലാവരും ഹിപ്പോക്രാറ്റ്സ് ആണെന്ന് എനിക്ക് തോന്നും പലപ്പോഴും. ഡിപ്ലമസി ഒരു തരം സെൽഫ് ഹിപ്പോക്രസി അല്ലേ. Yes we are all hypocrats.................!

പക്ഷേ എന്റെ കുടുംബത്തിനെ കൊന്ന വിധിയോട് രാജേഷിനേയും ദേവിയേയും കൊന്ന വിധിയോട് എനിക്ക് ചോദിക്കണം. മുഖംമൂടി ഇട്ട കാലത്തിനോടല്ല പക്ഷേ ആ പ്രച്ഛന്ന വേഷത്തെ കൊണ്ടു പോകുന്ന കാലചക്രത്തോട്...........എനിക്കു ചോദിക്കണം, അതിനായി ഞാൻ പോകുന്നു. കടൽത്തിരമാലകളുടെ ചുംബനത്തിൽ നിന്നും കടലിന്റെ പുണരലനുഭവിക്കാൻ ഞാൻ പോകുന്നു. അലിഞ്ഞു പോകാൻ ഈ കടലിന്റെ തണുപ്പിലേക്ക്....................!പുതിയൊരു ജന്മത്തിന്റെ ഊർജ്ജവുമായി ഏതെങ്കിലും കടൽ തിരമാലകൾ എന്നെ വീണ്ടും കൊണ്ടു വരുന്നതു വരെ ഞാൻ ആസ്വദിക്കട്ടെ. മുഖം മൂടികളില്ലാത്ത ആ ലോകത്തിരുന്ന്.

**ഓം**

**ഓം സദാ ശിവ സമാരംഭാം**
**അസ്മദാചാര്യ പര്യന്തം**
**ശ്രുതി സ്മൃതി പുരാണാനാം**
**നമാമി ഭഗവദ്പാദം**
**ശങ്കരം ശങ്കരാചാര്യം**
**സൂത്രഭാഷ്യകൃതൗ വന്ദേ**
**ഈശ്വരോ ഗുരുരാത്മേതി**
**വ്യോമവദ്യ പ്രദേഹായ**

**ശങ്കരാചാര്യ മദ്ധ്യമാം**
**വന്ദേഗുരുപരമ്പരാം**
**ആലയം കരുണാലയം**
**ശങ്കരം ലോകശങ്കരം**
**കേശവം പാദരായണം**
**ഭഗവന്തൗ പുനഃ പുനഃ**
**മൂർത്തി തേതതി ഭാഗിനേ**
**ദക്ഷിണാമൂർത്തയേ നമഃ**

(തുടർച്ച)

# സംവരണവും ജാതിരാഷ്ട്രീയവും

പ്രൊഫ : വി.പി. ജി.മാരാർ

മുസ്ലീങ്ങളുടെ പിന്നോക്കാവാസ്ഥയെ ക്കുറിച്ച് പഠിച്ച് റിപ്പോർട്ടു നല്കുവാനായി സർക്കാർ 2005 ൽ സച്ചാർ കമ്മിറ്റിയെ നിയമിച്ചു. കമ്മിറ്റി സമർപ്പിച്ച 72 നിർദ്ദേശങ്ങളിൽ മിക്കതും സർക്കാർ അംഗീകരിച്ചു.

മുസ്ലിങ്ങൾക്ക് മറ്റു പിന്നോക്ക വിഭാഗങ്ങളുമായി (ഒബിസി) മത്സരിക്കുവാനുള്ള കഴിവില്ലായെന്നും അതിനാൽ അവർക്ക് പ്രത്യേക സംവരണത്തിന് അർഹതയുണ്ടെന്നും ആയിരുന്നു കമ്മിറ്റിയുടെ ഒരു നിർദ്ദേശം. ഇതിന്റെ അടിസ്ഥാനത്തിൽ അവർക്കായി സർക്കാർ 4.5% സംവരണം കൊണ്ടു വന്നു. അഞ്ചു സംസ്ഥാനങ്ങളിൽ ഉടനെ നടക്കുവാൻ പോകുന്ന തെരഞ്ഞെടുപ്പാണ് സർക്കാരിനെ ഇതിനു പ്രേരിപ്പിച്ചത്. ഏതായാലും കോടതി ഇതനുവദിച്ചില്ല.

1970 ൽ കേന്ദ്ര സർക്കാർ പട്ടികജാതി പട്ടികവർഗ്ഗം വിഭാങ്ങൾക്ക് മത്സര പരീക്ഷയിൽ ഇളവു നല്കാൻ നിശ്ചയിച്ചു. 1996 ൽ സുപ്രിം കോടതി ഈ ഉത്തരവ് റദ്ദാക്കി. സർക്കാർ ഉത്തരവു പിൻവലിക്കുകയും ചെയ്തു. എന്നാൽ പിന്നീട് സുപ്രിം കോടതിയുടെ അഞ്ചംഗബഞ്ച് ഇത് പുനസ്ഥാപിക്കുകയാണുണ്ടായത്. പക്ഷേ ഈ കാര്യത്തിൽ വ്യക്തമായ കണക്കുകൾ ബോദ്ധ്യപ്പെടുത്താൻ സർക്കാരിനു കഴിഞ്ഞിരിക്കണമെന്നും യാതൊരു കാരണവശാലും 335 ാം വകുപ്പ് അനുശാസിക്കുന്ന കാര്യക്ഷമതയുടെ കാര്യത്തിൽ വിട്ടുവീഴ്ച പാടില്ല എന്നും നിർദ്ദേശിച്ചു. 15 (4) , 16(4) എന്നീ വകുപ്പുകൾ നടപ്പിലാക്കുമ്പോൾ അവ അനുശാസിക്കുന്ന പിന്നോക്കാവസ്ഥ കാര്യകാരണ സഹിതം ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിരിക്കണമെന്നും കോടതി പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ഭരണഘടനയിലെ 15 , 16 വകുപ്പുകളും 46 ാം വകുപ്പും 330 മുതൽ 335 വരെയുള്ള വകുപ്പുകളും 341, 342 എന്നീ വകുപ്പുകളുമാണ് സംവരണ നയം വ്യക്തമാക്കുന്നത്. ഇതിൽ തന്നെ 15(4) , 15 (5) എന്നീ ഉപവകുപ്പുകളാണ് സംവരണ നയത്തിന്റെ അടിസ്ഥാന ശിലകളായി വർത്തിക്കുന്നത്. എന്നാൽ 15 (4), 15 (5) എന്നീ വകുപ്പുകളുടെ ഉപയോഗം 14 ാം വകുപ്പിന്റെ നഗ്നമായ ലംഘനം ആകാൻ പാടില്ലായെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ തന്നെ 16 (4) എന്ന ഉപവകുപ്പ് ഒരു മൗലീകാവകാശമെന്ന നിലയിൽ ഉപയോഗിക്കരുതെന്നും മറ്റുഘടകങ്ങൾ അനുകൂലമാണെങ്കിൽ മാത്രം സാദ്ധ്യമാകുന്ന ഒരു വകുപ്പായി കാണണമെന്നുമാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ കാര്യത്തിൽ 341, 342 എന്നീ വകുപ്പുകളിൽ പറഞ്ഞിരിക്കുന്നവ അതേപടി പാലിച്ചിരിക്കണമെന്നും 16-ാം വകുപ്പിന്റെ കൂടെ 46-ാം വകുപ്പും 335-ാം വകുപ്പും കൂടി പരിഗണിച്ചശേഷമേ നടപടികൾ എടുക്കാവൂ എന്നുമാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

സംവരണത്തിന്റെ കാര്യം വരു മ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങ ളുടേയും മറ്റു പിന്നോക്ക വിഭാഗങ്ങളുടേയും മറ്റു മുന്നോക്കവിഭാഗങ്ങളുടേയും ഇടയിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നുണ്ട്. സംവരണാനുകൂല്യമുള്ള സമുദായങ്ങളിൽ തങ്ങളേയും പെടുത്തിക്കിട്ടുവാനായി പല സമുദായങ്ങളും പലവിധ സമ്മർദ്ദതന്ത്രങ്ങളും പ്രയോഗിക്കുന്നുമുണ്ട്. ഇതിനുദാഹരണമാണ് ഗുജറാത്തിൽ നടന്നു വരുന്ന പട്ടീദാർ

(പട്ടേൽ) സമുദായത്തിന്റെ പ്രക്ഷോഭം. സംസ്ഥാന ജനസംഖ്യയിൽ നാലിലൊന്നോളം വരുന്നതും സാമ്പത്തീകമായും വിദ്യാഭ്യാസ പരമായും ഏറെ മുന്നിൽ നില്ക്കുന്നതുമായ ഈ സമുദായത്തെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ (ഒ ബി സി) കൂട്ടത്തിൽപ്പെടുത്തണമെന്നാണ് ഇവരുടെ ആവശ്യം. പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ 81 വിഭാഗങ്ങളെയാണ് ആദ്യം ഇവിടെ ഉൾപ്പെടുത്തിയിരുന്നത്. രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ ഫലമായി അത് 146 ആയി മാറി. കൂടുതൽ വിഭാഗങ്ങൾ ഈ ആവശ്യം ഉന്നയിക്കുകയും അതേ സമയം മറ്റുള്ളവർ ഈ വിഭാഗത്തിലേയ്ക്ക് വരുന്നതിനെ ഈ വിഭാഗത്തിലുള്ളവർ എതിർത്തുവരികയുമാണ്. വടക്കേ ഇന്ത്യയിൽ പ്രബലമായ ജാട്ട് വിഭാഗത്തെ കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിനു മുൻപ് മറ്റു പിന്നോക്ക വിഭാഗങ്ങളുടെ കൂടെ പെടുത്തിയുതും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള നടപടിയായിരുന്നു. പക്ഷേ സുപ്രീം കോടതി ആ തീരുമാനം അസാധുവാക്കുകയുണ്ടായി. ഏതായാലും കൂടുതൽ സമുദായങ്ങൾ രാഷ്ട്രീയ തലത്തിൽ സംഘടിപ്പിച്ച് സ്വാധീനം ചെലുത്തി വരികയാണ്. ഇവിടെ ഓർക്കേണ്ട പ്രധാനപ്പെട്ട കാര്യം സംവരണം നിലവിൽ വന്ന് ഏഴു പതിറ്റാണ്ടുകളാകാറായിട്ടും കാര്യമായ വ്യത്യാസമെന്നും ഈ രംഗത്ത് സംഭവിച്ചിട്ടില്ല എന്നതാണ്. ഗ്രാമങ്ങളിൽ ചിലയിടങ്ങളിൽ ഇന്നും അയിത്തം നിലനിൽക്കുന്നു. താഴെ തട്ടിലുള്ള ജോലികൾ ചെയ്യുന്നവരിൽ ഭൂരിപക്ഷവും ഇന്നും പിന്നോക്കാവസ്ഥയുള്ളവരാണ്. സംവരണം പാവപ്പെട്ടവർക്ക് എത്രമാത്രം പ്രയോജനം ചെയ്തു എന്നതിന് വ്യക്തമായ രേഖകളും ഇല്ല. ഉന്നത ജാതിയിൽ പെട്ടവരിൽ 36 ശതമാനത്തോളം ഇന്നും ദരിദ്രരായി നിലനിൽക്കുന്നു. സാമ്പത്തികമായി ഏറ്റവും താഴെ നിൽക്കുന്ന 20 ശതമാനത്തിന്റെ കാര്യത്തിൽ ഇത്രയും കാലം കഴിഞ്ഞിട്ടും വ്യത്യാസമെന്നും ഉണ്ടായിട്ടുമില്ല. ഇത്രയെല്ലാം നിയമങ്ങളും വ്യവസ്ഥകളും നടപടികളും ഉണ്ടായിട്ടും സംവരണം കൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടിയിട്ടില്ലയെന്ന് ഇവ സാക്ഷ്യപ്പെടുത്തുന്നു. ജാതി ചിന്ത മാറുകയല്ല വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. രാഷ്ട്രീയ നേട്ടങ്ങൾക്കായി ജാതി ചിന്തയെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് രാഷ്ട്രീയ പാർട്ടികൾ കൈക്കൊണ്ടു വരുന്നതും, സ്ഥാനാർത്ഥി നിർണ്ണയം മുതൽ മന്ത്രിമാരെ നിശ്ചയിക്കുന്നതുവരെയുള്ള കാര്യങ്ങളിൽ അടിസ്ഥാന ഘടകമായി നിൽക്കുന്നത് മിക്കപ്പോഴും മതവും ജാതിയുമാണെന്ന കാര്യം ഏവർക്കും അറിയാം. ബഹു കക്ഷി സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ജയിച്ച കക്ഷിക്ക് പലപ്പോഴും ലഭിക്കുന്നത് തുഛമായ പ്രാധിനിധ്യമാണ്. ഒരുദാഹരണമെന്ന നിലയിൽ 2014 ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പു പരിശോധിക്കാം. മൊത്തം ജനസംഖ്യ 126 കോടി, ഇതിൽ വോട്ടവകാശമുള്ളവർ 82 കോടി, വോട്ട് ചെയ്തവർ 55 കോടി, ഭരിക്കുന്ന കക്ഷികളുടെ കൂട്ടായ്മയ്ക്ക് ലഭിച്ചത് മൊത്തം പോൾ ചെയ്ത വോട്ടിന്റെ 36 ശതമാനം അതായത് 20 കോടി എന്നിങ്ങനെയാണ്. അതായത് 20 കോടി ജനങ്ങളുടെ പ്രതിനിധികളാണ് 126 കോടി ജനങ്ങളെ ഭരിക്കുന്നത്. എന്നുസാരം. ഇത് മൊത്തം ജനസംഖ്യയുടെ 16 ശതമാനം മത്രമാണെന്നും കണാൻ കഴിയും. സംസ്ഥാനങ്ങളിലെ അവസ്ഥയും ഏതാണ്ട് ഇതുപോലെ തന്നെയാണ്. അതുകൊണ്ട് കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും ഭരണം നടത്തുന്നത് എപ്പോഴും ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ പ്രതിനിധികളാണെന്നു വരുന്നു. (അപൂർവ്വം ചില സംസ്ഥാനങ്ങളിൽ ഇതിന് വ്യത്യാസം സംഭവിച്ചിട്ടുണ്ട്) ഈ ന്യൂനപക്ഷം ജാതി മതാധിഷ്ഠിതമാണെന്നും കൂടിവന്നലോ?.

ജാതിരാഷ്ട്രീയത്തെപ്പറ്റി പറയുമ്പോൾ എടുത്തു പറയേണ്ട മറ്റൊരു കാര്യം രാഷ്ട്രീയ നിയമനങ്ങളാണ്. അമേരിക്കയിൽ നിലനിൽക്കുന്ന സ്പോയിൽസ് സിസ്റ്റ (Spoils System)ത്തിൽ നിന്നും കടം എടുത്ത ഈ സംവിധാനം ഇന്ന് ഇന്ത്യയിലെല്ലായിടത്തും ദുരുപയോഗം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. സമുദായങ്ങളെ പ്രീണിപ്പിക്കാനുള്ള ഒരുപാധി. അപ്രഖ്യാപിത സംവരണമായി ഇതിനെ രാഷ്ട്രീയ പാർട്ടികൾ ഉപയോഗിക്കുന്നു. എന്നാൽ ഏറ്റവും ദുഃഖകരമായ വസ്തുത ഈ സ്ഥാനങ്ങൾ പലപ്പോഴും സമുദായങ്ങളിലെ അർഹതപ്പെട്ടവർക്കല്ല ലഭിക്കുന്നത് എന്നതാണ്. ഭരണഘടനാ സ്ഥാപനങ്ങളിൽ ഉന്നത സ്ഥാനം വഹിക്കുന്നവർ പോലും തങ്ങളുടെ പ്രതിബദ്ധത പ്രധാനമായും സ്വന്തം

സമുദായത്തോടാണെന്നും ഭരണഘടന പോലും 2 ാം സ്ഥാനത്തെ വരുന്നുള്ളുയെന്നും പരസ്യമായി പറയാൻ തയ്യാറാവുകയും ഇത് തിരുത്താനോ ഇതിൽ പ്രതികരിക്കാനോ ആരും തയ്യറാവുകയും ചെയ്യാത്ത രാജ്യത്ത് ജാതിരാഷ്ട്രീയം കൊടികുത്തിവാഴുന്നതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. ഭരണഘടനാരൂപീകരണ വേളയിൽ ഡോ. അംബേദ്കർ പറയുകയുണ്ടായി പിന്നോക്കാവസ്ഥയിലുള്ള ഒരു ന്യൂനപക്ഷം നിലനിൽക്കുന്നു എന്നത് ഒരു വസ്തുതയാണ് എന്നാൽ ഭൂരിപക്ഷ ന്യൂനപക്ഷ സമന്വയം ഒരിക്കലുണ്ടാകും എന്ന്. ഈ ലക്ഷ്യത്തോടെയാണ് ഭരണഘടനയിൽ സംവരണ വകുപ്പുകൾ ചേർത്തത്. പക്ഷേ ഇത് എത്രത്തോളം യാഥാർത്ഥ്യമായി എന്നത് ആലോചിക്കേണ്ടതുണ്ട്. അഭിവന്ദ്യനായിരുന്ന അംബേദ്കർ തന്നെ മുൻകൈ എടുത്ത് വിശാല ലക്ഷ്യത്തോടെ രൂപീകരിച്ച റിപ്പബ്ലിക്കൻ പാർട്ടിയിൽ പോലും ക്രമേണ അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ടവർ (മഹർ സമുദായം) ആണ് കൂടുതലായി ചേർന്നത് എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. ഉത്തർപ്രദേശ്, ബീഹാർ, ഹരിയാന, കർണ്ണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ രൂപം കൊണ്ടിരിക്കുന്നത് കേവലം ജാതിയുടെ അടിസ്ഥാനത്തിലാണ്. മൊത്തം വോട്ടിന്റെ 50 ശതമാനത്തിലധികം ഇപ്രകാരം രൂപീകരിക്കപ്പെട്ട പ്രാദേശിക പാർട്ടികളുടെ കയ്യിലാണെന്നതും പ്രാദേശിക പാർട്ടികൾ മിക്കവയും സമുദായാധിഷ്ഠിതമാണെന്നുള്ളതും ചില അഖിലേന്ത്യപാർട്ടികളുടെ സംസ്ഥാന ഘടകങ്ങൾ പോലും സമുദായ പ്രീണനത്തിലൂടെയാണ് വോട്ട് നേടി അധികാരത്തിൽ വരുന്നത് എന്നതും ഇന്ത്യൻ ജനാധിപത്യത്തിന്റെ ശോഭയ്ക്ക് മങ്ങൽ ഏൽപ്പിക്കുന്നുണ്ട്.

'മതേതരത്വം' എന്നത് ഇന്നൊരു ഭംഗിവാക്കു മാത്രമാണ്. സർവ്വമത സമന്വയം പ്രതീക്ഷിച്ച ഭരണാഘടനശില്പികൾക്ക് തെറ്റു പറ്റിയെന്നു തോന്നുന്നു. മതചിന്തയുടെ സ്ഥാനത്ത് 'മതതീവ്രത' വരുന്ന കാലം അതിവിദൂരമല്ല. ഇത് മുന്നിൽ കണ്ടുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. നഗരവാസികളിൽ താരതമ്യേന ജാതിമത ചിന്ത കുറവായിരിക്കും. തിരക്കു പിടിച്ച ജീവിത രീതിയും ഉല്ലാസത്തിനും ഉൻമേഷത്തിനും ആവശ്യമുള്ളത്ര സൗകര്യങ്ങൾ ലഭ്യമാണെന്നതും എല്ലാ വിഭാഗങ്ങൾക്കും ഒത്തുചേരാനുള്ള അവസരങ്ങൾ ഉള്ളതും ആകാം ഇതിനു കാരണം. എന്നാൽ ഗ്രാമീണ ഇന്ത്യയിലെ സ്ഥിതി പലയിടത്തും വ്യത്യസ്തമാണ്. ഇതുമുതലെടുത്ത് തങ്ങളുടെ വോട്ടുബാങ്ക് നിലനിർത്തുവാൻ രാഷ്ട്രീയക്കാരും തയ്യാറാകുന്നു. ഇതിനുദാഹരണമാണ് രാജസ്ഥാനിൽ അരങ്ങേറിയ ഗുജ്ജാർ സമരം.

മഹാത്മജി ഒരിക്കൽ പറയുകയുണ്ടായി മതം എനിക്കെന്റെ ഭാര്യയെ പോലെയാണ്. അതെന്റെ സ്വകാര്യതയുടെ ഭാഗമാണ്. സാമൂഹ്യ ജീവിതത്തിലേക്കും രാഷ്ട്രീയ ജീവിതത്തിലേക്കും അതിനെ വലിച്ചിഴക്കാതിരിക്കുക. രാഷ്ട്രീയം കയ്യാളുന്നവർ ഓർക്കേണ്ട വാക്കുകളാണിവ. അതിനു നാം തയ്യാറല്ലെങ്കിൽ നമ്മുടെ ജനാധിപത്യം കശാപ്പുചെയ്യപ്പെടും എന്നതിന് സംശയമില്ല.

# അംബാസ്വരമാലാ സ്തോത്രം

**നന്ദകുമാർ മേനോൻ**

**ഓന്നായിരുന്ന പരയേയവിടുന്നു രണ്ടായ്**
**മൂന്നായമൊട്ടുടനെ നാലുമതഞ്ചുമാറായ്**
**പിന്നാരറിഞ്ഞു ശിവ മൂന്നുരു പന്തിരണ്ടായ്**
**ഇന്നാദിയാം വഴി തെളിഞ്ഞുടുവാൻ ഭജേഹം**

അവിടുന്ന് ആദിയിൽ ശുദ്ധ ജ്ഞാനവും നിർഗ്ഗുണവും ആയ ഒരൊറ്റ കേവല തത്വമായിരുന്നു. ആ ശിവതത്വത്തിൽ നിന്ന് ശക്തി തത്വം ഉത്ഭവിച്ച് രണ്ടായി. ശിവനും ശക്തിയുംചേർന്ന് സദാശിവതത്വമുണ്ടായി. അങ്ങിനെ മൂന്നായ തത്വങ്ങളിൽ നിന്ന് നാലമത്തെ ഈശ്വര തത്വവും, അഞ്ചാമത്തെ ശുദ്ധവിദ്യയും ഉദ്ഭവിച്ചു. പിന്നെ ആറാമത്തെ തത്വമായ മായയും അങ്ങിനെ തുടർന്ന് 36 തത്വങ്ങളിലൂടെ (മുന്നുരു പന്തിരണ്ട്) വൈവിദ്ധ്യമാർന്ന ഈ പ്രപഞ്ചമായി പരിണമിച്ചു. ഇന്നെനിക്കു അവിടുത്തെ ഒന്നായ, കേവലതത്വമായ ശിവതത്വം തെളിക്കാൻ ഞാൻ ഭജിക്കുന്നു.

(ക്ഷേത്രങ്ങളിലൂടെ)



# ഇരുനിലംകോട് ഗുഹാക്ഷേത്രം

കേരളത്തിലെ പ്രസിദ്ധമായ ഗുഹാ ക്ഷേത്രങ്ങളിലെ ഒരപൂർവ്വക്ഷേത്രമാണിത്. തൃശൂർ ജില്ലയിലെ മുള്ളൂർക്കരയിൽ ഇരുനിലംകോടിലാണ് ഈ ഗുഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

ഇവിടെ പ്രധാന മൂർത്തി എന്താണെന്ന് വ്യക്തമല്ല, സ്വയംഭൂ ആണ് . പാറയിൽ രൂപപ്പെട്ട വിഗ്രഹം ശയനരൂപത്തിലുള്ള ആൾ രൂപമാണ്. ദക്ഷിണായനത്തിലേക്കു ശയനം എന്നാണ് വിശ്വാസം. ത്രിമൂർത്തി സാന്നിദ്ധ്യം ഉണ്ടെന്ന സങ്കല്പമുണ്ടെങ്കിലും ശൈവ പ്രധാനമാണ്. നായർ പൂജയാണ് ഇവിടെ ഉള്ളത്. നട തെക്കോട്ടു ദർശനമായിട്ടാണ് . ഉപദേവതകൾ ഗണപതി, സുബ്രഹ്മണ്യൻ, ഭഗവതി എന്നിവരാണ്. പഴയ കാലം മുതൽക്കേ ഈ ക്ഷേത്രത്തിൽ ജാതി വ്യത്യാസമുണ്ടായിരുന്നില്ല. മത്സ്യ മാംസാദികൾ ഒഴികെ എന്തും ഇവിടെ സ്വയം നിവേദിക്കും. കിഴങ്ങ്, ചേന, ചേമ്പ്, മാങ്ങ, ചക്ക, വാഴക്കുല എന്നിവയെല്ലാം. നാട്ടുകാർക്ക് ഇരുനിലംകോട് ക്ഷേത്രത്തിൽ സമ്പൽ സമൃദ്ധിക്കായി കാണിക്കവെയ്ക്കണം എന്നൊരു നാട്ടു വിശ്വാസമുണ്ട്. പച്ചപ്പാലും ഇവിടെ നേദിക്കും. മുൻപ് ക്ഷേത്രത്തിൽ പൂജാരിയുണ്ടായിരുന്നില്ല. ജാതി വ്യത്യാസമില്ലാതെ എല്ലാവരും സ്വയം കൊണ്ടു പോയി നേദിക്കുകയാണ് പതിവ്. കാലിലെ ആണിരോഗത്തിന് പപ്പടം ക്ഷേത്ര നടയിൽ കൊണ്ടു വന്നു കാച്ചി അത് കാലുകൊണ്ട് ചവുട്ടിപ്പൊട്ടിക്കുക എന്നൊരു അപൂർവ്വവും, രസകരവുമായ വഴിപാട് ഇവിടെയുണ്ട്. വയറു വേദനയ്ക്ക് മരംകൊണ്ടോ, മണ്ണു കൊണ്ടോ ഉള്ള ആമ, മത്സ്യം, തേൾ, പഴുതാര എന്നിവ സമർപ്പിക്കും. ക്ഷേത്രം നിൽക്കുന്ന ഗുഹയുടെ മുകളിൽ പാറയിൽ കരിങ്കല്ലു കൊണ്ട് പണിത ഏഴു മുനിയറകളുണ്ടായിരുന്നു. ഇപ്പോൾ ഒരെണ്ണമേയുള്ളു. പണ്ട് ഇവിടെ മഹർഷിമാർ തപസ്സനുഷ്ഠിച്ചിരുന്നു. അതിന്റെ ദൃഷ്ടാന്തമാണ് ഈ മുനിയറകൾ. കാടിന്റെ കാണാക്കാഴ്ചകളും ഗ്രാമത്തിന്റെ വിശുദ്ധിയും സംഗമിക്കുന്ന ക്ഷേത്രാങ്കണം നമ്മുടെ മനസ്സിൽ ശാന്തതയുടെ മൂർദ്ധന്യഭാവമാണ് പ്രദാനം ചെയ്യുന്നത്. കേരളത്തിൽ പത്തോളം ഗുഹാ ക്ഷേത്രങ്ങളുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ വിഴിഞ്ഞം മഠവൂർപാറ, കൊട്ടുക്കൽ, കവിയൂർ, തൃക്കാക്കുടി, കല്ലിൽ, തൃക്കൂർ. ഇതിൽ ഇരുനിലംകോടും തൃക്കൂറും പാലിയത്തച്ഛന്റെ ക്ഷേത്രങ്ങളാണ്.

തുലാമാസത്തിലെ വെളുത്ത ഷഷ്ഠിക്കാണ് ഉത്സവം. പത്ത് ദേശത്തിലെ കാവടികൾ ഇതിൽ പങ്കെടുക്കും. പല ദേശത്തിൽ നിന്നും വരുന്ന കാവടികളുടെ സമന്വയത്തിൽ വർണ്ണ വിസ്മയത്താലും, ദൃശ്യവിസ്മയത്താലും മാലോകരുടെ മനം കവർന്ന് പൂകാവടികളും, പീലികാവടികളും ചുവടുവെച്ച് നൃത്തമാടുമ്പോൾ ഇരുനിലം കോട് ഗുഹാക്ഷേത്രം ഉത്സവാഘോഷത്താൽ ഹർഷാരവം മുഴക്കുന്നു. രൂപവും, ഭാവവും ഏതായാലും അവിടെയുള്ള ശക്തിപ്രഭാവത്തെ താണു വണങ്ങി ഭക്തജനങ്ങൾ ആത്മനിർവൃതിയോടെ മടങ്ങി പോകുകയാണ്.

തൃശൂർ നിന്നും വടക്കാഞ്ചേരി ഷൊർണൂർ റൂട്ടിൽ രണ്ടു കിലോമീറ്റർ മാറി ഈ ഇരുനിലംകോട് ഗുഹാ ക്ഷേത്രം സ്ഥിതി ചെയ്യുന്നു.

# അൽസ്ഹൈമേഴ്സ് ഡിമൻഷ്യാ പിക്സ്രോഗം

ടി.കെ.ശ്രീകുമാരൻ നായർ

കഴിഞ്ഞ കുറെ വർഷങ്ങളായി എല്ലാവർഷവും സെപ്തംബർ 21 ന് അൽസ്ഹൈമേഴ്സ് ദിനമായി ലോകമെമ്പാടും ആചരിക്കുന്നു.

എന്താണ് അൽസ്ഹൈമേഴ്സ് "A serious Disorder of the Brain Manifesting it self in premature Senility" - മലയാളത്തിൽ പ്രായമാകുമ്പോൾ ഉണ്ടാകുന്ന "സ്മൃതി നാശം".

നമ്മുടെ വിചാരവികാരങ്ങളെയും പ്രവർത്തികളെയും നിയന്ത്രിക്കുന്ന "മസ്തിഷ്കം" (തലച്ചോറാണ്) ഇത് ഒരു 'കംമ്പ്യൂട്ടർ' പോലെ പ്രവർത്തിക്കുന്നു. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അനസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കുന്ന സന്ദേശങ്ങളെ അവിരാമമായി സ്വീകരിച്ച്, പഠിച്ച് മനസ്സിലാക്കി ക്രോഡീകരിച്ച് യുക്തമായ പ്രതികരണങ്ങൾ ശരീരത്തിലെമ്പാടും എത്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കമ്പ്യൂട്ടർ ആണ് മസ്തിഷ്കം. കോടാനുകോടി കോശങ്ങളും രക്തക്കുഴലുകളും കൊണ്ട് നിറഞ്ഞിരിക്കുന്ന മസ്തിഷ്ക്കത്തിലെ കോശങ്ങൾക്ക് എന്തെങ്കിലും തകരാറു സംഭവിക്കുമ്പോൾ കഴിവു നഷ്ടപ്പെടുന്നു. ഈ അവസ്ഥയെ പൊതുവെ പറയുന്ന പേരാണ് ഡിമൻഷ്യാ (മേധാക്ഷയം). വൃദ്ധജനങ്ങൾക്കുണ്ടാകുന്ന മേധാക്ഷയം അൽഹൈമേഴ്സ് (സെനൈൽഡിമൽഷ്യ) എന്നറിയപ്പെടുന്നു. (Senile Dimentia-Severe form of Mental Deterioration in Old age / Loss of Memory and Control of body Functions).

അൽഹൈമേഴ്സ് രോഗം സാധാരണയായി 60 വയസ്സിനു മുകളിലുള്ളവരിലാണ് കണ്ടുവരുന്നത്. എന്നാൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവർക്കും ഇതു വരണമെന്നില്ല. ഈ പ്രായമുള്ളവരിൽ 20 - ൽ ഒരാൾ മറവി രോഗമുള്ളവരാണ്, 80 വയസ്സുള്ളവരിൽ 5 ൽ ഒരാൾക്ക് മറവിരോഗം ഉണ്ട്. വളരെ ചെറിയ ശതമാനം ആളുകളിൽ 60 വയസ്സിനു മുമ്പ് തന്നെ ഈ രോഗം വരാറുണ്ട്. അൽസ്ഹൈമേഴ്സ് കൂടുതലായി കണ്ടു വരുന്നത് സ്ത്രീകളിലാണ്. സ്ത്രീകൾക്ക് ആയുർദൈർഘ്യം കൂടുതലായതിനാലായിരിക്കാം ഇങ്ങനെ സംഭവിക്കുന്നത്.

നമ്മുടെ അച്ഛനപ്പൂപ്പൻമാർക്ക് മറവിരോഗം ബാധിച്ചിരുന്നു. അത് വാർദ്ധക്യസഹജമായ വൈകല്യമാണെന്നു പറഞ്ഞ് അതിനെക്കുറിച്ചാരും അത്ര വേവലാതിപ്പെട്ടിരുന്നില്ല. അടുത്ത കാലത്താണ് സ്മൃതി നാശം സംഭവിക്കുന്നത് തലച്ചോറിലുള്ള കോശങ്ങൾക്കു കേടു സംഭവിച്ച് തലച്ചോറ് ചുരുങ്ങിപ്പോകുന്നതു കൊണ്ടാണെന്ന് സാധാരണ ജനങ്ങൾ മനസ്സിലാക്കി തുടങ്ങിയത്. 1864 - 1915 കാലഘട്ടത്തിൽ ജീവിച്ചിരുന്ന ജർമ്മൻ ന്യൂറോളജിസ്റ്റ് "അലോയിസ്സ് അൽസ്ഹൈമർ" ആണ് ഇതു സംബന്ധിച്ച് പഠനം നടത്തി ഈ വിവരങ്ങൾ ലോകത്തെ അറിയിച്ചത്. മാനസിക വിഭ്രാന്തിക്കും ഓർമ്മക്കുറവിനും ചികിത്സ തേടിയിരുന്ന ഒരു സ്ത്രീയുടെ തലച്ചോറ് അവരുടെ മരണശേഷം പരിശോധിച്ച് കണ്ടെത്തിയതാണീ രോഗം. അതിനാൽ ഈ രോഗം "ALZHEIMERS DISEAS" എന്നറിയപ്പെടുന്നു. ഇതു ലോപിച്ച് അൽഷിമേഴ്സ് ആയി.

മറവിരോഗമുണ്ടാകുന്നത് തലച്ചോറ് ചുരുങ്ങിപ്പോകുന്നതുകൊണ്ടാണെന്ന് കണ്ടുപിടിച്ചെങ്കിലും അങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണെന്നോ, ചികിത്സിച്ച് ഭേദമാക്കാൻ കഴിയുമോ എന്നും ഇതുവരെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

കോശങ്ങൾ നശിക്കുന്നത് രക്തഓട്ടം കുറയുന്നതുകൊണ്ടാണെന്നും അങ്ങനെ കുറയുന്നത് പാർക്കിൻ സോബിസം കൊണ്ടാകാമെന്നും (പാർക്കിൻ സോബിസം സെറിബെല്ലത്തിലെ ബേസിൽ ഗാംഗ്ലിയ എന്ന ന്യൂറോണിന് കേടുപറ്റി സെറിബെല്ലത്തിനു

നാശം സംഭവിക്കുമ്പോൾ കൈകൾക്കു ചലനശേഷി കുറയുകയും വിറയൽ അനുഭവപ്പെടുകയും ചെയ്യുന്നു. തലക്കുണ്ടാകുന്ന ക്ഷതം, അമിത കൊളസ്ട്രോൾ, രക്തസമമർദ്ദം, ഗുരുതരമായ പ്രമേഹം, സുഷ്മനാനാഡിക്കുണ്ടാകുന്ന ക്ഷതം, അമിത മദ്യപാനം, ലഹരിമരുന്നുകൾ എന്നിവ കൊണ്ട് തലച്ചോറിനുണ്ടാകുന്ന കേടുപാടുകൾ തുടങ്ങിയവ മൂലമാണ് കോശങ്ങൾ നശിക്കുന്നതെന്നു കണ്ടെത്തിയിട്ടുണ്ട്. എങ്കിലും സ്മൃതിനാശത്തിനുള്ള പ്രതിവിധി ഇന്നും അജ്ഞാതമാണ്.

40 വയസ്സിനും 60 വയസ്സിനും ഇടക്കുണ്ടാകുന്ന സ്മൃതിനാശത്തിന് ഡിമൻഷ്യൻ എന്നു പറയുന്നു. (Dementia – Disorder of mental process due to brain disease or injury / organic deterioration of intelligence, memory and orien tation).

ജൻമനായുള്ള ബുദ്ധിവൈകല്യത്തിനും 40 വയസ്സിനു മമ്പും ഉണ്ടാകുന്ന ബുദ്ധിമാന്ദ്യത്തിനും Amnesia എന്നു പറയുന്നു.

**വൈദ്യശാസ്ത്രം ഡിമൻഷ്യയെ നാലായി തരംതിരിച്ചിരിക്കുന്നു.**

1) മൾട്ടിജൻഫാർക്ട്ഡിമൻഷ്യ : രക്തചംക്രമണം ശരിയായി നടക്കാത്തതിനാലുണ്ടാകുന്ന സ്മൃതി നാശം

2) വാസ്കുലർ ഡിമൻഷ്യ : സെറിബ്രൽ ഹെമറേജ് തലച്ചോറിൽ രക്തം കട്ടപിടിക്കൽ തുടങ്ങിയവയാൽ ഉണ്ടാകുന്ന സ്മൃതിനാശം

3) ലൂയിബോഡി ഡിമൻഷ്യ : വിഭ്രാന്തിമൂലമുണ്ടാകുന്ന സ്മൃതി നാശം

4) ഫ്രോണ്ടോടെംപോറൽ ഡിമൻഷ്യ/ പിക്ഡിസീസ്

ഇതിൽ ഏറ്റവും മാരകമായത് ഫ്രോണ്ടോടെംപോറൽഡിമൻഷ്യ/പിക്ഡിസീസ് ആണ്. അൾസ്ഹൈമേഴ്സ് തലച്ചോറിനെ മുഴുവനായി ബാധിക്കുമ്പോൾ പിക്ഡിസീസ് മസ്തിഷ്കത്തിന്റെ മുൻഭാഗത്തെ മാത്രം തളർത്തുന്നു, ഡിമൻഷ്യ രോഗികളിൽ അഞ്ചുശതമാനം പേർ ഫിക്സ് രോഗം ബാധിച്ചവരാണ്. രോഗകാരണം ഇന്നും അജ്ഞാതം.

ഈ രോഗം ബാധിച്ചവർ ഒന്നിലും താല്പര്യമില്ലാതെ ചലനമറ്റ മാംസ പിണ്ഡമായി ജീവിക്കും. ഒന്നും സ്വയം ചെയ്യുവാൻ കഴിയില്ല. ഭാഷ മറന്നു പോകും, സംസാരിക്കുമ്പോൾ വാക്കുകൾ കിട്ടില്ല. വാക്കുകൾ മാറി പോകും, സംസാരം കുറഞ്ഞ് കുറഞ്ഞ് ക്രമേണ ഇല്ലാതാകും, എപ്പോഴും അസ്വസ്ഥനായിരിക്കും. അമിതമായി ഭക്ഷണം കഴിക്കും. കയ്യിൽ കിട്ടുന്നതെന്തും, കല്ലും മണ്ണും വരെ വലിച്ചുവാരി തിന്നും. അവസാനഘട്ടത്തിൽ ഒന്നും കഴിക്കുകയില്ല. 5 വർഷത്തിനുള്ളിൽ രോഗം മൂർഛിക്കും, 10 വർഷത്തിൽ കൂടുതൽ ജീവിച്ചിരിക്കുകയില്ല. ശരാശരി 7 വർഷം. ആന്തരിക രോഗങ്ങൾ കൊണ്ടായിരിക്കും മരണം.

**പ്രാരംഭ ലക്ഷണങ്ങൾ**

സ്ഥല പേരുകളും അടുത്തു പെരുമാറുന്നവരുടെ പേരുകളും മറന്നു പോകുന്നു. ഒന്നും ചിന്തിക്കാനാവില്ല. ഒരു കാര്യവും മുൻകൂട്ടി തീരുമാനിച്ചു ചെയ്യാനാവില്ല. തലേദിവസം കണ്ട സിനിമയിലെ കാര്യങ്ങൾ പോലും ഓർക്കുവാൻ കഴിയില്ല.

അൾസ്ഹൈമേഴ്സ് ഒരു പാരമ്പര്യ രോഗമല്ല. ചികിത്സിച്ചു ഭേദമാക്കുവാൻ കഴിയില്ല. എന്നാൽ ആരംഭദശയിൽ ശാരീരിക, മാനസിക വ്യായാമങ്ങൾ കൊണ്ട് രോഗത്തിന്റെ തീവ്രത അല്പം കുറക്കുവാൻ കഴിയും. ശാരീരിക വ്യായാമത്തിൽ പ്രധാനം നടത്തമാണ്. ദിവസവും ഒരു മണിക്കൂർ നടക്കുക, യോഗാസനങ്ങൾ ചെയ്യുക.

മാനസിക വ്യായാമമെന്നുദ്ദേശിക്കുന്നത് മസ്തിഷ്ക വ്യായാമമാണ്, ചെസ്സ്, ചീട്ട് കണക്കുകളിലെ കളികൾ, പദപ്രശ്നങ്ങൾ, ഇഷ്ടമുള്ള കളികൾ, വിനോദങ്ങൾ, പുതിയ ഭാഷാപഠനം, ധ്യാനം എന്നിവക്ക് സമയം കണ്ടെത്തണം. ദിവസവും കാലത്ത് എഴുന്നേൽക്കുന്നതിനു മുമ്പ് ബെഡ്ഡിൽ കിടന്നുകൊണ്ടുതന്നെ തലേദിവസം കാലത്തു മുതൽ ചെയ്തതും കണ്ടതുമായ കാര്യങ്ങൾ ഓർമിക്കുക, ചിന്തിക്കുക.

അൾസ്ഹൈമേഴ്സ് രോഗിയെ പരിചരിക്കണം. അതുമാത്രമാണ് നമുക്കു ചെയ്യാവുന്ന ഏറ്റവും വലിയ സഹായം.



# ദുര്യോധനപർവ്വം



മൃണാളിനി

(തുടർച്ച)

കൃഷ്ണൻ ദൂതിനുപോയി. ധൃതരാഷ്ട്രർ ഭഗവാന്റെ വരവറിഞ്ഞ് ആനകളും വർദ്ധിച്ച സമ്പത്തും കൊടുത്ത് തൃപ്തനാക്കാമെന്ന് വിദുരരോട് പറഞ്ഞു. ഭഗവാൻ അതുകൊണ്ടൊന്നും തൃപ്തനാവുകയില്ലെന്നും വരുന്നകാര്യം ഉറപ്പിച്ചിട്ടേ പോകുകയുള്ളു എന്നും വിദുരർ മറുപടി പറഞ്ഞു. വൃദ്ധൻ ആശങ്കാകുലനായി. ദുര്യോധനൻ തന്റെ സഹചരരോട് കൃഷ്ണനെ നേരിടാൻ പദ്ധതികൾ സ്വരുക്കൂട്ടി. ഭഗവാൻ എത്തി. പാണ്ഡവർക്കുവേണ്ടി സന്ധിസംഭാഷണം നടത്തി. ആദ്യം അർദ്ധരാജ്യം ആവശ്യപ്പെട്ടു. ദുര്യോധനൻ വഴങ്ങിയില്ല. പിന്നെ അഞ്ചു പ്രദേശങ്ങൾ തന്നാൽ മതി എന്നായി. പിന്നീട് അഞ്ച് ഗ്രാമങ്ങൾ, പിന്നെ അഞ്ച് വീടുകൾ, ഒടുവിൽ ഒരു വീടുകൊണ്ട് തൃപ്തനാവാമെന്ന് ഭഗവാൻ പറഞ്ഞു. സൂചികുത്താൻ ഇടം നല്കില്ലെന്ന് പറഞ്ഞ് ദുര്യോധനൻ അട്ടഹാസം മുഴക്കി. ഭീഷ്മ വിദുരാദികൾ ദുര്യോധനനെ ഉപദേശിക്കാൻ ശ്രമിച്ചു. അയാൾ വഴങ്ങാതെ കോപന്ധനായി ഭഗവാനെപിടിച്ചു കെട്ടിക്കാനുള്ള ശ്രമം നടത്തി. ഭഗവാൻ അയാളെയും അനുചരൻമാരെയും മോഹാലസ്യത്തിലാക്കിയിട്ട് തന്റെ വിശ്വരൂപദർശനം നടത്തി. അന്ധനായ ധൃതരാഷ്ട്രർ പെട്ടെന്ന് കാഴ്ചനേടി ആ ദർശനം കൊണ്ട് സായൂജ്യം കൈക്കൊണ്ടു. എന്നിട്ടും അയാൾക്ക് തന്റെ മകനെ വിവേകത്തിലേക്ക് നയിക്കാൻ കഴിഞ്ഞില്ല. അയാൾ അന്ധത്വത്തിലേക്കു മടങ്ങി.

കൃഷ്ണൻ കുന്തിയെക്കണ്ട് വിവരങ്ങൾ അറിയിച്ചിട്ട് ഉപപ്ളാവ്യത്തിലേക്കു മടങ്ങി. പാണ്ഡവരുമായി കൂടിയാലോചന നടത്തി. യുദ്ധമാണ് അന്തിമ മാർഗ്ഗമെന്ന് നിശ്ചയിച്ചു. എല്ലാവരും ചേർന്ന് അതിനുള്ള ചർച്ചകൾ നടത്തി. കൃഷ്ണൻ ദ്വാരകയിലേക്കു മടങ്ങി. യുധിഷ്ഠിരൻ കൃഷ്ണനെ ആചാരപൂർവ്വം പാണ്ഡവപക്ഷത്തിലേക്കു ക്ഷണിക്കാൻ അർജ്ജുനനെ നിയോഗിച്ചു. അതേസമയം ദുര്യോധനനും, കൃഷ്ണനുമായി വംശബന്ധമുള്ളതുകൊണ്ട് കൃഷ്ണൻ പക്ഷം ചേരണമെന്ന ആവശ്യവുമായി ദ്വാരകയിലേക്ക് പുറപ്പെട്ടു. ഇതെല്ലാം ഉൾക്കണ്ണുകൊണ്ട് കണ്ട ഭഗവാൻ നിദ്ര അഭിനയിച്ചു കിടന്നു. ആദ്യമെത്തിയ ദുര്യോധനൻ ഭഗവാന്റെ ശിരസ്സിനടുത്ത് ഒരു പീഠത്തിൽ ഉപവിഷ്ടനായി. അർജ്ജുനൻ വന്ന് കൃഷ്ണന്റെ കാല്ക്കൽ നിന്നു. ഭഗവാൻ കണ്ണുതുറന്ന് രണ്ടുപേരെയും കണ്ടു. രണ്ടുപേരും ഏതോ ആവശ്യത്തിനായി വന്നതാണെന്നും തേന്നുന്നതുകൊണ്ട് ആദ്യം കണ്ടത് അർജ്ജുനനെ ആയതിനാൽ അർജ്ജുനനോട് തന്റെ ആവശ്യം അറിയിക്കാൻ ഭഗവാൻ പറഞ്ഞു. അർജ്ജുനൻ കൃഷ്ണനോട് സഖ്യം അപേക്ഷിച്ചു. അപ്പോൾ ദുര്യോധനനും തന്റെ ആവശ്യം ഉന്നയിച്ചു. കൃഷ്ണൻ രണ്ടു പേരോടുമായി പറഞ്ഞു "നിങ്ങൾ രണ്ടുപേരും എനിക്കു വേണ്ടപ്പെട്ടവരാണ്. ആരെയും ഉപേക്ഷിക്കാൻ വയ്യ. അതുക്കൊണ്ട് ഒരു മാർഗ്ഗം പറയാം. ഒന്നുകിൽ ആയുധമെടുക്കാത്ത ഞാൻ ഒരു വശംചേരാം. എന്റെ അക്ഷൗഹിണിപ്പടകൾ മറുവശത്തും ഏതു വേണമെന്ന് നിശ്ചയിക്കാം. ആദ്യം അർജ്ജുനന്റെ ഹിതം അറിയട്ടെ" അർജ്ജുനൻ സന്തോഷത്തോടെ ഏകനായ ഭഗവാനെ സ്വീകരച്ചു. ദുര്യോധനനും തുല്യസന്തോഷത്തോടെ ഭഗവാന്റെ സേനയെ സ്വീകരിച്ചു. രണ്ടു പേരും തൃപ്തരായി മടങ്ങി.

യുദ്ധത്തിനുള്ള കാഹളം മുഴങ്ങി. പാണ്ഡവ പക്ഷം ദ്രുപദപുത്രനായ

ദൃഷ്ടദ്യുമ്നന്റെ നേതൃത്വത്തിലും കൗരവപക്ഷം ഭീക്ഷ്മ പിതാമഹന്റെ നേതൃത്വത്തിലും അണിനിരന്നു. പതിനെട്ടു ദിവസം കുരുക്ഷേത്ര ഭൂമിയിൽ നീണ്ടു നിന്ന മഹായുദ്ധം പത്താം ദിവസം ശിഖണ്ഡി (അംബയുടെ പുനർജൻമം) യുടെ പിമ്പിൽ നിന്ന് അമ്പെയ്ത അർജ്ജുനന്റെ ശരമേറ്റ് ഭീഷ്മർ വീണു. അദ്ദേഹം ഒരു ശരശയ്യ ഉയർത്തിച്ച് അതിൻമേൽ ഉത്തരായണ കാലത്തിൽ മരണം വരുവാൻ കാംക്ഷിച്ചു കിടന്നു. ഭീഷ്മർ വീണപ്പോൾ ദ്രോണർ നേതൃത്ത്വം ഏറ്റെടുത്തു.

ദുര്യോധനൻ ദ്രോണരോട് യുധിഷ്ഠിരനെ ജീവനോടെ കീഴടക്കി അധീനത്തിലാക്കാൻ ആവശ്യപ്പെട്ടു. ദ്രോണർക്ക് സന്തോഷമായി. ദുര്യോധനൻ യുധിഷ്ഠിരനെ തോല്പിച്ച ശേഷം യുദ്ധം അവസാനിപ്പിച്ച് അർദ്ധരാജ്യം പാണ്ഡവർക്ക് നല്കാനാണ് ഉദ്ദേശ്യമെന്ന് അദ്ദേഹം കരുതി. ദുര്യോധനന്റെ ഉദ്ദേശം മറ്റൊന്നായിരുന്നു. യുധിഷ്ഠിരൻ അധീനത്തിലായാൽ യുദ്ധം അവസാനിക്കുമെന്നും പിന്നെ ധർമ്മാത്മാവായ യുധിഷ്ഠിരനെ ഒരിക്കൽ കൂടി കള്ളച്ചൂതിൽ ജയിച്ച് കാട്ടിൽ പറഞ്ഞയ്ക്കാമെന്നും അയാൾ മോഹിച്ചു. യുധിഷ്ഠിരൻ എപ്പോഴും അർജ്ജുനന്റെ കാവലിലായിരുന്നതുകൊണ്ട് കൗരവപ്പട മറ്റൊരു തന്ത്രം സ്വരൂപിച്ചു. അർജ്ജുനനെ മറ്റൊരുവശത്ത് യുദ്ധത്തിനായി നിർബന്ധിതനാക്കിയിട്ട് ദ്രോണരുടെ നേതൃത്വത്തിൽ സേനയെ പത്മവ്യൂഹത്തിലാക്കി നിർത്തിയിട്ട് ആക്രമിക്കുക എന്ന് ധീരനായ അർജ്ജുനപുത്രൻ അഭിമന്യു പത്മവ്യൂഹത്തെ ഭേദിച്ച് ശത്രുക്കളെ നേരിട്ടു. അവൻ ജയദ്രഥനാൽ ചതിയിൽ കൊല്ലപ്പെട്ടു. പാണ്ഡവർ ശോകാകുലരായി. അർജ്ജുനൻ സൂര്യനസ്തമിക്കും മുമ്പ് ജയദ്രഥനെ കൊല്ലുമെന്ന് പ്രതിജ്ഞയെടുത്തു. കൗരവർ ജയദ്രഥനെ ഒളിപ്പിച്ചു വച്ചു. ഭഗവാൻ തന്റെ സുദർശനം കൊണ്ട് സൂര്യനെ മറച്ചപ്പോൾ ജയഭേരിയോടെ പുറത്തുവന്ന ജയദ്രഥനെ വീണ്ടും സൂര്യപ്രഭയിൽ അർജ്ജുനൻ അമ്പെയ്തു വീഴ്ത്തി, തന്റെ പ്രതിജ്ഞ നിറവേറ്റി.

ദ്രോണരുടെ ആക്രമണം തടുക്കാൻ പാണ്ഡവർ നന്നെ ബുദ്ധിമുട്ടി. ഭീമസേനന്റെ മകൻ ഘടോൽക്കചൻ എന്ന രാക്ഷസകുമാരൻ തന്റെ സൈന്യത്തോടുകൂടി കൗരവരെ നേരിട്ടു. അയാളെ തടുക്കാൻ യാതൊരു വഴിയുമില്ലെന്നു കണ്ടപ്പോൾ ദുര്യോധനൻ കർണ്ണനോട് ഘടോൽക്കചനെ ഏതു വിധേനനയും കൊല്ലുവാൻ അപേക്ഷിച്ചു. കർണ്ണൻ തന്റെ കവചകുണ്ഡലങ്ങൾക്കു പകരം ഇന്ദ്രനിൽ നിന്നും ലഭിച്ച വജ്രായുധം മറ്റു വഴിയില്ലാതെ ഘടോൽക്കചനുനേരെ പ്രയോഗിച്ചു. അയാൾ പോർക്കളത്തിൽ മരിച്ചു വീണു. അങ്ങിനെ പാണ്ഡവർക്ക് രണ്ടു ധീരൻമാരായ കുമാരൻമാരെ നഷ്ടപ്പെട്ടു. ഭീമസേനന്റെ ശോകത്തിന് അതിരില്ലായിരുന്നു.

ദ്രോണരുടെ ബ്രഹ്മാസ്ത്രത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരു മാർഗ്ഗമേയുള്ളു എന്ന് ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു. ദ്രോണരുടെ പുത്രനായ അശ്വത്ഥാമാവ് മരിച്ചു എന്നു വിളിച്ചു പറയുക അപ്പോൾ പുത്രശോകത്താൽ നിർവ്വീര്യനാകുന്ന ദ്രോണരെ കീഴ്പ്പെടുത്തുക. പാണ്ഡവർ ഇതുകേട്ടു നടുങ്ങി. പക്ഷേ യുധിഷ്ഠിരൻ ആ ദൗത്യം ഏറ്റെടുത്തു. ആദ്യം ഒരാനക്ക് അശ്വത്ഥാമാവ് എന്ന് പേരിട്ട് ഭീമസേനൻ അതിനെ ഗദ കൊണ്ട് അടിച്ചു കൊന്നു. എന്നിട്ട് "അശ്വത്ഥാമാവ് മരിച്ചു" എന്ന് വിളിച്ചു പറഞ്ഞു. ഇതുകേട്ട് ഞെട്ടിയ ദ്രോണർ ഇത് വാസ്തവമാണോ എന്ന് യുധിഷ്ഠിരനോട് ചോദിച്ചു. യുധിഷ്ഠിരൻ പറഞ്ഞു "ശരിയാണ് അശ്വത്ഥാമാവ്" മരിച്ചു. പിന്നെ വളരെ പതിയെ "അശ്വത്മാമാവ് എന്ന ആന". അത് യുദ്ധത്തിന്റെ കാഹളധ്വനിയിൽ മുങ്ങിപ്പോയി. ദ്രോണർ ആയുധങ്ങൾ വെടിഞ്ഞ് രഥത്തിൽ തളർന്നിരുന്ന ധ്യാനാവസ്ഥയിലായി. അപ്പോൾ ദൃഷ്ടദ്യുമ്നൻ രഥത്തിൽ ചാടിക്കയറി. വാളുകൊണ്ട് തന്റെ ജൻമശത്രുവിന്റെ തലയറുത്തു. മഹാഭാരതയുദ്ധത്തിലെ മറ്റൊരേട് അവസാനിച്ചു.

അടുത്തതായി കർണ്ണൻ നേതൃത്വത്തിലെത്തി. ദുര്യോധനന് പ്രതീക്ഷയായി. അർജ്ജുനൻ കർണ്ണനെ നേരിടാനെത്തി. ഭീമസേനൻ പിമ്പേ സഹായത്തിനും. അപ്പോൾ ദുശ്ശാസനനാൽ എതിരിട്ടപ്പോൾ ഭീമസേനന് കലിയിളകി. പണ്ട് ദ്രൗപദിയെ മുടിക്കുകുത്തിപ്പിടിച്ച് വലിച്ചതും വസ്ത്രാക്ഷേപം ചെയ്തതും ഓർമ്മ വന്നു. അയാൾ ദുശ്ശാസനനെ

കീഴ്പ്പെടുത്തി. അവയവങ്ങൾ പിച്ചിച്ചീന്തി രക്തം വലിച്ചു കുടിച്ചു. യുദ്ധക്കളത്തിൽ സംഹാരതാണ്ഡവമാടി. പണ്ട് കൗരവ സഭയിൽ വച്ചെടുത്ത പ്രതിജ്ഞ നിറവേറ്റി.

അതേ സമയം കർണ്ണൻ അർജ്ജുനനു നേരെ ശരം തൊടുത്തു. ഭഗവാൻ വിദഗ്ദ്ധമായി തേരിന്റെ മുൻഭാഗം ഭൂമിയിലാഴ്ത്തി. എങ്കിലും അർജ്ജുനന്റെ ശിരോകവചം തെറിച്ചു. ഒരു നിമിഷത്തേക്കു പതറിയെങ്കിലും വീണ്ടും കർണ്ണനു നേരെ അർജ്ജുനൻ ശരവർഷം ചൊരിഞ്ഞു. കർണ്ണന്റെ തേര് ഒരു വശം ഭൂമിയിലാണ്ടു. അയാൾ തേരുയർത്താൻ ശ്രമിച്ചിട്ടും പറ്റിയില്ല. കർണ്ണന് ഗുരുശാപമുണ്ടായിരുന്നതുകൊണ്ട് തക്കസമയത്ത് മന്ത്രസിദ്ധികളെല്ലാം വിസ്മൃതിയിലാണ്ടു. അയാൾ അർജ്ജുനനോട് ധർമ്മനീതിയുടെ പേരിൽ തേരുയർത്തുന്നത് വരെ അമ്പെയ്യുന്നതിൽ നിന്ന് പിൻവാങ്ങണമെന്ന് പറഞ്ഞു. അപ്പോൾ മാധവൻ കർണ്ണനോട് ഓരോന്നോരോന്നായി അയാളുടെ ദുഷ്കൃതികൾ ഓർമ്മിപ്പിച്ചു. പാണ്ഡവരെ അരക്കില്ലത്തിലിട്ട് ചുട്ടു കൊന്നതുതൊട്ട് കള്ളച്ചൂതിൽ യുധിഷ്ഠിരനെ കുടിക്കിയതിനും ദ്രൗപദിയെ വസ്ത്രാക്ഷേപം ചെയ്യുന്നതിനും ഈ യുദ്ധത്തിനും കളമൊരുക്കുന്നതിനും അയാൾക്കുള്ള പങ്ക് വിവരിച്ച് ധർമ്മാധർമ്മങ്ങളെപ്പറ്റി പറയാൻ അയാൾക്ക് എന്താണവകാശമെന്ന് ഭഗവാൻ ചോദിച്ചു. ധർമ്മബോധത്തിലമർന്ന അർജ്ജനനോട് ഭഗവാൻ കർണ്ണന്റെ നേരെ അസ്ത്രമയച്ചു കൊള്ളാൻ പറഞ്ഞു. അങ്ങിനെ അർജ്ജുനന്റെ കയ്യാൽ രാധേയൻ പരലോകം പൂകി.

ദുര്യോധന്റെ ദുഃഖത്തിനതിരില്ലായിരുന്നു. അതുകണ്ടു ദയ തോന്നിയ കൃപാചാര്യർ ദുര്യോധനനോട് ഇവിടം കൊണ്ട് യുദ്ധം നിർത്തി സമാധാനത്തിനു യത്നിക്കാമെന്നു പറഞ്ഞു. ദുര്യോധനൻ പറഞ്ഞു "ഇനി സമാധാനത്തിനു യത്നിച്ചിട്ടെന്തു കാര്യം. നമ്മുടെ ഭാഗത്തും അവരുടെ ഭാഗത്തും ഒരുപാട് രക്തപ്പുഴയൊഴുകി. അനേകം ജീവൻ ബലിയർപ്പിക്കപ്പെട്ടു. ഇനി ഞാൻ പിൻതിരിഞ്ഞാൽ ഒരു ഭീരുവായി ചരിത്രം എന്നെ വിലയിരുത്തും". കേട്ടു നിന്നവർ ഹർഷാരവം മുഴക്കി.

വീണ്ടും യുദ്ധം തുടങ്ങി. ശല്യർ നായക സ്ഥാനം വഹിച്ചു. ഇതിനിടെ സഹദേവൻ കുന്തമെറിഞ്ഞ് ശകുനിയുടെ തലയറുത്തു. "കൗരവർക്ക് ദുർബുദ്ധി ഉപദേശിച്ച നീചാ, നിന്റെ തല മണ്ണിൽ ഉരുളട്ടെ" എന്നു പറഞ്ഞാണ് ശകുനിയെ കൊന്നത്. ശല്യരെ ധർമ്മപുത്രർ എതിരിട്ടു. സ്വതവേ ശാന്തനായ യുധിഷ്ഠിരൻ ധീരമായ യുദ്ധത്തിനുശേഷം അയാളെ പരലോകത്തിനയച്ചു. ഭീമസേനനെ വളഞ്ഞ ദുര്യേധനനൊഴിച്ചുള്ള ധൃതരാഷ്ട്ര പുത്രൻമാരെ അയാൾ കൊന്നൊടുക്കി. ഇനി ദുര്യോധനന്റെ സമയം വരുന്നുണ്ട് എന്നയാൾ മനസ്സിൽ കരുതി. നായകൻമാരില്ലാത്ത കൗരവപ്പട നാനാവിധം പാഞ്ഞു. ദുര്യോധനൻ താൻ ഒറ്റക്കായി എന്നു മനസ്സിലാക്കി.

അയാൾ തന്റെ ഗദയുമെടുത്ത് ഒരു ജലാശയത്തിൽ പോയി മുങ്ങിക്കിടന്നു. യുധിഷ്ഠിരനും സഹോദരൻമാരും അയാളെ പിൻതുടർന്നു. യുധിഷ്ഠിരന്റെ നിന്ദാവചനങ്ങൾ കേട്ട് പുറത്തുവന്ന ദുര്യോധനൻ പറഞ്ഞു "ഞാൻ ഭീരുവായിട്ടു മുങ്ങിയതല്ല. എന്റെ തപിക്കുന്ന ഹൃദയത്തെ തണുപ്പിക്കുവാനാണ്. എന്റെ സഹോദരൻമാരും ബന്ധുക്കളും അനുചാരൻമാരും സ്നേഹിതരും എല്ലാം വധിക്കപ്പെട്ടു. ഇനി എനിക്ക് രാജ്യമെന്തിനാണ്. ഞാൻ നിങ്ങൾക്കു വിട്ടു തന്നിരിക്കുന്നു. മുഴുവൻ രാജ്യവുമെടുത്ത് സ്വസ്ഥമായി വാഴുക. യുധിഷ്ഠിരൻ പുച്ഛത്തോടെ പറഞ്ഞു". "താങ്കൾ ഇപ്പോൾ വളരെ ദയാപൂർവ്വം ഞങ്ങൾക്കു രാജ്യം ദാനം ചെയ്തിരിക്കുന്നു. വളരെ നന്ദി. പക്ഷേ ഞങ്ങൾ സമാധാനത്തോടെ അർദ്ധരാജ്യത്തിനപേക്ഷിച്ചപ്പോൾ സൂചി കുത്താനിടം നൽകുകയില്ലെന്നു പറഞ്ഞത് മറന്നു പോയോ. ക്ഷത്രിയനാണെങ്കിൽ ഞങ്ങളോട് എതിരിടുക". ദുര്യോധനൻ പറഞ്ഞു. "ഞാൻ നിങ്ങളിലൊരാളോട് യുദ്ധത്തിന് തയ്യാറാണ്. തീർച്ചയായും നിങ്ങളെല്ലാവരും കൂടി ഏകനായ എന്നെ എതിരിടുകയില്ലെന്ന് കരുതട്ടെ". യുധിഷ്ഠിരൻ അയാളെ കുമാരനായ അഭിമന്യുവിനെ എല്ലാവരും കൂടി വളഞ്ഞ് എങ്ങനെ വധിച്ചു എന്നോർമ്മിപ്പിച്ചു. എന്നിട്ട് പറഞ്ഞു ഞങ്ങൾ

അഞ്ചുപേരുണ്ട്. ഇഷ്ടമുള്ള ആളെ തിരഞ്ഞെടുക്കാം. യുദ്ധത്തിൽ ജയിച്ചാൽ രാജ്യം വീണ്ടെടുക്കാം.

ദുര്യോധനൻ തനിക്ക് ചേരുന്നത് ഭീമസേനനാണെന്നു പറഞ്ഞ് ഗദയുദ്ധത്തിന് തയ്യാറായി. ഉഗ്രമായ പോരാട്ടം നടന്നു. ഭീമസേനൻ തളരുവാൻ തുടങ്ങി. അപ്പോൾ ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് സംസാരിക്കുന്ന ഭാവേന ഭീമസേനൻ കാൺകെ സ്വന്തം തുടയിലേക്ക് ചൂണ്ടിക്കാട്ടി. കാര്യം മനസ്സിലാക്കിയ ഭീമൻ ദുര്യോധനനെ തുടയിലടിച്ചു വീഴ്ത്തി. ഇത് ഗദായുദ്ധത്തിന്റെ ന്യായനീതിക്ക് എതിരാണ്.

നിലത്തു വീണ ദുര്യോധനൻ ദുഃസ്സഹമായ വേദനക്കിടയിലും കൃഷ്ണനെ എണ്ണിയെണ്ണിപ്പറഞ്ഞ് ഭത്സിച്ചു. കൃഷ്ണൻ പ്രതിവചിച്ചു. "ഹേ ദുര്യോധനാ മരണസമയത്തും നിന്റെ ധാഷ്ട്ര്യം കളയാതെ നീ പുലമ്പുന്നു. വാസ്തവത്തിൽ നിന്റെ ദുർബുദ്ധിയും അനാശാസ്യമായ കൂട്ടുകെട്ടുമാണ് നിനക്കീ ദുരവസ്ഥ വരുത്തി വച്ചത്. നിന്റെ കർമ്മത്തിന്റെ ഫലം നീ കൊയ്യുന്നു. അതിന് ഞങ്ങളെ പഴിച്ചിട്ടെന്തു കാര്യം".

വർദ്ധിച്ച ശൗര്യത്തോടെ വേദനകാര്യമാക്കാതെ മണ്ണിൽ കയ്യൂന്നി തലയുയർത്തി ദുര്യോധനൻ ഉത്ഘർഷിച്ചു "ഞാൻ വേദാചാരങ്ങൾ പ്രകാരം ദാനം ചെയ്തിട്ടുണ്ട്. ദേവൻമാർ പോലും കൊതിക്കുന്ന രാജകീയസുഖഭോഗങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഇന്ന് ഞാൻ ധീരനായ പോരാളിയെപ്പോലെ യുദ്ധഭൂമിയിൽ വീണ് വീരസ്വർഗ്ഗം പ്രാപിക്കുന്നു. നികൃഷ്ടത്മാക്കളായ നിങ്ങൾ ബന്ധുമിത്രാദികളില്ലാത്ത ഭൂമിയിൽ വളരെക്കാലം നരകിച്ച് ജീവിക്കും. എന്റെ സഹോദരൻമാരും ബന്ധുക്കളും ആത്മമിത്രവും എന്നെ കാത്തിരിക്കുന്ന സ്വർഗ്ഗലോകത്തേക്ക് ഞാൻ യാത്രയാവുന്നു". ഇത്രയും പറഞ്ഞ് അയാൾ ഭൂമിയിൽ വീണു. ദേവകൾ പുഷ്പവൃഷ്ടി നടത്തി. ഏതൊരാസുരജൻമത്തിനുമുണ്ടാകും മാഹാത്മ്യത്തിന്റെ ഒരു നേർവെളിച്ചം.

മാധവൻ പറഞ്ഞു. "നമുക്കിനിയിവിടെ കാര്യമില്ല. ദുഷ്ടാത്മാവെങ്കിലും അയാൾ മഹാനായ യോദ്ധാവായിരുന്നു". അവർ അവിടെ നിന്നും യാത്രയായി. ദുര്യോധനന്റെ പതനത്തോടെ മഹാഭാരത യുദ്ധം അവസാനിച്ചു. ഒരു യുഗത്തിന്റെ അന്ത്യത്തിന്റെ നാന്ദി കുറിക്കുന്ന ഒരേട് അവസാനിച്ചു.

# സ്ത്രീയും പുരുഷനും

ചെങ്ങാലൂർ പെരുമാരാത്ത്

സാരിയാൽ ശോഭിതേ നാരി
കാറ്റത്തു സാരി പാറും
പാറുന്ന സാരിയുമായി
മുള്ളിനരികെ പോയാൽ
അതു കീറുമെന്നതു നിശ്ചയം
സാരി കീറുമ്പോൾ
മുള്ളിനും ക്ഷതമേൽക്കുമല്ലോ
കൂടാതെ, കീറിയസാരി
തുന്നിശരിയാക്കാം;
എന്നിരിക്കെ, സാരി കീറുമെന്നു-
പേടിച്ച് അകത്തിരിക്കണോ?

കീറിയ സാരി തുന്നി ശരി-
യാക്കാമെന്നതു ശരിതന്നെ;
എന്നാൽ, മുള്ളിനരികത്തുകൂടെ
പോകാതിരിക്കുന്നതല്ലേ
സോദരീ കൂടുതൽ നല്ലത്.



(തുടർച്ച)



# വേറിട്ടൊരാത്മനാദം

ജി.മാധവൻനായർ

പെട്ടെന്ന് ബസ്സിന്റെ പ്രയാണത്തിനൊരു തടസ്സം നേരിട്ടതിനാൽ അയാൾ മയക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. വീട്ടിലെത്താൻ ഇനി അധികം സമയം വേണ്ടിവരില്ല.

പ്രധാനപ്പെട്ട നാലു വഴികൾ സന്ധിക്കുന്ന സ്ഥലത്ത് എത്തി, മുന്നോട്ടുള്ള ഗമനത്തിനു വേണ്ടുന്ന അനുവാദം ലഭിക്കുന്നതിലേക്കുള്ള 'ഗതാഗതവിളക്ക്' തെളിയാൻ കാത്തുകിടന്നു. അപ്പോൾ അങ്ങേവശത്ത് നിന്നും വന്ന ഒരു കാറിൽ, അയാൾ തന്റെ മറ്റൊരു ജ്യേഷ്ഠൻ വരുന്നതുകണ്ടു. വളരെ അകലെയുള്ള ഒരു മലമ്പ്രദേശത്ത് സ്ഥിരമായി വസിക്കുന്ന അദ്ദേഹം നഗരത്തിലുള്ള മകളുടെ വീട്ടിൽ വന്നിട്ടു പോകുന്നതായിരിക്കും. കുടുംബ പ്രാരബ്ധത്തിൽ ഒരു കാലത്തും സജീവമായ പങ്കുവഹിക്കാത്ത അദ്ദേഹം കളത്രപുത്രാദികളോടെ സസുഖം വാഴുന്നതായിട്ടാണറിവ്. വല്ലപ്പോഴും അദ്ദേഹത്തിന്റെ ഏതെങ്കിലും ആവശ്യത്തിനായി ഒരു ഫോൺ വിളിയിൽ ആ ബന്ധം ഒതുങ്ങുന്നു.

നഗരത്തിലെത്തി വീടിനടുത്തേയ്ക്ക് പോകുന്ന ചെറുവഴിയുടെ തുടക്കത്തിലുള്ള ബസ്റ്റോപ്പിലിറങ്ങി. അവിടെനിന്നും ഗൃഹത്തിലേയ്ക്ക് നടക്കാവുന്ന ദൂരമേയുള്ളൂ. എന്നാലും ഇന്നെന്തോ സ്വല്പം ക്ഷീണം ബാധിച്ചതായി തോന്നുന്നു. ഓട്ടോപിടിച്ചുകളയാം. ക്ഷേത്രത്തോടു തൊട്ടുകിടക്കുന്ന, കുടുംബവീടുകളിൽ ആദ്യത്തേത് തന്റേതാണ്.

വീടിന്റെ പടിതുറന്ന്, തൊടിയിൽ പ്രവേശിച്ചു.

അവിടെ ചെടികൾക്ക് വെള്ളം നനച്ചുകൊണ്ട് ഭാമിനി നിന്നിരുന്നു. പോയ സ്ഥലത്തെ വിശേഷങ്ങൾ തിരക്കി മുന്നോട്ടു വന്ന അവർ വെള്ളമുതിർത്തിരുന്ന 'ഹോസ്' താഴെ ഇട്ട് മെല്ലെ വീട്ടിനടുത്തു വന്ന്, പുറമെയുള്ള 'ഇരുമ്പു' മറ തുറന്ന് വരാന്തയിലേയ്ക്ക് കയറി. വീട്ടിനകത്തേക്കുള്ള വാതിൽ സാധാരണ ആളുള്ളപ്പോൾ അടയ്ക്കാറില്ല. അകത്ത് പ്രവേശിച്ച അവർ തളത്തിലിരുന്ന് വിശേഷങ്ങൾ കൈമാറി.

'ഞാനൊന്ന് പെട്ടെന്ന് കുളിച്ച് തയ്യാറാവാം. നീ പ്രാതൽ എടുത്ത് വച്ചോളൂ. എന്താണിന്നത്തെ വിഭവം?' അയാൾ പ്രഭാതഭക്ഷണമറിയുവാൻ തിടുക്കം കൂട്ടി 'ഗോപിയേട്ടന്റെ ഇഷ്ടവിഭവം തന്നെ പുട്ടാണ്. പഴത്തിനു പുറമേ, പപ്പടവും കടലയുമുണ്ട്. വേഗം വന്നോളൂ'. മിനിയെന്ന ഭാമിനിക്കതിൽ അനല്പമായ സന്തോഷമുണ്ടായി. അയാൾ, കുളിമുറിയിലേയ്ക്ക് കയറി 'ഗീസൽ' പ്രവർത്തിപ്പിച്ചും അതിനിടയ്ക്ക് പച്ചമരുന്ന് കൂട്ടുകൊണ്ട് നിർമ്മിതമായ പൽപൊടി ഉപയോഗിച്ച് ദന്തധാവനം നടത്തി. മുറിയിലുള്ള ഷെൽഫിൽ വച്ചിരുന്ന മുറുക്കിയ വെളിച്ചെണ്ണയെടുത്ത് തലയിൽ ഒന്നു പൊത്തിയശേഷം ചൂടുവെള്ളം നിറയാത്ത പാത്രത്തിൽ പാകത്തിനു പച്ചവെള്ളം കൂടി ചേർത്ത് പെട്ടെന്നുതന്നെ 'നീരാട്ടു' നടത്തി. പുറത്തുവന്ന് വസ്ത്രങ്ങൾ മാറി പൂജാ മുറിയിൽ കയറി അവിടെ സൂക്ഷിച്ചിരുന്ന 'ഡപ്പി'യിൽ നിന്നും ഭസ്മമെടുത്ത് നെറ്റിയിൽ കുറിയിട്ടു. ചമ്രം പടിഞ്ഞിരുന്ന് കുറച്ചുനേരം ദേവിസ്തോത്രം ഉരുവിട്ടു.

ഭാര്യയുടെ ക്ഷമ കൂടുതൽ പരീക്ഷിക്കാതെ ഊണുമുറിയിൽ ചെന്ന് തീൻ മേശക്കരികിലുള്ള കസേരയിൽ മെല്ലെ ഇരുന്നു. അടുത്തടുത്തുള്ള ഇരിപ്പിടങ്ങളിലായി പ്രാതൽ കഴിക്കുവാൻ തുടങ്ങി, അവർ രണ്ടാളും. അതിനിടയ്ക്ക് ഫോൺ ശബ്ദിച്ചതിനാൽ ഭാര്യ എഴുന്നേറ്റു പോയി യന്ത്രം കൈയ്യിലെടുത്തു.

ഗൾഫിലുള്ള മകളാണ്. ഇവിടുത്തെ വിശേഷങ്ങളെല്ലാം കൃത്യമായി തന്നെ അവൾ ചോദിക്കുകയും അതിന് അവളുടെ അമ്മ തൃപ്തികരമായി മറുപടി പറയുകയും ചെയ്യാറുണ്ട്. അതിനുശേഷമേ അയാൾക്ക് ഫോൺ കിട്ടാറുള്ളൂ. ഇന്നങ്ങിനെ യന്ത്രം കിട്ടിയ

മുറയ്ക്ക് രാവിലെ മകളെ പുറത്തുകൊണ്ടു പോയതിനു പുസ്തകങ്ങൾ വാങ്ങികൊടുത്ത തിനുമെല്ലാം സന്തോഷിക്കുന്നതായി പറഞ്ഞിട്ട് ദ്വീപിലെ വിശേഷമായി അവിടെ ചൂടു കൂടുതലും പൊടിക്കാറ്റുണ്ടെങ്കിലും ഇടയ്ക്ക് ഇപ്പോൾ മഴപെയ്യാറുണ്ടെന്നുള്ള ആഹ്ലാദകര മായ വാർത്ത അവളറിയിച്ചു. കൂട്ടത്തിൽ അവിടെ ജോലിചെയ്യുന്ന ഭർത്താവിന് അടുത്തുതന്നെ ഒരു ഉദ്യോഗകയറ്റം ലഭിക്കു വാൻ സാദ്ധ്യത ഉണ്ടെന്നു കൂടി പറഞ്ഞിട്ട് മകൾ ഹോസ്റ്റലിൽ എത്തിയോ എന്ന് അന്വേഷിക്ക ണം എന്ന് ചിരിയോടെ ഉരുവിട്ടു അവൾ ഫോൺ താഴെവച്ചു.

ഇന്നേതായാലും പ്രഭാത ഭക്ഷണം വളരെ വൈകിപോയി. ശേഷിച്ച പുട്ടും കടലയുമെല്ലാം നല്ല വേഗതയിൽ തന്നെ കഴിച്ചശേഷം അയാൾ മുറ്റത്തേക്കിറങ്ങി. അവിടെ പൂന്തോട്ടത്തിൽ നിന്നിരുന്ന അല്പം ചില ചെടികൾക്ക് ജലധാര നടത്തി. വേനലിന്റെ കാഠിന്യത്തിൽ മിക്കതും വാടിതളർന്നു നില്ക്കുകയാണ്. ഒട്ടും വളക്കൂറുള്ള മണ്ണല്ല. കുറച്ച് ചാണകവും ചാരവുമെല്ലാം ഇടണം. അടുക്കളക്ക് പുറകിൽ ചാക്കിൽ വച്ചിരുന്ന പൊടിച്ച ഉണക്ക ചാണകമെടുത്തു കൊണ്ടുവന്നു തൂകി. ചാരത്തിനു, മാവിൽ നിന്ന് വീണ ഉണങ്ങിയ ഇലകൾ കത്തിക്കണം. കൂട്ടികിടന്നിരുന്ന കരിയിലകൾ ചൂലുകൊണ്ട് വന്ന് അടിച്ച് കൂമ്പാരമാക്കിയശേഷം ഭാര്യയെ വിളിച്ചു. അവർ, തീപ്പെട്ടിയുമായെത്തി. കരിയിലശേഖരത്തിനു തീയിട്ടു. ഇനി ചൂടാറി ക്കഴിഞ്ഞശേഷം ചാരം ചെടികളുടെ ചുവട്ടിലിടാം.

രാവിലെ വന്ന പത്രങ്ങൾ തുറന്നു നോക്കിയിട്ടില്ല ഭാമിനി, ഇംഗ്ലീഷും മലയാളവും ഭദ്രമായി എടുത്തുകൊണ്ടുവന്ന് സ്വീകരണമുറി യിലെ ടീ പോയിൽ വച്ചിട്ടുണ്ട്. ആദ്യം മലയാള ദിനപത്രം തന്നെയാകാം. നാട്ടിൽ നടക്കുന്ന വിശേഷങ്ങളെല്ലാം ഒന്നറിയണമല്ലോ. ടി.വി.യുടെ മുകളിലിരിക്കുന്ന കണ്ണടയെടുത്തു കൊണ്ടു വന്ന്, ചാരുകസ്സേരയിലിരുന്ന് പത്രം നിവർത്തി. പതിവു പോലെ ഒന്നാം പേജിൽ സംഭ്രമജനകമായ വാർത്തകൾ വലിയ അക്ഷരങ്ങളിൽ സ്ഥലം പിടിച്ചിരുന്നു. 3 - ാം പേജ് തൊട്ടങ്ങോട്ടു സ്ത്രീ പീഠനങ്ങളും, കൊലപാതകങ്ങളും കിടിലൻ മോഷണങ്ങ ളുമാണ്, ഇപ്പോൾ പത്രത്തിൽ പരസ്യങ്ങൾ കഴിഞ്ഞാൽ കൂടുതൽ വിവരങ്ങൾ കൊണ്ട് പേജുകൾ നിറക്കപ്പെടുന്നത്.

മലയാളപത്രം ഒരുവിധം തീർത്തതിനു ശേഷം ഇംഗ്ലീഷു കടലാസ്സു കൈയിലെടുത്തു. ധാരാളം പേജുകളുള്ളതിനാൽ ഇനി കിടപ്പു മുറിയിൽ ചെന്ന് ശയ്യയിൽ കിടന്നു കൊണ്ടാവാം വായന. മുറിയിൽ പ്രവേശിച്ച് ഫാൻ നല്ല വേഗതയിൽ തന്നെ ചലിപ്പിച്ചു കൊണ്ട് തലയിണകൾ കട്ടിലിന്റെ തലയ്ക്കൽ ഉയർത്തി വച്ച് ചാരി കിടന്നുകൊണ്ട് പേപ്പർ കൈയ്യിലെടുത്ത് വായന ആരംഭിച്ചു. നിമിഷ ങ്ങൾ വേണ്ടി വന്നില്ല കണ്ണു കളടയാൻ.

അധികസമയമങ്ങിനെകിടക്കേണ്ടി വന്നില്ല. ഏതോ, ഒരു സന്ദർശകന്റെ 'മണിയടി' കേട്ടു പൂമുഖപടിവാതില്ക്കലെത്തി. പതിവായി ഭാഗ്യക്കുറി ടിക്കറ്റുകൾ കൊണ്ടുവരുന്ന കിഴവനാണ്. ഒരുകാലത്ത് പച്ചക്കറി കച്ചവടം നടത്തിയിരുന്ന അയാൾക്ക് ഭാരം ചുമക്കുവാൻ ആരോഗ്യസ്ഥിതി അനുവദിക്കാതെ വന്നപ്പോൾ തുടങ്ങിയതാണീ ഇടപാട്. ഭാര്യ വന്ന് ടിക്കറ്റുകൾ മറിച്ചുനോക്കി. അൻപതുരൂപയുടെ ടിക്കറ്റെടുത്ത് പൈസ നൽകി, അയാളെ യാത്രയാക്കി.

'എന്താ നിനക്കീയടെയാണല്ലോ, ഭാഗ്യപരീ ക്ഷണത്തിൽ ഒരു വിശ്വാസം വന്നിരിക്കുന്നത്.'

അയാൾക്ക്, ജീവിതത്തിൽ ഒരിക്കൽ പോലും ഷോഡതിയടിച്ചിട്ടില്ലാത്തതിനാലും അതിൽ വിശ്വാസ്യത പുലർത്തുവാൻ സാദ്ധ്യമല്ലാത്തതി നാലും ആണ് അങ്ങിനെചോദിച്ചത്.

'ഭാഗ്യം എപ്പോഴാണ് പ്രത്യക്ഷപ്പെടുക എന്നു പറയുവാൻ പറ്റില്ല!

ഭാര്യയ്ക്ക് വലിയ തുകകളൊന്നും ഭാഗ്യപരീക്ഷണത്തിൽ ലഭ്യമായില്ലെങ്കിൽ കൂടി ഒരു ശുഭാപ്തി വിശ്വാസക്കാരിയാണ്. പക്ഷേ ഒരു നിമിഷം കൊണ്ട് അതിനു ഭംഗം വരുത്തുവാൻ തമിഴ് നാട്ടുകാരൻ പയ്യൻ ഇസ്തിരിയിട്ട വസ്ത്രങ്ങളുമായി കടന്നുവന്നു. ചേച്ചി, ഞാനെപ്പോഴും ടിക്കറ്റ് എടുക്കാറുണ്ട് ഇന്നുവരെ ഒന്നും കിട്ടിയിട്ടില്ല. ഈ ലോട്ടറിക്കാരന്റെ കൈയ്യീന്ന് ആർക്കും ഇതുവരെ ഒന്നും അടിച്ചിട്ടില്ല. എന്നാണെല്ലാ വരും പറേണത്. അവനങ്ങിനെ പറഞ്ഞെങ്കിലും അന്നും വൃദ്ധന്റെ പക്കൽ നിന്നും ഒരു ടിക്കറ്റെടുത്തിരുന്നു.

ഭാര്യ വേണ്ടുവോളം സമയമെടുത്ത് കുളിയും തേവാരവുമെല്ലാം കഴിഞ്ഞു വന്നപ്പോൾ ഉച്ചയൂണിന്റെ സമയമെല്ലാം

കഴിഞ്ഞിരുന്നു. വയറ്റിനകത്ത് കല്ലുപോലെ കിടന്നിരുന്ന പുട്ടിനും, കടലക്കും പഴത്തിനു മെല്ലാം വലിയ ചലനങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല കുറച്ചു കൂടി കഴിഞ്ഞാണവർ തീൻ മേശയ്ക്ക് സമീപമെത്തിയത്. വിളമ്പെല്ലാം കഴിഞ്ഞു, കസേരയിലി രിക്കുമ്പോൾ ഫോണിൽ നിന്ന് മണിനാദം ശബ്ദിച്ചു. ഭാര്യ തന്നെ എടുത്തുനോക്കു മ്പോൾ, ലണ്ടനിൽ നിന്നാണ്. അവിടെയാണ് ഇളയമകൾ. അവൾ കാലാവസ്ഥയും അവളുടെ കുട്ടികളുടെ വിശേഷവും, ഭർത്താവിന്റെ ജോലിക്കാര്യവുമെല്ലാം പറഞ്ഞു തീർന്നപ്പോൾ ധാരാളം സമയമെടുത്തു. അവൾ അച്ഛനെ തിരക്കിയപ്പോൾ അമ്മ മകളോടു, ഇവിടെ തന്നെയുണ്ടെന്നു പറഞ്ഞ് അയാൾക്ക് ഫോൺ കൊടുത്തു.

അയാൾ വിശേഷമെല്ലാം മകളോടന്വേ ഷിച്ചു. നാട്ടിലെ പ്രമാണിമാരുടെ കാര്യങ്ങൾ ഫലിതരൂപേണ ഉണർത്തിച്ചു. കുട്ടികളുടെ പഠിത്തവും കളികളുമെല്ലാം അവൾ ചുരുക്കത്തിൽ വിവരിച്ചു. അവളുടെ ഭർത്താവ് ഇപ്പോൾ കുറച്ചകലെയുള്ള ഒരു സ്ഥലത്താണ് പണി എടുക്കുന്നതെന്നും, ആഴ്ചയിലൊ രിക്കലെ വീട്ടിലെത്തുകയുള്ളുവെന്നും അടു ത്തെല്ലാം വീടുകളുള്ളതിനാൽ ധൈര്യസമേതം കഴിയുകയാണെന്നുമുള്ള വിവരങ്ങളെല്ലാം മനസ്സിലാക്കി. അവൾ തുടർന്നു വിളമ്പിയ ചോറ് തണുത്തുപോകുമെന്ന് പറഞ്ഞു വേഗ ത്തിൽ ഊണുകഴിക്കുവാൻ നിർബന്ധിച്ചു കൊണ്ട് ഫോൺ വിളി അവസാനിപ്പിച്ചു.

ഊണു കഴിഞ്ഞു കൈ കഴുകി തീൻ മേശപ്പുറത്തുതന്നെ വച്ചിരിക്കുന്ന പാത്രത്തിൽ നിന്നൊരു മധുര പലഹാരമെടുത്ത് വായിലാ ക്കി അയാൾ കിടപ്പുമുറിയിലേക്കു പോയി. ആ സമയത്ത് ഭാര്യ അടുക്കളയിൽ ചെന്ന് പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്ന പരി പാടിയിലേർപ്പെട്ടു. അന്നു വന്ന പ്രചുര പ്രചാരമുള്ള ഒരു വാരിക വാമഭാഗം കിടക്കയിൽ വച്ചിരിന്നത് അയാളെടുത്ത് ഒന്നോടിച്ചു നോക്കിയിട്ടു തിരികെ വച്ചു.

തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന നാട്ടിലുള്ള മകളും ഭർത്താവുമായി, കാറിൽ തുറന്നിട്ടിരിക്കുന്ന കവാടം കടന്നകത്തേയ്ക്കു വരുന്ന ശബ്ദഘോഷം കേട്ടു. അവർ നല്ല രീതിയിലുള്ള ഒരു ബിസിനസ്സാണ് നടത്തു ന്നത്. വീട്ടിനുള്ളിൽ പ്രവേശിച്ച് അമ്മയുടെ അടുത്തുപോയി കുശല ങ്ങളെല്ലാം പറഞ്ഞിട്ട് മേശപുറത്ത് ഒരു പാത്ര ത്തിൽ വച്ചിരുന്ന കേസരിയുടെ രണ്ടു കഷ്ണം തവികൊണ്ട് എടുത്തു തിന്നു. ഒരു പ്ലേറ്റിലാക്കി കുറച്ചു ഭർത്താവിനു കൊടുക്കുവാനും മറന്നില്ല. അച്ഛന്റെ അരികിൽ വന്ന് രണ്ടുപേരും നാട്ടു വർത്തമാനവും, കച്ചവടത്തിന്റെ സ്ഥിതിയും വിവരിച്ചു. അച്ഛൻ എല്ലാം മൂളികേട്ടു.

'അച്ഛനിനി ഉറങ്ങാൻ സമയമായി. ഞങ്ങൾ പോണൂ'. മകൾ ഭർത്താവിനെവിളിച്ച് പൂമുഖത്തേയ്ക്കു യാത്രയായി.

ശരി ആയിക്കോട്ടേ നിന്റെ മക്കൾവരു മ്പോൾ എന്റെ അടുത്തു ഒന്ന് വരാൻ പറയണം. അവർക്കൊരു സമ്മാനം കരുതിയിട്ടുണ്ട്. മകളുടെ ആകാംക്ഷ വർദ്ധിപ്പിക്കുവാൻ പ്രയോ ഗിച്ച ആ പൊടിക്കൈയ്ക്ക് ഫലമുണ്ടായി. പ്രസന്നവദനയായി അവളും വിടർന്ന പുഞ്ചിരി യുമായി അവളുടെ കണവനും യാത്ര പറഞ്ഞ് പുറത്തേക്കിറങ്ങി. തങ്ങളുടെ വാഹനത്തിൽ കയറി നിരത്തിലേക്ക് ഓടിച്ചു പോയി.

ഇനിയും ഒരു സുഷുപ്തിയിലേക്ക് വീഴാൻ വലിയ താമസമുണ്ടാകില്ല. അതറിവു ള്ള ധർമ്മദാരങ്ങൾ അടുക്കളയിലെ ജോലികൾ പൂർത്തിയാക്കി കിടപ്പു മുറിയിലെത്തി, അവിടെ ഉണ്ടായിരുന്ന വാരികയെടുത്തു കൊണ്ട് പൂമുഖത്തേയ്ക്ക് പോകുന്നതിനിടക്ക് സ്വരം താഴ്ത്തി പറഞ്ഞു 'നാട്ടീന്ന് അനിയത്തി വിളിച്ചിരുന്നു. അമ്മയെ കാണാൻ ചെന്നിട്ട് കുറച്ചു ദിവസമായീ എന്നുപറഞ്ഞു. പോകേണ്ടേ?'

'ശരിയാണ് നാളെ തന്നെ പോകാം' തീർച്ചയായും പോകണം അയാൾ അപ്പോഴാണ് തന്റെ വന്ദ്യവയോധികയായ ജനനിയെപ്പറ്റി പെട്ടെന്ന് സ്മരിച്ചത്. അവർ കുറച്ചു നാളായിട്ടു കിടപ്പിലാണ്. എന്നിരുന്നാലും ബോധമണ്ഡ ലത്തിന്റെ പ്രവർത്തനത്തിനു യാതൊരു കുറവും സംഭവിച്ചിട്ടില്ല. ഇനിയുമുള്ള തന്റെ ജീവിതത്തിൽ പ്രാപഞ്ചികശക്തികളെയെല്ലാം മാറ്റി നിർത്തി കഴിഞ്ഞാൽ അവശേഷിക്കുന്ന ആ നിത്യ സത്യമായ മാതാവിന്റെ മുമ്പിൽ മാത്രം താൻ എന്നും ദുർബ്ബലനായി പോകുന്നു. മറ്റുള്ള ബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും എന്നേ മോചിതനായി കഴിഞ്ഞി രിക്കുന്നു.

(അവസാനിച്ചു)

# പക്ഷാഘാതം
## (STROKE)



ഡോ. പാർവ്വതി

തലച്ചോറിന്റെ വിവിധ ഭാഗങ്ങളിലേക്ക് രക്തം എത്തിക്കുന്ന ചെറുതും വലുതുമായ അനേകം രക്തക്കുഴലുകൾക്കു സംഭവിക്കുന്ന തകരാറുകളാണ് പക്ഷാഘാതം അഥവാ സ്ട്രോക്കിനു കാരണം .. രക്തക്കുഴലിനകത്ത് രക്തം കട്ടപിടിച്ച് അടയുകയോ രക്തക്കുഴലിൽ പൊട്ടലുണ്ടായി രക്തസ്രാവം ഉണ്ടാവുകയോ സംഭവിക്കുന്നു. രക്ത സഞ്ചാരം നിൽക്കുമ്പോൾ തലച്ചോറിന്റെ ആ ഭാഗത്തുള്ള കോശങ്ങൾ നശിക്കാനിടയാവുകയും ഈ ഭാഗത്തിന്റെ നിയന്ത്രണത്തിനുള്ള ശരീരഭാഗത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്നു.

പ്രായം ചെന്നവരിൽ രക്തക്കുഴലുകൾക്കുണ്ടാവുന്ന കേടുപാടുകൾ സാധാരണയായതിനാൽ അവരിലാണ് പക്ഷാഘാതം കൂടുതൽ കാണുന്നത്. ഉയർന്ന രക്തസമ്മർദ്ദമുള്ളവരിലും സാധ്യത കൂടുതലാണ്. പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയവ കൂടുതലുള്ളവരിലും ഇത് കൂടുതൽ കാണുന്നു.


പെട്ടെന്നുണ്ടാകുന്ന ബോധക്കേട്, ശരീരത്തിന്റെ ഒരു വശത്തെ കൈകാലുകൾക്ക് ബലക്ഷയം, വായും മുഖവും ഒരു ഭാഗത്തേക്ക് കോടിപ്പോകുക, ബുദ്ധിയിലും പെരുമാറ്റത്തിലും പെട്ടെന്നുണ്ടാവുന്ന മാറ്റങ്ങൾ, സംസാരശേഷി നഷ്ടപ്പെടുക, ഭക്ഷണം ഇറക്കാനുള്ള പ്രയാസം, പെട്ടെന്നുണ്ടാകുന്ന അപസ്മാരം തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഇവയിലേതെങ്കിലും കണ്ടാൽ ഉടനെ തന്നെ ചികിത്സ തേടേണ്ടതാണ്. വൈകുന്തോറും സുഖം പ്രാപിക്കാനുള്ള സാധ്യത കുറയും.

ചികിത്സയ്ക്കു ശേഷവും ബുദ്ധിമുട്ടുകളുണ്ടാകാനുള്ള സാധ്യതയുണ്ട്. പലരും ജീവിതകാലം മുഴുവൻ കിടപ്പിലാകാറുണ്ട്. ചിലരിൽ മലമൂത്രവിസർജ്ജനത്തിനുള്ള നിയന്ത്രണം നഷ്ടപ്പെട്ടു പോകുന്നു. ബലക്ഷയം സംഭവിച്ച കൈകാലുകൾ കോച്ചിപ്പിടിക്കുകയും ചുരുണ്ടു പോകുകയും ചെയ്യുന്നത് സാധാരണമാണ്. ചിലരിൽ സംസാരത്തിന് കൊഞ്ഞിപ്പ് കാണുന്നു, മറ്റു ചിലരിൽ സംസാരശേഷി പൂർണ്ണമായി നഷ്ടപ്പെടുന്നവരുമുണ്ട്.

ഹൈപ്പർടെൻഷൻ (Hypertension) ഉള്ളവർ എപ്പോഴും ബ്ലഡ് പ്രഷർ Check ചെയ്യണം. രണ്ടാഴ്ച കൂടുമ്പോൾ അല്ലെങ്കിൽ മാസത്തിലൊരിക്കൽ ബ്ലഡ് പ്രഷർ കൂടുന്നുണ്ടോ എന്ന് നോക്കി തിട്ടപ്പെടുത്തേണ്ടതാണ്. ബ്ലഡ് പ്രഷർ കൂടുതലുള്ളവർ അച്ചാർ, പപ്പടം തുടങ്ങിയവ ഒഴിവാക്കണം. പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിവയും യഥാക്രമം ശ്രദ്ധിക്കണം.

## നാരായണീയം

**സാന്ദ്രാനന്ദാവബോധാത്മകം അനുപമിതം**
**കാലദേശാവധിഭ്യാം**
**നിർമ്മുക്തം നിത്യമുക്തം നിഗമ**
**ശതസഹസ്രേണനിർഭാസ്യമാനം**
**അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരു**
**പുരുഷാർത്ഥാത്മകം ബ്രഹ്മതത്ത്വം**
**തത് താവാത് ഭാതി സാക്ഷാത് ഗുരുപവനപുരേ,**
**ഹന്ത! ഭാഗ്യം ജനാനാം.**
**ഏവം ദുർല്ലഭ്യവസ്തുന്യപി സുലഭതയാ**
**ഹസ്തലബ്ധേ യദന്യത്**
**തന്വാ വാചാ ധിയാ വാ ഭജതി ബത! ജനഃ**
**ക്ഷുദ്രതൈവ സ്ഫുടേയം**
**ഏതേ താവദ്വയം തു സ്ഥിരതരമനസാ**
**വിശ്വപീഡാപഹത്യൈ**
**നിശ്ശേഷാത്മാനമേനം ഗുരുപവനപുരാധീശം**
**ഏവാശ്രയാമഃ**



# നായ വിധിച്ച ശിക്ഷ



ഹരിദാസൻ മതിലകത്ത്

ത്രേതാ യുഗത്തിൽ ശ്രീരാമ ചക്രവർത്തി അയോദ്ധ്യയിൽ രാജഭരണം നടത്തുമ്പോൾ ഉണ്ടായ സംഭവമാണ് ഇവിടെ വിവരിക്കുന്നത്. രാജസദസ്സ് പിരിയുന്നതിനു മുമ്പ് എന്നും തന്റെ പ്രജകളുടെ പരാതികളും സങ്കടങ്ങളും നേരിട്ട് പരിഹരിക്കാൻ മഹാരാജാവ് വളരെ ശ്രദ്ധാലുവായിരുന്നു.

ഇതിനായി എന്നും രാജസദസ്സ് തീരുന്നതിന് മുമ്പ് മഹാരാജാവ് ഒരു ഭടനെ കൊട്ടാര വാതിൽക്കൽ ചെന്ന് ആർക്കെങ്കിലും പരാതി ബോധിപ്പിക്കാനുണ്ടോ എന്ന് അറിഞ്ഞു വരാനായി നിയോഗിക്കും. ഒരു ദിവസം ഭടൻ കാലൊടിഞ്ഞ ഒരു നായയേയും കൊണ്ട് രാജസദസ്സിൽ എത്തി. സംസാര ശേഷിയുണ്ടായിരുന്ന നായ രാജാവിനോട് ഇപ്രകാരം ബോധിപ്പിച്ചു. മഹാരാജൻ ഞാൻ അയോദ്ധ്യാ നഗരിയുടെ അതിർത്തിയിലുള്ള ഗ്രാമത്തിൽ നിന്നാണ് വരുന്നത് . ഞാൻ അവിടെ ഒരു ബ്രാഹ്മണന്റെ വീട്ടിൽ കാവൽ നായ ആയി താമസിക്കുകയാണ്. അദ്ദേഹം ഭക്ഷണശേഷം ഉച്ഛിഷ്ടം എനിക്ക് തരാറുണ്ട്. ഇന്നലെ ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച് എഴുന്നേറ്റ ശേഷം ഞാൻ ബാക്കി ഭക്ഷണം കഴിക്കുമ്പോൾ അദ്ദേഹം ദേഷ്യം പിടിച്ച് ഇരിക്കുന്ന ആവണിപ്പലകകൊണ്ട് എന്റെ കാലിൽ എറിഞ്ഞു. പ്രാണവേദന കാരണം ഞാൻ പുറത്തേക്ക് ഓടി രക്ഷപ്പെട്ടു. എന്നെ ഇത്ര ക്രൂരമായി ശിക്ഷിക്കുവാൻ കാരണ മെന്താണെന്ന് എനിക്ക് ഒട്ടും മനസ്സിലായില്ല. ഉച്ഛിഷ്ടം ഭക്ഷിക്കുവാനുള്ള അവകാശം എനിക്കുള്ളതാണല്ലോ? അതിലപ്പുറം ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. അതിനാൽ നിരപരാധിയായ എന്നെ ഇത്രയും ക്രൂരമായി ഉപദ്രവിച്ച ആ ബ്രാഹ്മണന് തക്ക ശിക്ഷ അവിടന്ന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീരാമ ചക്രവർത്തി ഇപ്രകാരം മറുപടി പറഞ്ഞു . ഞാൻ ഒരാളുടെ മാത്രം പരാതി കേട്ട് തീരുമാനം എടുക്കുന്നത് ശരിയല്ല അതുകൊണ്ട് ആ ബ്രാഹ്മണനെ കൂടി വിളിച്ചു ചോദിച്ച് തീരുമാനം എടുക്കാം. ഇപ്രകാരം രാജാവ് നിയോഗിച്ച ഭടൻമാർ തന്നെ അന്വേഷിച്ചു വന്നപ്പോൾ ബ്രാഹ്മണൻ വളരെ സന്തോഷിച്ചു. തനിക്ക് കൊട്ടാരത്തിൽ എന്തെങ്കിലും പൂജയോ മറ്റോ തരമാകുമെന്ന സന്തോഷത്തോടുകൂടി അദ്ദേഹം ഭടൻമാരോടുകൂടി പുറപ്പെട്ടു. രാജസദസ്സിൽ എത്തിയ ബ്രാഹ്മണൻ നായുടെ പരാതി കേട്ട് ദുഃഖിതനായി മഹാരാജാവിനോട് പറഞ്ഞു. മഹാരാജൻ നായ പറഞ്ഞ സംഭവങ്ങൾ വാസ്തവമാണ് . പക്ഷേ അതിന് ഇടവരുത്തിയ സംഭവങ്ങൾ കൂടി അങ്ങ് മനസ്സിലാക്കി ഉചിതമായ നിഗമനത്തിലെത്താം. ഇപ്രകാരം പറഞ്ഞ ബ്രാഹ്മണൻ അന്ന് നടന്ന കാര്യങ്ങൾ വിശദീകരിച്ചു. ഞാൻ ഭക്ഷണം കഴിക്കുന്നതിനിടെ മോര് എടുക്കുവാൻ വേണ്ടി എഴുന്നേറ്റ് അടുക്കളയിലേയ്ക്ക് പോയി. ആ സമയത്ത് ഈ നായ, ഞാൻ ഇത്രയും കാലം ഭക്ഷണം കൊടുത്തു പോറ്റിയതെല്ലാം മറന്ന് ഞാൻ മോരുകൂട്ടി കഴിക്കാൻ ഇലയിൽ ബാക്കി വച്ച ഭക്ഷണം നക്കിത്തിന്നുകയായിരുന്നു. രാജൻ ഇവന് എന്നോട് കുറച്ചെങ്കിലും നന്ദിയോ ബഹുമാനമോ ഉണ്ടായിരുന്നെങ്കിൽ അവന് എന്നെ കണ്ടപ്പോഴെങ്കിലും ഓടി മറയാമായിരുന്നു. അവന്റെ ഈ അഹങ്കാരമാണ് എന്നെ കൂടുതൽ ദേഷ്യം പിടിപ്പിച്ചതും.ഞാൻ ആവണിപ്പലകയെറിഞ്ഞ് അവന്റെ കാലൊടിയാൻ കാരണമായതും. ഇപ്പോൾ അങ്ങയുടെ അടുത്ത് പരാതിയുമായി ഇവൻ വന്നപ്പോൾ എനിക്ക് തോന്നുന്നത് ഇവന് യാതൊരു വിധത്തിലുള്ള കുറ്റബോധവും ഇല്ലെന്നാണ്. ഞാൻ കൊടുത്ത ശിക്ഷ കുറഞ്ഞുപോയോ എന്നാണ് എനിക്ക് സംശയം!

ഇത്രയും കേട്ട നായ കരഞ്ഞുകൊണ്ട് രാജാവിനോട് പറഞ്ഞു "മഹാരാജൻ ഇദ്ദേഹം പറഞ്ഞതല്ല വാസ്തവം. ഭക്ഷണത്തിനിടയിൽ ഒരേമ്പക്കവുമായി ഇദ്ദേഹം എഴുന്നേറ്റത് മോരെടുക്കുവാനാണെന്ന് എനിക്ക് മനസ്സിലായില്ല. എന്തുതന്നെയായാലും ഒരാൾ ഭക്ഷണത്തിന് ഇടയ്ക്ക് എഴുന്നേറ്റാൽ ആ ഭക്ഷണം ഉഛിഷ്ടമാവുമല്ലോ? ഉച്ഛിഷ്ടം കഴിക്കുന്ന ബ്രാഹ്മണൻ അയോഗ്യനും അധമനുമാകില്ലേ? കൂടാതെ ആ ഭക്ഷണം കഴിക്കുവാനുള്ള അവകാശം എനിക്കുള്ളതല്ലേ? അതുകൊണ്ടാണ് ഞാൻ ആ ഭക്ഷണം കഴിക്കാൻ തുടങ്ങിയത്. അദ്ദേഹം ആരോപിച്ച മാതിരി അഹങ്കാരം കൊണ്ടൊന്നുമല്ല അദ്ദേഹം വന്നപ്പോൾ മാറാതെ ഞാൻ ഇല നക്കിക്കൊണ്ട് അവിടെ തന്നെ നിന്നത്. ഞാൻ അവിടെത്തന്നെ നിന്നില്ലായിരുന്നുവെങ്കിൽ ഞാൻ ഭക്ഷണം നക്കിയ കാര്യം അദ്ദേഹം അറിയുക പോലും ഇല്ല. അങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ അതിലും വലിയ ഒരു മഹാപാപം എന്റെ തലയിൽ വീഴാനുണ്ടോ? അതു ഭയന്നാണ് അദ്ദേഹം വന്നപ്പോഴും ഓടിപ്പോകാതെ ഞാൻ അവിടെ തന്നെ നിന്നത്. ഇതാണ് വാസ്തവം" ഇത്രയും പറഞ്ഞ് നായ മഹാരാജാവിനെ തൊഴുതു നിന്നു.

നായയുടെ യുക്തിപൂർവ്വമായ വാക്കുകൾ കേട്ട മഹാരാജാവ് ഇപ്രകാരം പറഞ്ഞു. "രണ്ടുപേരുടേയും വിവരണങ്ങൾ കേട്ടശേഷം എനിക്ക് മനസ്സിലാകുന്നത് ബ്രാഹ്മണനാണ് കുറ്റക്കാരനെന്നാണ്. നായ ചെയ്ത കാര്യങ്ങളിൽ ഞാൻ തെറ്റൊന്നും കാണുന്നില്ല. കൂടാതെ ബ്രാഹ്മമണനെ അയോഗ്യനാക്കുന്നതിൽ നിന്നും രക്ഷിക്കുകയും ചെയ്തു. അതുകൊണ്ട് ബ്രാഹ്മണന് കൊടുക്കാനുള്ള ശിക്ഷ വിധിക്കാനുള്ള യോഗ്യത നായക്കാണ് അതിനാൽ നായ തന്നെശിക്ഷ വിധിക്കട്ടെ." ഇതുകേട്ട നായ ഇങ്ങനെ മറുപടി പറഞ്ഞു. "മഹാരാജൻ ഇദ്ദേഹത്തെ വീടിനടുത്തുള്ള ദേവീക്ഷേത്രത്തിൽ പൂജാരിയായി നിയമിച്ചാലും. ഇതു കേട്ട മഹാരാജാവും മറ്റുള്ളവരും ആശ്ചര്യപ്പെട്ടു. ഈ നായയ്ക്ക് ഇത്രയും വിശാലമനസ്ഥിതിയോ!! രാജാവ് നായയോട് ചോദിച്ചു നിന്നെ ഉപദ്രവിച്ച ഈ ബ്രാഹ്മണന് ശിക്ഷയൊന്നും നൽകാതെ പൂജാരിയായി നിയമിക്കാൻ പറയുന്നത് എന്തു കൊണ്ടാണ്? "

നായ ഇപ്രകാരം മറുപടി പറഞ്ഞു. "മഹാരാജൻ ഞാൻ കഴിഞ്ഞ ജന്മത്തിൽ ഇതേ അമ്പലത്തിലെ പൂജാരി ആയിരുന്നു. ദിവസവും അത്താഴപ്പൂജ കഴിഞ്ഞ് ഇല്ലത്തേക്ക് മടങ്ങുമ്പോൾ വഴിയിൽ നല്ല ഇരുട്ടായിരിക്കും . അതുകൊണ്ട് ഞാൻ അമ്പലത്തിലെ കല്ലു വിളക്കിൽ നിന്നും കുറച്ച് എണ്ണയും രണ്ടു തിരിയും എടുത്ത് ഒരു ചിരാതിൽ കത്തിച്ചാണ് ഇല്ലത്തേക്ക് പോയിരുന്നത്. അങ്ങിനെ അറിയാതെ ഞാൻ ദേവിയുടെ മുതൽ മോഷ്ടിക്കുന്ന ഒരു കള്ളനായിത്തീർന്നു. അതിനു ശിക്ഷയായി അടുത്ത ജന്മം നായയായി ജന്മമെടുക്കാൻ എന്നെ ദൈവം ശപിക്കുകയും ചെയ്തു. അങ്ങിനെയാണ് ഞാൻ ഇപ്പോൾ നായയായി ജന്മമെടുത്തിട്ടുള്ളത്. അറിയാതെ ചെയ്തതാണെങ്കിലും മോഷണം മോഷണം തന്നെ ആണല്ലോ! മഹാരാജൻ അമ്പലം വിഴുങ്ങാൻ വരെ സാമർത്ഥ്യം ഉള്ള ഇദ്ദേഹത്തെ അവിടുത്തെ പൂജാരി ആക്കുകയാണെങ്കിൽ ദൈവം തന്നെ ഇദ്ദേഹത്തിന് തക്ക ശിക്ഷ സമയമാകുമ്പോൾ കൊടുത്തുകൊള്ളും !

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗത്തിന്റെ വിവിധ വികസന പദ്ധതികൾക്കായി ധനസമാഹരണം നടത്തുന്നു. പത്ത് ശതമാനം പലിശ അംഗങ്ങൾക്ക് പ്രത്യേകമായി നൽകുന്നതിനോടൊപ്പം മുതിർന്ന പൗരന്മാർക്ക് അരശതമാനം അധികം നൽകുന്നു. അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.**

**ജനറൽ സെക്രട്ടറി**



# WORLD HEART DAY



ഡോ. കല്യാണിമേനോൻ

HEART FRIENDLY ENVIORMENT എന്ന theme ആണ് ഈ വർഷത്തെ ലോകഹൃദയദിനം ആചരിച്ചത്.

ഗർഭസ്ഥശിശുവിൽ 4 ാം മാസം മുതൽ പ്രവർത്തനമാരംഭിക്കുന്ന ഈ Pump ശരീരത്തിലെ എല്ലാ ഭാഗങ്ങളിലേക്കും ശുദ്ധ രക്തം എത്തിക്കുകയും അശുദ്ധരക്തം ശേഖരിച്ച് ശ്വാസകോശങ്ങളിലേക്കു ശുദ്ധിചെയ്യാൻ എത്തിക്കുകയും ചെയ്യുന്നു.

മറ്റു രോഗങ്ങളെ പോലെ ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങൾക്കും കാരണം Multifactorial ആണ്. ജനിതകം (Genetic), പാരിതസ്ഥിതകം (Envior nmental), പേരുമാറ്റം, (Behavioral) ജീവിതശൈലി (Life Style) എന്നിവ ഈ കാരണങ്ങളിൽ പെടുന്നു. ഇതിലെ ആദ്യത്തെ രണ്ടിലും വ്യത്യാസങ്ങൾ വരുത്താൻ പ്രയാസം കൂടും. എന്നാൽ Behavior and Life style ൽ മാറ്റങ്ങൾ വരു ത്താൻ നമുക്ക് കഴിയും. Heart Friendly Enviornment ഉണ്ടാക്കി എടുക്കാൻ എന്തു ചെയ്യാമെന്ന് പരിശോധിക്കാം.

1. പുകവലിയും മദ്യപാനവും നിർത്തുക.
2. പ്രഷർ, ഷുഗർ, കൊഴുപ്പ് എന്നിവ കൂടുന്ന അസുഖങ്ങൾ, നേരത്തെ കണ്ടു പിടിച്ചു ശരിയായി ചികിത്സിക്കുകയും, കൃത്യമായി Follow up ചെയ്യുക. (Hypertension, Diabetes, Dyslipedimias) ഇവ മാറുന്ന അസുഖങ്ങൾ അല്ല. Control മാത്രം ചെയ്യാവുന്നവയായതു കൊണ്ട് ജീവിതകാലം മുഴുവനും മരുന്നു കഴിക്കേണ്ടതും Regular Follow Up ചെയ്യേണ്ടവയുമാണ്.
3. ശരിയായ ശരീരതൂക്കം Maintain ചെയ്യുക. പൊണ്ണത്തടി വച്ചു കഴിഞ്ഞ് കുറയ്ക്കാൻ ബുദ്ധിമുട്ടു കൂടുതലാണ്.
4. ആരോഗ്യകരമായ ഭക്ഷണരീതികളും വ്യായാമവും ജീവിതത്തിലെ ഭാഗമാക്കുക.
5. Stress Reduction മാനസിക പിരിമുറുക്കം നേരിടാനും കുറകകക്കാനും മാർഗ്ഗങ്ങൾ സ്വീകരിക്കുക.

## പുകവലിയും ഹൃദയവും

40 വയസ്സിനു താഴെ Heart Attacks ഉണ്ടാവുന്നതിന്റെ പ്രധാന കാരണം പുകവലി ആണ്. (25% of Deaths < 40 Yrs) പ്രഷർ, ഷുഗർ, കൊളസ്ട്രോൾ, പൊണ്ണത്തടി, "The Big Four"എന്നിവയുണ്ടെങ്കിൽ risk വളരെ അധികം കൂടുന്നു.

പുകവലി വഴി അകത്താവുന്ന വിഷങ്ങൾ പ്രത്യേകിച്ച് (നിക്കോട്ടിൻ) രക്തധമനികളുടെ ഉൾപാളിയെ നശിപ്പിച്ച് Plaque Depositsന് വഴി ഒരുക്കുന്നു. ഇതു മൂലം അവയുടെ ഉൾവ്യാസം കുറയുകയും പിന്നീട് അടയുകയും ചെയ്യുന്നു . ഇത് ഹൃദയത്തിൽ(Heart Attack),തലച്ചോറിൽ (Stroke, Vascular Dementia), വൃക്കകളി പ്രവർത്തന തകരാറുകൾ, Failure, കുടലിൽ (Ischemic damage), കാലുകളിൽ ഉണങ്ങാത്ത വൃണങ്ങൾ Localised Tissue Death (Gangrene) എന്നിവയ്ക്കു കാരണമാവുന്നു.

## <u>മദ്യപാനം</u>

മദ്യം ഹൃദയപേശികൾക്ക് ഹാനികരമാണ്. പമ്പ് ചെയ്യാനുള്ള കഴിവ് കുറഞ്ഞു

കുറഞ്ഞ് ഹൃദയം വീർത്ത് വികസിച്ചു വരുന്ന രോഗാവസ്ഥയാണ്.Alcoholic Cardio myopathy. സ്പന്ദന വൈകല്യങ്ങൾക്കും മദ്യം വഴി തെളിക്കുന്നു. Diabetes, Hypertension, Dyslipedemia, Obeasity (പ്രഷർ, ഷുഗർ, കൊളസ്ട്രോൾ, പൊണ്ണത്തടി ) എന്നീ Risk Factors ഉണ്ടെങ്കിൽ പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാവുന്നു. Risk Factors ഒന്നും ഇല്ലാത്തവരിൽ പോലും ഒറ്റ അടിക്കുള്ള അമിത മദ്യപാനം , നെഞ്ചുവേദന, ക്ഷീണം , സ്പന്ദന വൈകല്യങ്ങൾ എന്നിവ ഉണ്ടാക്കുന്നു. (Holiday Heart Syndrome).

പുകവലിയും, മദ്യപാനവും ഇല്ലാത്തവർ അതു തുടങ്ങാതിരിക്കണം. ചെയ്യുന്നവർ അതു നിർത്തണം. തന്നത്താൻ നിർത്താൻ സാധിച്ചില്ലെങ്കിൽ Expert Help ന് തേടാൻ മടിക്കരുത്.

# പ്രണയം

കൃഷ്ണവേണി



ഇഷ്ടത്തിൽ മൂർച്ചയേറിയ പടവുകളിൽ തട്ടി
സ്നേഹമാവുന്ന നീർച്ചോലയിലേക്കു വീണ്
നീന്തി നീന്തി തളർന്ന് ഏകാന്തമായ
ഒരു തുരുത്തിലേക്കു കയറി
ആ തുരുത്തായിരുന്നു എൻ പ്രണയം
അഭ്രപാളികളിൽ കണ്ടതും പലരും പറഞ്ഞതും
പലയിടത്തും കണ്ടതുമല്ലെൻ പ്രണയം
കവികൾ പാടാത്തതും കഥയിലെഴുതാത്തതും
കനവിൽ കാണാത്തതുമാണെൻ പ്രണയം
കണ്ടാലറിയാത്തതും കണ്ണുകളെ പുണരാത്തതും
കറുപ്പിന്റെ ലഹരിയുമല്ലെൻ പ്രണയം
ധ്യുതിയിലുയിർക്കുന്നതും പതിയെ മായുന്നതും
പരക്കെ പരക്കുന്നതുമല്ലെൻ പ്രണയം
വാക്കിലൊടുങ്ങുന്നതും വാദത്തിൽ മുറ്റുന്നതും
വരകളാൽ വർണ്ണ്യവുമല്ലെൻ പ്രണയം
ചിന്തയിലുണരുന്നതും ചിത്രത്തിൽ കാണാത്തതും
ചാപല്യത്തിലൊടുങ്ങുന്നതുമല്ലെൻ പ്രണയം
ഏകാന്തതയുടെ തീരത്തിലിരിക്കുന്നേരം
ഞാൻ മാത്രം കേൾക്കുന്നതും ഞാൻ മാത്രം
കാണുന്നതും
എന്നോടു മാത്രം പറയുന്നതും
ഞാൻ മാത്രമനുഭവിക്കുന്നതുമാണെൻ പ്രണയം



# നിഴലുകൾ

എസ്. ശ്രീകുമാർ

അന്ന് അയാൾക്ക് പതിവില്ലാത്ത ഒരുത്സാഹം തോന്നി, ജോലിക്ക് പോകാൻ. കാലത്തേ എന്നും എണീക്കാറുള്ള സമയത്ത് 5 മണിക്ക് പ്രായമായ അമ്മയ്ക്ക് പതിവ് കാപ്പി കൊടുത്തതിനു ശേഷം മറ്റു വീട്ടുപണികളിൽ മുഴുകി. എന്നും ഇതാണല്ലോ തന്റെ രീതി എന്നയാൾ വെറുതെ ഓർത്തു. താൻ ഡിഗ്രിക്ക് പഠിക്കുമ്പോഴെ അച്ഛൻ മരണമടഞ്ഞു. പിന്നെ കുടുംബഭാരം മുഴുവൻ തന്റെ ചുമലിലായി. തനിക്ക് താഴെ ഞാനോ നീയോ വലുത് എന്ന പോലെ വലുതായി വന്ന രണ്ട് അനിയത്തിമാർ. കേറിക്കിടക്കാൻ ഒരു കൊച്ച് ഓടിട്ട വീടും കുറച്ച് പറമ്പും ഉണ്ടായിരുന്നതുകൊണ്ട് അവരെ എങ്ങിനെയെങ്കിലും പഠിപ്പിക്കണം എന്നുറച്ചു. അച്ഛൻ നല്ലൊരദ്ധ്യാപകനായി ആ നാട്ടിൽ പേരെടുത്തിരുന്നതു കൊണ്ട് തനിക്കും അനിയത്തിമാർക്കും എല്ലാം തന്നെ അച്ഛനായിരുന്നു റോൾമോഡൽ. അതുകൊണ്ടു തന്നെ അനിയത്തിമാരെ രണ്ടുപേരേയും ബുദ്ധിമുട്ടില്ലാതെ ബിരുദത്തിനും അതിനുശേഷം ബി.എഡിനും അയച്ചു പഠിപ്പിച്ചു. അച്ഛൻ സർവ്വീസിലിരിക്കുമ്പോൾ മരണമടഞ്ഞതു മൂലവും, സ്കൂൾ മാനേജ് മെന്റിനു അച്ഛനോടുണ്ടായിരുന്ന ബഹുമാനം മൂലവും തനിക്ക് ആ സ്കൂളിൽ അദ്ധ്യാപക നായി കയറിപ്പറ്റാൻ കഴിഞ്ഞു. ലേലത്തുക കുറവായിരുന്നു എന്നർത്ഥം. എന്നാൽ അനിയത്തിമാരുടെ കാര്യം വന്നപ്പോൾ കഥ മാറി. രണ്ടുപേരേയും അദ്ധ്യാപികമാരാക്കാൻ താൻ പെടാപാടുപ്പെട്ടു എന്ന് പറഞ്ഞാൽ മതിയല്ലോ. തന്റെ പി.എഫ് ലോൺ മിച്ചം പിടിച്ച ബാങ്ക് സമ്പാദ്യവും അനിയത്തിമാരുടെ ചുരുക്കം തോതിലുള്ള ആഭരണങ്ങളും പോരാതെ വന്നു, അവരുടെ ലേലത്തുകയ്ക്ക്. അങ്ങനെ താൻ മാനസീകമായി തകർന്നിരിക്കുന്ന സമയത്താണ് തികച്ചും അപ്രതീക്ഷിതമായി വന്നെത്തിയ തന്റെ സഹപ്രവർത്തകയായി രജനിടീച്ചറുടെ സഹായ ഹസ്തം, ഇന്നും അതോർക്കുമ്പോൾ തനിക്ക് ഒട്ടും വിശ്വസിക്കുവാൻ തോന്നുന്നില്ല. സ്റ്റാഫ്റൂമിൽ കൂടുമ്പോൾ പരസ്പരം വിഷമങ്ങൾ പങ്കുവെക്കാറുണ്ടെങ്കിലും ഈ സഹായം തികച്ചും അപ്രതീക്ഷിതമായിരുന്നു. താനിന്നും ഓർക്കുന്നു കർക്കിടക ദിവസങ്ങ ളിൽ ഒന്നിൽ അന്നൊരു വെള്ളിയാഴ്ച യായിരുന്നു. ഉച്ചയ്ക്ക് കൂടുതൽ ലിഷർ പിരിയഡുള്ള ദിവസം. പതിവുപോലെ വീട്ടിലെ പ്രാരാബ്ധങ്ങളും മറ്റും സംസാരിച്ച കൂട്ടത്തിൽ അനിയത്തിമാരുടെ സ്വപ്നത്തെക്കുറിച്ചും അറിയാതെ നാവിൽ നിന്നു വീണുപോയി. താൻ എത്ര കൂട്ടിയിട്ടും കൂടുന്നില്ലെന്നും തനിക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ലെന്നും വേവലാതിയോടെ പറഞ്ഞപ്പോൾ അതിനെന്താ രാജൻമാഷേ ഞാൻ സഹായിക്കാമല്ലോ മാഷ് എന്തേ എന്നോട് ഈ വിവരം നേരത്തെ പറയാതിരുന്നതെന്ന് ടീച്ചർ പരിഭവപ്പെട്ടു. ഞാൻ അന്യയായതുകൊണ്ടാണോ? എന്ന് ഒരു ചോദ്യവും അങ്ങിനെയൊന്നും ആലോചിച്ചില്ല പറയാതിരുന്നതെന്ന് പറഞ്ഞ് ആശ്വസിപ്പിച്ചപ്പോഴാണ് ടീച്ചർ ഒന്ന് ചിരിച്ചു കണ്ടത്.

തന്നെപ്പോലെ ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ കഴിയുന്ന ടീച്ചറോട് മനഃപൂർവ്വം മറച്ചു വെച്ചതാണിക്കാര്യം. ടീച്ചറുടെ അമ്മ വളരെ ചെറുപ്പത്തിലെ മരിച്ചതാണ്. ടീച്ചറുടെ താഴെ രണ്ട് ആൺക്കുട്ടികളായിരുന്നു. ടീച്ചറുടെ അമ്മയുടെ മരണത്തോടെ അച്ഛൻ ആദ്യമെല്ലാം കുടുംബത്തെ നോക്കിയിരുന്നെങ്കിലും ക്രമേണ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചതോടെ ടീച്ചറെയും അനിയൻമാരേയും നോക്കാതായി. പലപ്പോഴും പച്ചയായ ജീവിതത്തിന് മുൻപിൽ പകച്ചു നിന്നിട്ടുണ്ട് രജനിടീച്ചർ. എങ്ങിനെ ജീവിതം മുന്നോട്ട് തള്ളിനീക്കണം എന്നറിയാതെ കഴിച്ചു കൂട്ടിയ ദിനങ്ങൾ എത്ര എത്ര ഉണ്ടായിട്ടുണ്ട് ടീച്ചറുടെ ജീവിതത്തിൽ. പക്ഷേ

ഈ പ്രാരാബ്ധങ്ങൾക്കിടയിലും ടീച്ചർ ഇല്ലായ്മയോടും, വല്ലായ്മയോടും പടവെട്ടി യാണ് ഒരു ജോലി നേടിയെടുത്തത്. രജനി ടീച്ചറുടെ അസാമാന്യമായ ധൈര്യം ഒന്നു കൊണ്ട് മാത്രമാണ് ടീച്ചർക്ക് ജോലി ലഭിച്ചതും, തന്റെ രണ്ട് അനിയൻമാരെ പഠിപ്പിച്ച് വലിയ നിലയിലാക്കിയതും. പക്ഷേ പറക്കാറായപ്പോൾ അവർ അനന്തവിഹായസിൽ പറന്നു തത്തി കളിച്ചു. തള്ളക്കിളിയെ മറന്നുകൊണ്ട് അപ്പോഴും ടീച്ചർക്ക് നിസ്സംഗതയായിരുന്നു. താൻ തന്റെ കടമ മാത്രമേ ചെയ്തിട്ടുള്ളു എന്ന് എപ്പോഴും പറയും. അങ്ങിനെയുള്ള രജനി ടീച്ചറാണ് തനിക്ക് സഹായഹസ്തം നീട്ടിയത്. അന്ന് ടീച്ചറുടെ ലക്ഷങ്ങൾ ഇല്ലായിരുന്നെങ്കിൽ എന്റെ അനിയത്തിമാരുടെ സ്വപ്നങ്ങൾ വൃഥാവിലായേനെ. ദൈവാനുഗ്രഹത്താൽ രണ്ടുപേരെയും അവരുദ്ദേശിച്ചതുപോലെ അദ്ധ്യാപികമാരാകുവാൻ രജനിടീച്ചറുടെ കൈത്താങ്ങ് വേണ്ടി വന്നു. പ്രാരാബ്ധങ്ങ ളോടും പ്രതിസന്ധികളോടും പടവെട്ടി പൊരുതി ജീവിതം ഒരു കരക്കെത്തിച്ച പ്പോഴേക്കും ടീച്ചറുടെ തലയിൽ അവിടവിടെ വെള്ളി വരകൾ വീണു കഴിഞ്ഞിരുന്നു.

അങ്ങിനെയായിരിക്കാം ഒരു പക്ഷേ സമാനസ്വഭാവങ്ങൾ ഏറെ ഉള്ളതുക്കൊണ്ടു മായിരിക്കാം താനും രജനിടീച്ചറും തങ്ങൾ അറിയാതെ അടുത്തു പോയിരുന്നു. ടീച്ചർക്ക് തുണ വകയിലെ ഒരു ചെറിയമ്മ മാത്രം. എത്ര മനോവിഷമമുണ്ടായാലും ടീച്ചർ പുറത്തു കാണിക്കില്ല. എല്ലാം ഒരു പുഞ്ചിരിയിൽ ഒതുക്കും. ടീച്ചറുടെ ഇടനീണ്ടകണ്ണുകൾക്ക് ഒരു വല്ലാത്ത വശ്യതയുണ്ട്. ആരേയും പിടിച്ചി രുത്തുന്ന വശ്യത. അദ്ധ്യാപനകാര്യത്തിലും അച്ചടക്കത്തിലും ടീച്ചർ എന്നും ഒന്നാമതാ യിരുന്നു ഏറെ കുലീനത്വവും. വിലകൂടിയ വസ്ത്രധാരണരീതി അല്ലെങ്കിലും ആകർഷക മായി വസ്ത്രം ധരിക്കുവാൻ ടീച്ചർ എന്നും ശ്രദ്ധിക്കുന്നുണ്ടെന്ന് തനിക്ക് പലപ്പോഴും തോന്നാറുണ്ട്. രജനിടീച്ചറെ കാണുമ്പോൾ തന്നെ തന്നിൽ ഒരു ഊർജ്ജം നിറയാറുണ്ടെന്ന് രാജൻമാഷ് വെറുതെ ഓർത്തു.


താനും അനിയത്തിമാരെ ഒരു കരക്കെത്തിച്ചപ്പോഴെക്കും കുടുംബത്തിന്റെ വിസ്തീർണ്ണം ഒരു ഓടിട്ട വീട്ടിൽ ഒതുങ്ങി യിരുന്നു. ഏതായാലും അവർ രക്ഷപ്പെട്ടല്ലോ എന്നോർത്തപ്പോൾ എന്തെന്നില്ലാത്ത ഒരു ചാരിതാർത്ഥ്യം തോന്നി. അമ്മ ഇപ്പോൾ ഇടക്കിടെ പരാതി പറയുന്നുണ്ട്. ഞാൻ കണ്ണടക്കുന്നതിന് മുൻപ് നീ ആരെയെങ്കിലും വിളിച്ചു കൊണ്ടു വാ എന്ന്. അമ്മയെ കുറ്റം പറയാൻ പറ്റില്ല. അവർക്ക് പ്രായമായിരിക്കുന്നു. മാത്രമല്ല വാർദ്ധക്യത്തിന്റെ അസ്വസ്ഥതകൾ കൂട്ടിനുമുണ്ട്. 40 വയസ്സു കഴിഞ്ഞ തനിക്ക് ആരാ ഇനി പെണ്ണ് തരിക എന്ന് തമാശയായി താൻ എപ്പോഴും അമ്മയോട് ചോദിക്കാറുണ്ട്. അപ്പോഴൊക്കെ രജനിടീച്ചറുടെ കുങ്കുമപ്പൊട്ട് തൊട്ട ചിരിച്ച മുഖമാണ് മനസ്സിലെത്താറ്. അമ്മയോട് പറയാൻ മടി.

രാജൻമാഷ് ദിവാസ്വപ്നം കാണുകയാ ണോ എന്ന് ദിവാകരൻ മാഷുടെ ഉച്ചത്തിലുള്ള നേരം പോക്ക് കേട്ട് മാഷ് പാതി മയക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. ലിഷർ പിരിയഡ് തിരാറായിരിക്കുന്നു. പത്തു മിനിട്ട് കൂടി ബാക്കിയുണ്ട്. 9 ഏയിലാണ് അടുത്ത പീരിയഡ് തനിക്ക് ക്ലാസ്സ്. അതിനടുത്ത് 9 ബിയിലാണ് രജനിടീച്ചർക്ക് അടുത്ത പീരിയഡ് ക്ലാസ്സ് എന്നറിഞ്ഞപ്പോൾ എന്തോ ഏതോ ഒരു തേൻ മഴ പെയ്തപോലെ തോന്നി. രാജൻ മാസ്റ്റർക്ക് ടീച്ചറെ വെറുതെ നോക്കിയിരുന്നാൽ തന്നെ സമയം പോകുന്നതറിയില്ല. 9 എയിലെ തല തെറിച്ച രണ്ടു മൂന്ന് മുതിർന്ന ആൺകുട്ടികളെ സൂക്ഷിക്കണം. എന്തെങ്കിലും ഒരു തുമ്പു കിട്ടിയാൽ അവൻമാർ അതു മുതലാക്കും തീർച്ച. രജനി ടീച്ചറും ഇന്നാൾ ഒരു ദിവസം സംഭാഷണമദ്ധ്യേ പറഞ്ഞു ചെറിയമ്മ ഒരു കല്യാണം കഴിക്കാൻ നിർബന്ധിക്കുന്നു എന്ന് . തന്റെ ഇംഗിതം അറിയാനായിരുന്നു ആ ചോദ്യം എന്ന് വ്യക്തം. താനൊന്നും വിട്ടു പറഞ്ഞില്ല. രജനിടീച്ചറും താനും തമ്മിൽ സ്റ്റാഫ്റൂമിൽ അടുത്തിരുന്നു സംസാരിക്കു മ്പോൾ ശാന്തടീച്ചറുടെ അർത്ഥം വെച്ചുള്ള നോട്ടവും, ദിവാകരൻ സാറിന്റെ കമന്റുകളും കണ്ടില്ലെന്ന് നടിച്ചു. ഉടൻ പീരിഡറിയിക്കുന്ന ബെല്ലടിച്ചു. രാജൻമാഷ് ധൃതിയിൽ തന്റെ ക്ലാസ്സിലേക്ക് നടന്നു. രജനിടീച്ചറുടെ ക്ലാസ്സായ 9 ബിയിലേക്ക് ഒന്ന് പാളിനോക്കി. ടീച്ചർ എത്തിയിട്ടില്ല. എന്തു പറ്റി ആവോ? ടീച്ചർ വൈകാറില്ലല്ലോ? അയാൾ മനസ്സിൽ ഓർത്തു. തിരിഞ്ഞു നോക്കിയതും കരഞ്ഞു കലങ്ങിയ കണ്ണുകളുമായി ടീച്ചർ മുന്നിൽ! എന്തു പറ്റി താൻ ചോദിച്ചു. ചിരിച്ച മുഖത്തോടെയല്ലാതെ ടീച്ചറെ ഇതിവരെ കണ്ടിട്ടേയില്ലല്ലോ, അപ്പോൾ ഗൗരവമുള്ള എന്തെങ്കിലും ആവും എന്നയാൾ

ഓർത്തു. രജനിടീച്ചർ സാരി തലപ്പുകൊണ്ട് കണ്ണു തുടച്ചു. ജീവിതത്തിന്റെ എണ്ണമറ്റ പങ്കപ്പാടുകൾക്ക് നടുവിലും ടീച്ചർ കരഞ്ഞു താൻ കണ്ടിട്ടില്ല. വിപദിധൈര്യം ടീച്ചറുടെ മുതൽകൂട്ടായിരുന്നു എന്നും. അങ്ങിനെയുള്ള ടീച്ചർക്ക് ഇന്നെന്തുപറ്റി? ഏതായാലും കണ്ണു തുടച്ച് ക്ലാസ്സിൽ കയറാൻ പറഞ്ഞിട്ട് ഉച്ചയ്ക്ക് വിശദമായി സംസാരിക്കാമെന്ന് പറഞ്ഞ് താൻ തന്റെ ക്ലാസ്സിൽ കയറി. ക്ലാസ്സിൽ കയറിയ പാടെ ഉച്ചത്തിലുള്ള ചിരിയും അടക്കം പറച്ചിലും കേട്ട് അയാൾ ഞെട്ടി. ബ്ലാക്ക്ബോർഡിൽ ഒരു ആൺപെൺ ദൃശ്യം വരച്ച് തങ്ങളുടെ പേർ എഴുതുയിരിക്കുന്നു. ഒരു നിമിഷം പകച്ചു പോയി. അടുത്ത നിമിഷം ആത്മനിയന്ത്രണം വീണ്ടെടുത്ത് ശക്തിയായി മേശമേൽ ആഞ്ഞടിച്ചു. ക്ലാസ്സാകെ കനത്ത നിശബ്ദതയിൽ അമർന്നു. ആരാണ് ഇതു ചെയ്തിട്ടുണ്ടാവുമെന്ന് നല്ലവണ്ണം അറിയാമെന്നതിനാൽ ബാക്ക് ബെഞ്ചിലെ വിപിനോടും ബാബുവിനോടും ക്ലാസ്സിനു വെളിയിൽ കടക്കാൻ ആജ്ഞാപിച്ച അല്ല അലറുകയായിരുന്നു. മറ്റു കുട്ടികൾ ഒരു പക്ഷേ മാഷുടെ ഈ അസാധാരണ പ്രകൃതം കണ്ട് അമ്പരുന്നു. ഏതായാലും ഇനി ക്ലാസ്സെടുക്കാൻ യാതൊരു മൂഡുമില്ല, ചില ചോദ്യങ്ങൾക്ക് ഉത്തരം തേടാൻ പറഞ്ഞുകൊണ്ട് കസേരയിലിരുന്നു അലസമായി നേരം കളഞ്ഞു. ഇനി ഇതിനൊരു തീരുമാനം ഉണ്ടാകേണ്ടിയിരിക്കുന്നു. അയാൾ ഓർത്തു. അല്ലെങ്കിൽ സ്കൂളാകെ പാട്ടാകും. അന്തസ്സിന് നിരക്കാത്തതായി ഒന്നും തന്നെ ചെയ്തതായി ഓർക്കുന്നില്ല. സമാനചിന്താഗതികൾ ഉള്ളവരും സമാനജീവിത സാഹചര്യങ്ങളിൽ പെട്ടവരും തമ്മിൽ അടുത്തു എന്നുള്ളത് ഒരു തെറ്റായി തനിക്ക് തോന്നുന്നില്ല.

ഉച്ചയ്ക്കുശേഷം ലീവെടുത്തു. രജനിടീച്ചറെക്കൊണ്ടും ലീവെടുപ്പിച്ചു. ടീച്ചർക്കും പറയാനുണ്ടായിരുന്നത് കഴിഞ്ഞ ക്ലാസ്സിലെ മുതിർന്ന കുട്ടികളുടെ അർത്ഥം വെച്ച സംസാരത്തെക്കുറിച്ചായിരുന്നു. അഭിമാനിയായ ടീച്ചർ അതിൽ തളർന്നു പോയി. ഇനി ഇതിങ്ങനെ അനിശ്ചിതമായി നീട്ടികൊണ്ടു പോകാൻ സാധിക്കില്ല എന്ന് മനസ്സിലാക്കി. അവർ ഒരു പുതു ജിവിതത്തിന് തുടക്കം കുറിക്കാനുള്ള ഉറച്ച തീരുമാനത്തിലായിരുന്നു. അപ്പോൾ അടിച്ച കാറ്റ് രജനിടീച്ചറുടെ അഴകാർന്ന മുടിയെ തഴുകി കടന്നു പോയി. അങ്ങ് പടിഞ്ഞാറ് അന്തിചൊപ്പ് മാനത്ത് പടർന്നിരുന്നു. അവരിരുവരും ഒരു പുതുവസന്തം തേടുകയായിരുന്നു. ചുറ്റുമുള്ള നിഴലുകൾ അകന്നു മാറി.

# വാക്ക്



വാക്ക് ശനിയായി
ശനി വിനയായി
വിന വിദ്വേഷമായി
വിദ്വേഷം വൈരാഗ്യമായി
വൈരാഗ്യം വാശിയായി
വാശി നാശമായി.
വാക്കിൽ നിന്നും വശ്യം
വശ്യത്തിൽ നിന്നും വിശ്വാസം
വിശ്വാസത്തിൽ നിന്നും വിനയം
വിനയത്തിൽ നിന്നും സ്നേഹം, ഭക്തി
സ്നേഹത്തിൽ നിന്നും വിശ്വാസം
വിശ്വാസത്തിൽ നിന്നും വിവേകം
വിവേകത്തിൽ നിന്നും വിജ്ഞാനം
വിജ്ഞാനത്തിൽ നിന്നും വരുമാനം
വരുമാനത്തിൽ നിന്നും വരുതി
വാക്കിനു സൃഷ്ടി സംഹാരശക്തിയുണ്ട്
അതിനാൽ വാക്കുകൾ വളരെ സൂക്ഷിച്ചു
മാത്രം ഉപയോഗിക്കുക.

# വദതു സംസ്കൃതം



## അതിഥി

ആർ കിരൺകുമാർ

| | |
|---|---|
| നമസ്തേ! വരൂ | ഃ നമസ്തേ ! ആഗച്ഛതു! |
| ഇരിക്കൂ | ഃ ഉപവിശതു |
| മാധവൻ ഉണ്ടോ | ഃ മാധവഃ അസ്തി കിം? |
| ഉണ്ടല്ലോ | ഃ ആം അസ്തി |
| അദ്ദേഹം കുളിക്കുകയാണ് | ഃ സഃ സ്നാനം കുർവൻ അസ്തി |
| ഇപ്പോൾ പോയതേ ഉള്ളൂ | ഃ ഇദാനീം ഏവ ഗതവാൻ |
| എപ്പോൾ വരും | ഃ കദാ ആഗമിഷ്യതി? |
| ഒരു മണിക്കൂർ കഴിഞ്ഞ് വരും | ഃ ഏക ഘണ്ടാനന്തരം ആഗമിഷ്യതി |
| എന്തെങ്കിലും കാര്യം ഉണ്ടായിരുന്നോ? | ഃ കിമപി കാര്യം ആസീത് കിം? |
| കുടിക്കാൻ എന്താ വേണ്ടത് | ഃ പാനീയം കിം സ്വീകരോതി? |
| ചായയോ കാപ്പിയോ | ഃ ചായ അഥവാ കാഫി |
| ഞാൻ കാപ്പി കുടിക്കില്ല | ഃ അഹം കാഫിം നപിബാമി |
| ചായയിൽ മധുരം വേണ്ട | ഃ ചായേ മധുരം മാസ്തു |
| ഇന്ന് ഇവിടെ താമസിക്കൂ | ഃ അദ്യ അത്ര വസ്തു |
| കുറച്ച് വിശ്രമിച്ചോളൂ | ഃ കിഞ്ചിത് വിശ്രാമം സ്വീകരോതു |
| ഈ കാറ് പുതിയതാണോ ? | ഃ ഏതത് കാർയാനം നൂതനം വാ? |
| അതെ കഴിഞ്ഞ മാസം വാങ്ങിയതാ | ഃ ആം ഗതമാസേ ക്രീതവന്തഃ |
| കളർ നന്നായിട്ടുണ്ട് | ഃ വർണ്ണഃ സമീചീനഃ ഏവ. |
| മകൻ എവിടെ | ഃ പുത്രഃ കുത്ര. |
| അവൻ വിദേശത്താണ് | ഃ സഃ വിദേശേ ഏവ |
| രാത്രി ഭക്ഷണം ഞങ്ങളുടെ കൂടെ കഴിക്കില്ലേ ? | ഃ രാത്രി ഭോജനം അസ്മാഭിഃ സഹ കരോതി ഖലു? |
| എന്താ മകളെ കൊണ്ടുവരാത്തത്? | ഃ കിമർത്ഥം പുത്രീം ന ആനീതവന്തഃ |
| ഞാൻ വെജിറ്റേറിയനാണ് | ഃ അഹം സസ്യാഹാരി അസ്മി. |
| ഞങ്ങൾ മാംസാഹാരം കഴിക്കാറില്ല | ഃ വയം മാംസാഹാരംനഖാദാമഃ |
| പായസം നന്നായിട്ടുണ്ട് | ഃ പായസം സമീചീനം അഭവത് |
| ഇന്നുതന്നെ പോകണോ | ഃ അദ്യ ഏവ ഗന്തവ്യം വാ? |
| ഊണു കഴിച്ചിട്ടു പോകൂ | ഃ ഭോജനാന്തരം ഗച്ഛതു. |
| രണ്ടു ദിവസം നിൽക്കൂ | ഃ ദിനദ്വയം തിഷ്ഠതു. |
| വീണ്ടും വരൂ | ഃ പുനഃ ആഗചതു |
| തീർച്ചയായും | ഃ അവശ്യം |

## ഗാന്ധിസൂക്തം

നമ്മുടെ അസ്ഥിത്വത്തിൽ വിശ്വാസമുണ്ടെങ്കിൽ, നമ്മുടെ മാതാപിതാക്കളുടെ അസ്ഥിത്വത്തിൽ വിശ്വാസമുണ്ടെങ്കിൽ, സർവ്വസൃഷ്ടിയുടേയും രക്ഷകർത്താവിൽ അവിശ്വസിക്കേണ്ട കാര്യമില്ല. അങ്ങനെയൊരാളില്ലെങ്കിൽ, നാമെവിടെയുമില്ല.. ഈശ്വരൻ ഏകമാണ്, അതേസമയം അനേകവും ഏതൊരു അണുവിനേക്കാളും ചെറുത്, അതേസമയം ഹിമാലയത്തിലും വലുത്, കടലിലെ ഒരു തുള്ളി വെള്ളത്തിലടങ്ങിയവൻ, അതേസമയം ഏഴുകടലിനും ഒതുക്കാനാവാത്തവൻ! അങ്ങനെയുള്ള ഈശ്വരനെ യുക്തികൊണ്ടളക്കാനാവുമോ! യുക്തിയുടെ കയ്യെത്തുന്നതിനും അപ്പുറത്താണ് ഈശ്വരന്റെ നില. ഇല്ല, ഞാൻ തർക്കത്തിനില്ല. തർക്കവും യുക്തിവിചാരവും കൊണ്ട് സിദ്ധാന്തങ്ങളെ ഉണ്ടാക്കാനും തകർക്കാനും സാധിക്കും. ഈശ്വരനിഷേധി ചിലപ്പോൾ വാദത്തിലെന്നെ തോല്പിച്ചേക്കാം. പക്ഷേ എന്റെ അചഞ്ചലമായ വിശ്വാസം യുക്തിവിചാരത്തിലും ദ്രുതവും തീവ്രവുമായതിനാൽ ലോകത്തെ വെല്ലുവിളിച്ചു കൊണ്ട് എനിക്കിതു പറയാനാകും ഈശ്വരൻ ഉണ്ട്, ഉണ്ടായിരുന്നു, ഇനി എന്നെന്നും നിലനില്ക്കുന്നുമുണ്ടാവും.

യംഗ് ഇന്ത്യ, 21 1 1926, പുറം 30





# കാർബൺ

യു. എസ് രവീന്ദ്രൻ

അന്ന് ജൂലി മാഡത്തിന്റെ അറുപതാം പിറന്നാളായിരുന്നു. ബിസിനസ്സുകാരൻ ഭർത്താവ് സാമിന്റെ കമ്പിനിയിലെ കൂട്ടുകാർ ഒരു ബർത്ഡേ പർട്ടി ഒരുക്കിയിരുന്നു നഗരത്തിലെ പ്രമുഖ ഹോട്ടലിൽ. കേക്ക് മുറിച്ച ശേഷം സാം തന്റെ പ്രിയതമയ്ക്ക് ഒരു വജ്രമോതിരം സമ്മാനിച്ചു. ജൂലിക്ക് വളരെ സന്തോഷമായി താൻ സാമിനെ വളരെയധികം തെറ്റിദ്ധരിച്ചിരുന്നു. ബിസ്സിനസ്സിന് വേണ്ടി മാത്രം സമയം കണ്ടെത്തുന്ന സാമിന് ഒരു നല്ല ഹൃദയവും ഉണ്ടെന്ന് ജൂലിയ്ക്ക് മനസ്സിലായി. പാർട്ടിയെല്ലാം കഴിഞ്ഞ് ഇരുവരും മാത്രമായപ്പോൾ സാമിനോട് ജൂലി പറഞ്ഞു. “നിങ്ങളുടെ ഹൃദയത്തിന് മൃദുവായ ഒരു വശം കൂടി ഉണ്ടെന്ന് ഇപ്പോഴാണ് മനസ്സിലായത്. ഞാൻ എത്ര കഠിനഹൃദയമുള്ളവളാണ്. ഞാൻ എന്തെല്ലാം പറഞ്ഞ് നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ട്. നിങ്ങളുടെ ബന്ധുക്കളെ ഞാൻ അപമാനിച്ചിട്ടുണ്ട്. നിങ്ങളുടെ സുഹൃത്തുക്കളെ ഞാൻ ബഹുമാനിച്ചിരുന്നില്ല. എന്നിട്ടും വില പിടിപ്പുള്ള വജ്രമോതിരം എന്റെ ഈ അറുപതാം പിറന്നാളിൽ സമ്മാനിക്കത്തക്ക വിശാല ഹൃദയനാണ് പ്രിയതമൻ എന്ന് വിവാഹം കഴിഞ്ഞ് മുപ്പത്തിഅഞ്ചു കൊല്ലമായെങ്കിലും എനിക്ക് ഇപ്പോഴാണ് മനസ്സിലായത്”. അതിന് സാം എന്താണ് മറുപടി പറഞ്ഞിട്ടുണ്ടാകുക? അറിയണമെങ്കിൽ തുടർന്നു വായിക്കുക.

കാർബൺ എന്ന് ഇംഗ്ലീഷിൽ പറയുന്നത് മലയാളത്തിലാക്കിയാൽ കരി എന്നർത്ഥം. വജ്രം (വൈരം) ഗ്രാഫൈറ്റ് എന്നിവ കാർബന്റെ വ്യത്യസ്ത രൂപങ്ങളാണ്. ക്രിസ്റ്റൽ ഘടനയിലെ വ്യത്യാസം കൊണ്ടാണ് അവ വ്യത്യസ്ത സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നത്. പരിശുദ്ധമായ വജ്രം സ്ഫടികം പോലെ സുതാര്യമാണ്. എന്നാൽ അതിൽ നേരിയ അപദ്രവ്യങ്ങൾ (Impurition) ഉള്ളപ്പോൾ ആണ് അതിന് നിറമുള്ളത് - കറുപ്പ്, തവിട്ട്, പച്ച, നീല, മഞ്ഞ, ചുവപ്പ് നിറങ്ങളിൽ വജ്രം കണ്ടുവരുന്നത് ഇങ്ങനെയാണ്. ഖനികളിൽ നിന്നും കിട്ടുന്ന വജ്രത്തിനു ശോഭ ഉണ്ടായിരിക്കയില്ല. ചില പ്രത്യേക രീതിയിൽ മുറിച്ച് ഉപരിതലത്തിൽ ചെറിയ ചെറിയ സമതലങ്ങൾ രൂപപ്പെടുത്തുമ്പോഴാണ് അത് ശോഭയുള്ള രത്നമായി തീരുന്നത്. വജ്രത്തിന്റെ സാന്ദ്രത 3.56 ആണ്. അപവർത്തനാങ്കം (Repractine Index) 2.4 ആണ്. സ്പടികത്തിന്റേത് 1.5 മാത്രം. ക്വഥനാങ്കം (Boiling Point) 4827 ഡിഗ്രി സെൽഷ്യസ്. ക്രാന്തിക കോൺ 26 ഡിഗ്രി (സ്ഫടികത്തിന്റേത് 42 ഡിഗ്രി.) അതിനാൽ പരിപൂർണ്ണ ആന്തരിക പ്രതിഫലനത്തിലൂടെ (Total internal reflection) തീവ്രതയാർജ്ജിച്ച പ്രകാശമാണ് വജ്രത്തിൽ നിന്നും നമ്മുടെ കണ്ണിൽ വീഴുന്നതും വജ്രം ശോഭിക്കുന്നതായി നമുക്ക് തോന്നുന്നതും. കറുത്ത വജ്രത്തിന് രത്നം എന്ന നിലയിൽ വിലയില്ല. അതു കട്ടിങ്ങ്, ഡ്രില്ലിങ്ങ് ഉപകരണങ്ങളിൽ ഉപയോഗിക്കുന്നു.

കാർബണിന്റെ വേറൊരു രൂപമാണ് ഗ്രാഫൈറ്റ്. ഗ്രാഫീൻ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ഗ്രാഫൈറ്റ് എന്ന പേര് വന്നത്. ഉരസുമ്പോൾ കറുത്ത വര (ഗ്രാഫ്) വീഴുന്നു എന്നതാണ് ഗ്രാഫിന്റെ അർത്ഥം. സാധാരണ പെൻസിലുകളുടെ മുനയായി ഗ്രാഫൈറ്റ് ഉപയോഗിക്കുന്നത് ഈ സ്വഭാവം മൂലമാണ്. കാർബണിന്റെ ഏറ്റവും സ്ഥിരതയുള്ള രൂപമാണ് ഗ്രാഫൈറ്റ്. തൊട്ടാൽ മൃദുത്വവും, തണുപ്പും, തെന്നി മാറുന്ന പ്രത്യേകതയും

ഇതിനുണ്ട്. അതുകൊണ്ട് യന്ത്രഭാഗങ്ങളിൽ നല്ല സ്നേഹകം (Lubricant) ആയി ഗ്രാഫൈറ്റ് ഉപയോഗിക്കപ്പെടുന്നു.

ഒരു പുരാവസ്തുവിലെ റേഡിയോ ആക്ടീവ് കാർബണിന്റെ (C14) അളവ് കണ്ടു പിടിച്ച് സമകാലീന വസ്തുവിലെ കാർബണുമായി താരതമ്യം ചെയ്ത് ആ പുരാവസ്തുവിന് എത്ര പഴക്കമുണ്ടെന്ന് കണ്ടു പിടിക്കാം(Carbon dating).പുരാവസ്തു ശാസ്ത്രം, ഭൂഗർഭശാസ്ത്രം, നരവംശശാസ്ത്രം എന്നീ മണ്ഡലങ്ങളിൽ കാർബൺ കാലനിർണയരീതി ഉപയോഗിക്കപ്പെടുന്നു. അന്തരീക്ഷത്തിൽ ഓക്സിജനും, കാർബൺ ഡയോക്സൈഡുമുണ്ട്. ഹരിത സസ്യങ്ങൾ അന്തരീക്ഷത്തിലെ കാർബൺ ഡൈയോക്സൈഡിന്റെ പ്രകാശ സംശ്ലേഷണം (Photosynthesis) വഴി ഉപയോഗിച്ച് കാർബോ ഹൈഡ്രേറ്റുകൾ ഉണ്ടാക്കി അതു വഴി മറ്റനേകം സസ്യപദാർത്ഥങ്ങളാക്കി മാറ്റുന്നു. ഈ പ്രക്രിയയിൽ അന്തരീക്ഷത്തിലേക്ക് ഓക്സിജൻ നൽകുകയും ചെയ്യുന്നു. ഈ സസ്യ പദാർത്ഥങ്ങൾ ഉപയോഗിച്ച് ജന്തുക്കൾ ജീവിക്കുന്നു. ജന്തുക്കളുടെ ഉച്ഛ്വാസ വായുവും സസ്യങ്ങളുടെ പ്രകാശസംശ്ലേഷണവും ചേർന്ന് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡ് - ഓക്സിജൻ അളവുകളെ നിയന്ത്രിച്ചു നിർത്തുന്നു.

അനേകം വർഷങ്ങൾക്ക് മുൻപ് പ്രകാശ സംശ്ലേഷണം വഴിയുണ്ടായ പദാർത്ഥങ്ങളാണ് കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം, ഷേൽഗ്യാസ് എന്നീ രൂപത്തിൽ ഫോസിൽ ഇന്ധനങ്ങളായി ഭൂമിയിൽ ശേഖരിക്കപ്പെട്ടിരിക്കുന്നത്. അവയെ ഖനനം ചെയ്ത് ഊർജ്ജാവശ്യങ്ങൾക്കായി കത്തിക്കുമ്പോഴും അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് കൂടുന്നു. ഓക്സിജൻ കുറയുന്നു. വൻതോതിലുള്ള വനനശീകരണം, വായു - ജല മലിനീകരണം മുതലായ പ്രവൃത്തികളിലൂടെ ആധുനിക മനുഷ്യൻ പ്രകൃതിയുടെ കാബൺ ഡയോക്സയിഡ് ഓക്സിജൻ - സന്തുലനം തകരാറിലാക്കുന്നു. അപ്പോൾ മനുഷ്യന്റെ നിലനിൽപ്പു തന്നെ പ്രശ്നമാകും. ഭൂവൽക്കത്തിൽ കാർബൺ തനതുരൂപത്തിൽ .02 ശതമാനത്തിനു താഴെ മാത്രമേയുള്ളൂ. എന്നാൽ സംയുക്തങ്ങളുടെ വൈവിധ്യം, എണ്ണം എന്നിവ കൊണ്ട് കാർബൺ ഒന്നാം സ്ഥാനത്താണ്. മഹാവിഷ്ണുവിന് 10 അവതാരങ്ങൾ ഉള്ളതായി പുരാണങ്ങളിൽ പറയുന്നു. എന്നാൽ കാർബണിന് എണ്ണമറ്റ അവതാരങ്ങൾ ഉണ്ട്. മാർബിൾ, മുത്തുകൾ, പവിഴങ്ങൾ, മാഗ്നസൈറ്റ് സിഡറൈറ്റ്, ഡോളോമൈറ്റ്, കാർബൺ മോണോക്സൈഡ്, കാർബൺഡയോക്സൈഡ്, കാർബൺ ടെട്രാക്ലോറൈഡ്, മിതേൻ, ഡൈ ക്ലോറൈഡ്, ഫ്ളൂറോ മിതേൻ(ഫ്രിയോൺ), കാർബൺഡൈ സൾഫൈഡ്, എല്ലാ പെട്രോളിയം ഉൽപ്പന്നങ്ങളും, കാർബോണിക്ക് ആസിഡ് (സോഡ), കാർബമിക് ആസിഡ്, കാർബസോൾ (പെർഫ്യൂം), കാർബണയോൺ എന്നിവ കാർബൺ മറ്റു മൂലകങ്ങളോട് ചേർന്നിട്ടുള്ള വിവിധ അവതാരങ്ങൾ ആണ്. ചിരട്ടക്കരിയെന്നും, ഉമിക്കരിയെന്നും പല രൂപത്തിൽ കാർബൺ ഉണ്ടെങ്കിലും അതൊന്നും ശുദ്ധമല്ല. അവയിൽ ഭിന്നമായ അളവിൽ പല മൂലകങ്ങളും ചേർന്നിട്ടുണ്ട്. ഒറ്റക്കൊരു മൂലകമെടുത്താൽ ഏറ്റവും കൂടുതൽ ഗവേഷണം ചെയ്യപ്പെട്ടിട്ടുള്ളത് കാർബണിലാണ്. നൂറ്റാണ്ടുകളായി ഇന്ത്യയിലെ മഹാരാജാക്കൻമാരും, ലോകമെമ്പാടുമുള്ള രാജാക്കൻമാരും അണിഞ്ഞുകൊണ്ടിരിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കളിൽ ഏറ്റവും വിലപിടിപ്പുള്ളതാണ് വജ്രം(രത്നം) എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കാർബൺ. വളരെ പ്രസിദ്ധമായതോ അധികം അറിയപ്പെടാത്തതോ ആയ പല രത്നങ്ങളും ഇപ്പോഴും എവിടെയൊക്കെയോ മറഞ്ഞു കിടക്കുന്നു. ചില വജ്രാഭരണങ്ങൾ ധരിച്ചാൽ അപകടം ക്ഷണിച്ച് വരുത്തുമെന്നും, ചിലതിനു രോഗ ശമനശക്തിയുണ്ടെന്നുമൊക്കെ വിശ്വസിക്കപ്പെടുന്നു. മൂന്നരക്കോടി വർഷങ്ങൾക്ക് മുമ്പ് ഭൂമിയുടെ പ്രതലത്തിൽ നിന്നും150 കിലോ മീറ്റർ താഴെയാണ് ഏറ്റവുംപഴയ രത്നകല്ലുകൾ ഉണ്ടായിട്ടുള്ളതെന്ന് പറയപ്പെടുന്നു. 1893 ൽ ഒരു ഖനി തൊഴിലാളിക്കാണ് അതുവരെ കണ്ടുകിട്ടിയിട്ടുള്ള ഏറ്റവും വലിയ വജ്രക്കല്ല് കിട്ടിയത്. അത് ഒരു 995.2 കാരറ്റ് വജ്രമായിരുന്നു. (199.4 ഗ്രാം) ആ വജ്രക്കല്ലിനെപാകപ്പെടുത്തി 54 മുഖമുള്ള

രത്നമാക്കി മാറ്റാൻ മൂന്നു കൊല്ലമെടുത്തു. 1979 ൽ രത്നത്തിന്റെ വില കാരറ്റിന് 60000 ഡോളർ വരെ ഉയർന്നിരുന്നു. 1980 ആയപ്പോഴേക്കും അത് 6000 ഡോളർ എന്ന വിലയിലേക്ക് താണു.

ആസ്ട്രേലിയയിലെ അഗ്രിലെ രത്ന ഖനി വർഷത്തിൽ 30 ദശലക്ഷം കാരറ്റ് വജ്രക്കല്ലുകൾ (600കിലോഗ്രാം) കുഴിച്ചെടുക്കുന്നു. ലോകചരിത്രമെടുത്താൽ വിവിധ രാജ്യങ്ങളിലെ പല ആഭ്യന്തര കലഹങ്ങളും വജ്രത്തെ ചൊല്ലിയുള്ളതായിരുന്നു. വജ്രം കുഴിച്ചെടുക്കുക, വിൽക്കുക, ആയുധങ്ങൾ വാങ്ങുക, കൂടുതൽ വജ്രത്തിനുവേണ്ടി പരസ്പരം യുദ്ധം ചെയ്യുക എന്നതായിരുന്നു രീതി. ഇന്ത്യയും, ഇന്തോനെഷ്യയിലെ ബോർണിയോവും വജ്രഖനികൾക്ക് പ്രസിദ്ധമായിരുന്നു. ഇന്ത്യയിൽ വളരെ നേരത്തെ തന്നെ ആഭരണങ്ങൾക്കുവേണ്ടി വില കൂടിയ വജ്രങ്ങൾ മഹാരാജാക്കൻമാർ ഉപയോഗിച്ചിരുന്നു എങ്കിലും യൂറോപ്പിൽ പതിമൂന്നാം നൂറ്റാണ്ടോടുകൂടിയാണ് രത്നങ്ങൾക്ക് പ്രിയം കൂടി വന്നത്. വജ്രക്കല്ലിനെ പല മുഖങ്ങളോടു കൂടി ഭംഗിയായി മുറിച്ച് ശരിപ്പെടുത്തുന്നതിൽ ഇറ്റലിയിലെ വെനീസ് ആയിരുന്നു പേരു കേട്ടിരുന്നത്. വജ്രക്കല്ലിന് കൃത്യമായ വിവിധ മുഖങ്ങൾ വരുമ്പോൾ മാത്രമേ അതിന്റെ ശരിയായ ഭംഗി വരുന്നുള്ളൂ. "വെളിച്ചത്തിന്റെ പർവ്വതം" എന്നറിയപ്പെടുന്ന കോഹിന്നൂർ രത്നം മുഗൾ ചക്രവർത്തിമാരിൽ നിന്നും പേർഷ്യൻ ചക്രവർത്തി നാദിർഷാ തട്ടിയെടുത്തു. അദ്ദേഹത്തിന്റെ മരണശേഷം അഹമ്മദ്ഷാ അബ്ദാലിക്കും, ഷാഷൂജിക്കും, അദ്ദേഹത്തിന്റെ കയ്യിൽ നിന്നും പഞ്ചാബിലെ മഹാരാജാവ് രഞ്ജിത് സിംങ്ങിനും കിട്ടി.

1849 ൽ ഇത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ കൈവശം വന്നു ചേർന്നു. അത് പിന്നീട് ബ്രിട്ടീഷ് മഹാരാജ്ഞി വിക്ടോറിയയുടെ കിരീടം അലങ്കരിച്ചു. ആദ്യകാലത്ത് ഇതിന് 191 കാരറ്റ് ഉണ്ടായിരുന്നു. 1852 ൽ മുറിച്ച ശേഷം 108 കാരറ്റായി കുറഞ്ഞു. 1526 ലെ പാനിപ്പത്ത് യുദ്ധത്തിനുശേഷം ഗ്വാളിയർ രാജാവ് ഹുമയൂണിനു സമ്മാനിച്ചതാണ് കോഹിന്നൂർ രത്നം എന്നും അഭിപ്രായമുണ്ട്. കോളാർ ഖനികളിൽ നിന്നും കിട്ടിയ ഈ രത്നം 1656 ൽ മിർജ്ജുംല ഷാജഹാന് സമ്മാനിച്ചതാണെന്നും ഒരു പക്ഷമുണ്ട്. ലോകത്ത് ഇതുവരെ കിട്ടിയിട്ടുള്ള വജ്രകല്ലുകളിൽ ഏറ്റവും വലുത് 1905 ൽ സൗത്ത് ആഫ്രിക്കയിലെ ഒരു ഖനിയിൽ നിന്നുമാണ് കുഴിച്ചെടുത്തത്. അത് 3106 കാരറ്റിന്റേതാണ്. (621.2 ഗ്രാം) ഖനിയുടെ ഉടമയുടെ പേരായ കുള്ളിമാൻ എന്ന പേരു തന്നെ രത്നത്തിനു നൽകി. 1955 ൽ ജനറൽ എലക്ട്രിക് കമ്പനി കൃത്രിമമായും വജ്രം ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചു. ആകെ ആറു വിവാഹങ്ങൾ കഴിച്ച എലിസബത്ത് ടെയ്ലർ എന്ന പ്രസിദ്ധ നടിയെ രണ്ടു പ്രാവശ്യം വിവാഹം കഴിച്ച റിച്ചാർഡ് ബർട്ടൺ 1969 ൽ ഒരു ദശലക്ഷം ഡോളർ വിലയുള്ള ഒരു രത്നം തന്റെ പ്രിയതമക്ക് സമ്മാനമായി നൽകി. വർഷങ്ങൾക്ക് ശേഷം എലിസബത്ത് ടെയ്ലർ അത് അഞ്ച് ദശലക്ഷം ഡോളറിന് വിറ്റ് ആഫ്രിക്കയിലെ ബോട്ട്സ്വാനയിൽ ഒരു ആശുപത്രി പണിതു. പലപ്പോഴായി റിച്ചാർഡ് ബർട്ടൺ മൂന്നോ നാലോ രത്നങ്ങൾ എതിസബത്ത് ടെയ്ലർക്ക് സമ്മാനിച്ചിട്ടുണ്ട്. അതിൽ 33.19 കാരറ്റിന്റെ ഒരെണ്ണം 2012 ൽ പ്രസിദ്ധലേലക്കാരായ കൃസ്റ്റി ലേലം ചെയ്തിരുന്നു.

വജ്രത്തിന്റെ ഗുണനിലവാരം കണക്കാക്കുന്നത് നാല് 'C' യുടെ അടിസ്ഥാനത്തിലാണ്. 1) Carat, 2) Colour, 3) Clarity, 4) Cut. നല്ല വില കിട്ടണമെങ്കിൽ കൂടുതൽ കാരറ്റ് ഉള്ളതാകണം (തൂക്കം). ആന്തരിക മാലിന്യങ്ങൾ ഒന്നും ഇല്ലാതെ നല്ല സുതാര്യത ഉണ്ടായിരിക്കണം. ബഹുമുഖങ്ങളായി കൃത്യമായി കട്ട് ചെയ്തതാകണം. ഈ എല്ലാ ഗുണങ്ങളോടും ചേർന്ന വജ്രത്തിൽ നേരിയ പ്രകാശം തട്ടിയാൽ പോലും കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം പുറത്ത് വരും.

വജ്രങ്ങൾ തീർച്ചയായും ആഭരണങ്ങൾക്ക് പകിട്ടേകുന്നു. ഇന്നേവരെ അറിയപ്പെട്ടിട്ടുള്ള വസ്തുക്കളിൽ ഏറ്റവും കാഠിന്യമുള്ള വസ്തുവാണ് വജ്രം. ഒരു വജ്രം കൊണ്ടു മാത്രമേ വേറൊരു വജ്രത്തിൽ പോറൽ ഏൽപ്പിക്കുവാൻ സാധിക്കയുള്ളൂ. കാഠിന്യം എന്ന ഗുണ വിശേഷം വജ്രം എളുപ്പം പൊട്ടിച്ച് ചെറിയ കഷ്ണങ്ങളാക്കാൻ സഹായിക്കുന്നു. (ഗ്ലാസുപോലെ). ഇന്ന് കുഴിച്ചെടുക്കുന്ന വജ്രകല്ലുകളുടെ 80%വും വ്യവസായിക

ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. സൂക്ഷ്മ സ്വഭാവമുള്ള ഡ്രില്ലിംങ് ഉപകരണങ്ങൾ, പോളീഷ് ചെയ്യാനുള്ള മിശ്രിതങ്ങൾ() തുടങ്ങിയവയ്ക്ക്. 20% മാത്രമേ ആഭരണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുള്ളൂ. പണ്ട് നമ്മൾ ഉപയോഗിച്ചിരുന്ന റെക്കോർഡ് പ്ലെയറിന്റെ സൂചി(stylus) വജ്രത്തിനാൽ നിർമ്മിക്കപ്പെട്ടതാണ്.

സാധാരണ ഒരു കാർബൺ മോളിക്യൂളിൽ 4 കാർബൺ ആറ്റങ്ങളാണ് ഉള്ളത്.ഒരു മോളിക്യൂളിൽ 30 ആറ്റങ്ങൾ വരെയുള്ള കാർബൺ അന്തരീക്ഷത്തിൽ ഉണ്ടത്രേ. എന്നാൽ ഹീലിയം വാതകത്തിൽ ഗ്രാഫൈറ്റ് ,ദണ്ഡുകൾ ബാഷ്പീകരിക്കപ്പെട്ടാൽ 60 ആറ്റങ്ങൾ അടങ്ങിയ കാർബൺ മോളിക്യൂ C60 ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഫുട്ബോൾ പോലെ ഉരുണ്ടിരിക്കുന്ന ഒരു C60 മോളിക്യൂളിന് 1 നാനോ മീറ്റർ വ്യാസം ഉണ്ടാകാം.(നാനോ മീ = ഒരു മില്ലി മീറ്ററിന്റെ പത്തു ലക്ഷത്തിൽ ഒരംശം) ശുദ്ധമായ കാർബൺ വൈദ്യുത ചാലകമല്ലെങ്കിലും C60 കാർബൺ കൊണ്ട് ചാലകവസ്തുക്കൾ ഉണ്ടാക്കാം,കാന്തിക വസ്തുക്കൾ ഉണ്ടാക്കാം, പോളിമറുകൾ ഉണ്ടാക്കാം. ഇതിനെ പൊടിയാക്കാം, ലായനിയാക്കാം, ദ്വിമാന, ത്രിമാണ നാനോ കാർബൺ പദാർത്ഥങ്ങൾ കൊണ്ടുള്ള വ്യവസായിക വിപ്ലവങ്ങൾക്ക് ഈ നൂറ്റാണ്ട് സാക്ഷ്യം വഹിക്കുവാൻ പോകുകയാണ്.


1959 ൽ റിച്ചാർഡ് ഫെയിൻ മാൻ എന്ന ശാസ്ത്രജ്ഞനാണ് നാനോ ടെക്നോളജിയുടെ അനന്ത സാദ്ധ്യതളെപ്പറ്റി പ്രസംഗിച്ചതും അതുമായി ബന്ധപ്പെട്ട വിഷയത്തിൽ നോബൽ സമ്മാനം നേടിയതും അതിനു മുമ്പ് തന്നെ എന്റെ മുത്തശ്ശി കാർബൺ നാനോ ടെക്നോളജിയിൽ റിസർച്ച് നടത്തിയിട്ടുണ്ടെന്നു എനിക്കിപ്പോൾ തോന്നുന്നു. ഒരു പക്ഷേ നാനോ കാർബൺ കണ്ടുപിടിച്ചത് മുത്തശ്ശിയായിരിക്കും. എന്തൊക്കെയോ പച്ചമരുന്നുകൾ ഇടിച്ച് പിഴിഞ്ഞ് നീരെടുത്ത് അതിൽ ഒരു തുണി കഷണം നനച്ച്മുക്കി ഉണക്കാനിടും. ഈ തുണി കഷ്ണം ഉണങ്ങുമ്പോൾ ഒരു തിരിപോലെ തെറുക്കും. ഒരു ഓട്ടുകിണ്ണത്തിൽ ആവണക്കെണ്ണ ഒഴിച്ച് അതിൽ ഈ തിരിയിട്ട് അതിന്റെ അറ്റം അല്പം പൊക്കിവെച്ച് തിരി കത്തിക്കും. ഈ തിരിയിൽ നിന്നും പ്രത്യേക വാസനയുള്ള നല്ല കറുത്ത പുക ഉയരുന്നതു കാണാം. ഈ കിണ്ണത്തിനു മുകളിൽ അല്പം വായു കടക്കത്തക്കവിധത്തിൽ വേറൊരു കിണ്ണം കമഴ്ത്തി വയ്ക്കും. തിരിയിൽ നിന്നും ഉയരുന്ന പുക കമഴ്ത്തിയ കിണ്ണത്തിന്റെ ഉള്ളിൽ തട്ടി കൊണ്ടിരിക്കും. മൂന്നോ നാലോ ദിവസം കൊണ്ട് തിരിയും ആവണക്കെണ്ണയും കത്തിതീരും. കമഴ്ത്തിയ കിണ്ണത്തിന്റെ ഉൾഭാഗത്ത് നല്ല കറുത്ത കുഴമ്പുരൂപത്തിൽ കരി ഒട്ടിപ്പിടിച്ചിരിക്കും. വിരൽ കൊണ്ട് ഈ കരിയെല്ലാം വടിച്ചെടുത്ത് ഒരു ചെറിയ അളക്കിൽ സൂക്ഷിച്ചുവയ്ക്കും. ഇതാണ് വീട്ടിൽ എല്ലാവരും കൺമഷിയായി ഉപയോഗിക്കാറുള്ളത്. കണ്ണിലെ കൃഷ്ണമണികൾക്ക് ഔഷധവീര്യമുള്ള നാനോ കാർബൺ കോട്ടിങ്ങ് ഉള്ളതുകൊണ്ടാവണം മുത്തശ്ശിയുടെ കണ്ണുകൾക്ക് നല്ല തിളക്കമുണ്ടായിരുന്നു. കുട്ടിക്കാലത്തെ ഈ ഓർമ്മകൾ അയവിറക്കുമ്പോൾ മുത്തശ്ശിയെ ഓർത്ത് കണ്ണു നിറയാറുണ്ട്. മുത്തശ്ശിക്ക് നാനോ കാർബണിനുള്ള നോബൽ സമ്മാനം കിട്ടിയില്ലല്ലോ.

ഇനി സാം ജൂലിയോട് പറഞ്ഞ മറുപടിയിലേക്ക് വരാം. "ജൂലി കഠനഹൃദയമുള്ളവളാണെന്ന് സ്വയം തിരിച്ചറിയാൻ ഈ വജ്രഖമോതിരം സഹായകമായല്ലോ. മാഡത്തിന്റെ ഉരുക്കുപോലുള്ള ഹൃദയത്തെ മയപ്പെടുത്തുവാൻ വജ്രം പോലെ കഠിനമായ വസ്തുവിനല്ലാതെ ലോകത്ത് ഒന്നിനും സാധിക്കുകയില്ല. എന്റെ സമ്മാനം സന്തോഷപൂർവ്വം സ്വീകരിച്ചതിന് നന്ദി".

അതുകൊണ്ട് വജ്രാഭരണങ്ങൾ ഭർത്താവിൽ നിന്നും സമ്മാനം കിട്ടുമ്പോൾ അവർ പറയാതെ പറയുന്നതെന്താണെന്ന് ഭാര്യമാർ ഓർക്കുക. മാത്രവുമല്ല വജ്രം വെറും കാർബണാണ്. അതായത് കരി.


## ദൈനംദിന യോഗാ ക്ലാസ്സുകൾ

എറണാകുളം കരയോഗത്തിൽ രണ്ടു മാസത്തെ തീവ്രപരിശീലനയോഗാ ക്ലാസ്സുകളുടെ പുതിയ ബാച്ച് 2015 നവംബർ ഒന്നിന് ആരംഭിച്ചിരിക്കുന്നു.



**സമയം രാവിലെ 6.30 മുതൽ 7.30 വരെ**

താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക
ഫോൺ : 0484 2361160 ext.56



# സ്വന്തം ഉപയോഗത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും ചരക്കുകൾ വാങ്ങി കേരളത്തിലേക്കു കൊണ്ടു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (റൂൾ 58 (18) KVAT Act)

കെ.എസ്. രാജേന്ദ്രബാബു

കേരള വാല്യു അഡഡ് ് ടാക്സ് നിയമമനുസരിച്ച് ഒരാൾ കേരളത്തിനു പുറത്തു നിന്നും സാധനങ്ങൾ വാങ്ങി സ്വന്തമുപയോഗത്തിനായി കൊണ്ടുവരുമ്പോൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വാഹനവും ചരക്കും ബില്ലും വാണിജ്യ നികുതി ഇൻസ്പെക്ടറുടെ പരിശോധനക്ക് വിധേയമാക്കേണ്ട താണ്. കേരളത്തിൽ ഉപയോഗിക്കുന്ന ഒട്ടുമിക്ക സാധനങ്ങ ളുടേയും ഉൽപാദനം മറ്റു സംസ്ഥാനങ്ങളിലാകയാൽ സ്വാഭാവികമായി ഒരു മലയാളി വീടുവയ്ക്കുമ്പോൾ ഇലക്ട്രിക് ഉപകരണങ്ങൾ, തടി, കമ്പി, ഇലക്ട്രോണിക് ഉപകരണങ്ങൾ, മാർബിൾ, ടൈൽസ്, ഗ്രാനൈറ്റ്, സിമന്റ്, എന്നിവ വിലക്കുറവിൽ കിട്ടുന്നതിനായി അന്യനാടുകളിൽ നിന്ന് വാങ്ങാറുണ്ട്.

കേരളത്തിലെ വാണിജ്യനികുതിയും വ്യാപാരിയുടെ ലാഭവും ഉൾപടെ ഒരു നല്ല തുക ലാഭിക്കുന്നതിനാണ് ആളുകൾ അന്യ സംസ്ഥാനത്തുനിന്നും നേരിട്ടു സാധനങ്ങൾ വരുത്തുന്നത്.

ചുരുക്കം ചില വ്യാപാരികൾ തങ്ങളുടെ കടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നവരുടെ അഭിരുചിക്കനുസരിച്ച് കൊടുക്കാൻ സാധിച്ചില്ലെങ്കിൽ സാമ്പിൾ കാണിച്ച് വാങ്ങാൻ ഉദ്ദേശിക്കുന്നവരുടെ പർച്ചേസ് ഓർഡർ സമ്പാദിക്കുന്നു. കെട്ടിടം പണിക്കാണെങ്കിൽ ടൈൽസ്, മാർബിൾ, ഗ്രാനൈറ്റ് എന്നിവയുടെ അളവും കെട്ടിടത്തിന്റെ പ്ലാനും, ഉടമയുടെ അഡ്രസ്സും വാങ്ങുന്നു. അന്യ സംസ്ഥാനത്തു നിന്നും മേൽപ്പറഞ്ഞ സാധനങ്ങൾ നേരിട്ട് ഉടമയുടെ അഡ്രസ്സിൽ സ്വന്തം ഉപയോഗത്തിന് അന്യ സംസ്ഥാനബില്ലിൽ എത്തിക്കുന്നു. വാങ്ങുന്നയാൾ പണം കൊടുക്കുന്നത് കേരളത്തിലെ വ്യാപാരിക്ക്. വാങ്ങുന്നയാൾക്കു ബില്ലു കിട്ടുന്നത് അന്യസംസ്ഥാന വ്യാപാരിയുടേത്.

